കേരള
ക്ഷേത്രമാഹാത്മ്യം

(ഭാഷാവ്യാഖ്യാനത്തോടു കൂടി)

T P L
STOCK VERIFIED
1[illegible]5

യതീശ്വരനായ
വില്വമംഗലത്തു സ്വാമിയാരുടെ

കേരളാചാരദീപിക.

പ്രസാധകൻ

പി. യം. നാരായണൻ നായർ.

ശ്ശിവപേരൂർ, ജ്ഞാനസാഗരം പുസ്തകശാലയിൽ നിന്നു
പ്രസിദ്ധപ്പെടുത്തിയതു്.

ഫാരം

ഏം. നാരായണൻ നായർക്കുള്ളതാകുന്നു.

വിഷയവിവരം

ഒന്നാമദ്ധ്യായം

ഭാഗം മുതൽ
1. തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രം 1

രണ്ടാമദ്ധ്യായം

2. ചൊവ്വരത്ത് (ചോരത്ത്) 10
3. പെരുമനത്ത് (ഇരട്ടയപ്പൻ) 11
(ഊരകത്തമ്മ, തിരുവല്ലക്കാവിലപ്പൻ)
4. ഇരിങ്ങാലക്കുടക്ഷേത്രം 16

മൂന്നാമദ്ധ്യായം

5. തിരുനാവായക്ഷേത്രം 19
6. നെല്ലുവായക്ഷേത്രം 24
7. ആലുവായക്ഷേത്രം 25

നാലാമദ്ധ്യായം

8. തിരുനെല്ലി 27
9. തൃപ്പങ്ങോട്ട് 28
10. ശ്രീപത്മനാഭസ്വാമിക്ഷേത്രം (തിരുവനന്തപുരം) . 31
11. മൂകാംബിക്ഷേത്രം 33

അഞ്ചാമദ്ധ്യായം

2. കർക്കടപുരക്ഷേത്രം 37
3. കാരുപുരം 38
4. ലക്ഷ്മീപുരം 40

ആറാമദ്ധ്യായം

5. തൃച്ചംബരം 43
6. കാഞ്ഞിരക്കോട് 47
7. വൈദ്യനാഥേശ്വരം 49

ഏഴാമദ്ധ്യായം

18. ഗുരുവായൂർക്ഷേത്രം 51
19. ശ്രീമാനശൈലക്ഷേത്രം 55
20. ചെറുകുന്ന് 57

എട്ടാമദ്ധ്യായം

21. കൊട്ടിയൂർ 58
22. തിരുവില്വാമല 62
23. പഴയന്നൂർ 63
24. ചിത്രകൂടക്ഷേത്രം 65
25. താന്നിക്കുടം 66

ഒമ്പതാമദ്ധ്യായം

26. ശ്രീകളാപുരം 67
27. കുശമംഗലം 68
28. മഹാപ്രസ്ഥപുരം ... . ,,
29. കാംസ്യപത്രപുരം ... ... ,,
30. വാമനപുരം 69
31. ദുർഗ്ഗാനാമപുരം ... ... ,,
32. കൃഷ്ണനദീക്ഷേത്രം ... . ,,
33. തുടിവാപീപുരം 70
34. ആഢിദേശപുരാധീശക്ഷേത്രം ... . ,,
35. ശ്രീഗോകുലപുരം 72
36. ശിരോപുരം 73
37. ചൂരക്കാട്ട് .... ,,
38. വെളിയൂർ .... ,,
39. പന്തളാധീശപുരക്ഷേത്രം 74
40. അന്നാനട .... ,,
41. തൃക്കളൂർ (തൃക്കൂർ) 74
42. കുമാരസേതു 75
43. നസാളി .... ,,

പത്താമദ്ധ്യായം

44. തിരുവഞ്ചിക്കുളം 76
45. ചിദംബരപുരം ... ... ,,
46. തീപ്രാനദീശക്ഷേത്രം 79
47. കൊടുങ്ങല്ലൂർ 81

പതിനൊന്നാമദ്ധ്യായം

48. ഹരിപ്പാട്ട് ക്ഷേത്രം 82
49. തൃക്കാക്കര 83
50. ശിലാപുരം 85
51. കാരുപുരം 86

പന്ത്രണ്ടാമദ്ധ്യായം

52. ശ്രീശൈലവാഹിനീക്ഷേത്രം 87
53. ചെങ്ങല്ലൂർ 90
54. നെയ്യാററിൻകര 91
55. ഭദ്രകാളീക്ഷേത്രം .... ,,
56. കൃശമംഗലം 92
57. ഗിരിരാജ്യം .... ,,
58. ശബരിമല .... ,,
59. കടവൂർ 93
60. പാങ്ങ്നദീശക്ഷേത്രം .... ,,
61. വൃത്തോദകം 95
62. ശ്രീഗോകുലം ... . ,,
63. പാംഗ്രാവഗിരി 96
64. കൃതശൈലപുരം ... . ,,
65. ശ്രീനാക്കരപുരം 97
66. വെള്ളിയൂർ .... ,,
67. പൂമുള്ളിമനയ്ക്കലേക്ഷേത്രം 98

പതിമൂന്നാമദ്ധ്യായം

68. ചമ്രവട്ടം ക്ഷേത്രം 98
69. കന്യാകുമാരിക്ഷേത്രം 99
70. ശുചീന്ദ്രം .... ,,
71. അനന്തപുരം 101
72. ഗോകൎണ്ണം ... ... ,,
73. ക്ഷേത്രമൎയ്യാദാവിവരണം 103

പരിശിഷ്ടം I.

74. ഈങ്ങയൂർക്ഷേത്രം .... 107.
75. കണ്ണനൂർക്ഷേത്രം 108
76. തൃത്താലക്ഷേത്രം ... ... ,,

പരിശിഷ്ടം II.

77. കേരളത്തിലെ പുണ്യനദികൾ 108

പരിശിഷ്ടം III.

78. പരദേശത്തിലെ പുണ്യനദികൾ 109

പരിശിഷ്ടം IV.

79. ഭസ്മമാഹാത്മ്യം 115

അവതാരിക.

ആകെ ൨൯൦ പുറങ്ങളുള്ള ഒരു കൈയെഴുത്തു പുസ്തകത്തിൽ ൩൬ അദ്ധ്യായങ്ങളെക്കൊണ്ട് അവസാനിപ്പിച്ചിട്ടുള്ള "കേളാചാരദീപിക"യിലെ പതിമൂന്നദ്ധ്യായങ്ങളാകുന്നു, "ക്ഷേത്രാഹാത്മ്യ"മെന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥം. ഇതിന്റെ പ്രസാധകസ്ഥാനം കൈയേറ്റിട്ടുള്ള ശ്രീമാൻ പി. എം. നാരായണൻ നായരവർകളുടെ പരിശ്രമഫലമായി സമ്പാദിക്കപ്പെട്ടിട്ടുള്ള ഈ പുസ്തകത്തിലെ മറദ്ധ്യായങ്ങളും ഇങ്ങനെ വിഷയവിഭാഗം ചെയ്തു ലളിതമായ ടിപ്പണികളോടുകൂടി പ്രസിദ്ധപ്പെടുത്തുവാൻ തീർച്ചപ്പെടുത്തിയിണ്ടെന്നറിയുന്നതു സന്തോഷംതന്നെ.

"കേരളാചാരദീപിക" എന്ന നാമംകൊണ്ടറിയപ്പെട്ടന്ന ഈ കൈയെഴുത്തു പുസ്തകത്തിൽ കേരളത്തിലെ ആചാരടപടികളെക്കുറിച്ചു പലതും പറഞ്ഞിട്ടുള്ള കൂട്ടത്തിൽ, കേരളോൽപത്തി, ക്ഷേത്രമാഹാത്മ്യം, ജാതിധർമ്മം, ശങ്കരചരിതം, പരശുരാമചരിതം, പെരുമാൾവാഴ്ച തുടങ്ങിയ മററനേകസംഗതികളെക്കുറിച്ചും വിവരിച്ചിട്ടുള്ളതായി കാണാം. നിർഭാഗ്യവശാൽ ളിയോലഗ്രന്ഥം പഴക്കം കൊണ്ടു ദ്രവിച്ചും മററുവിധ ച്ചും കേടുവന്നുപോയിരിക്കയാൽ പകർത്തിയെടുക്കുമ്പോൾ തെററുകളും പററീട്ടുണ്ട്. എന്നു മാത്രമല്ല ക്ഷേത്രമാഹാത്മ്യത്തെക്കുറിച്ചു ൨൪ മുതൽ ൩൬ വരെയുള്ള പതിനാറദ്ധ്യായങ്ങൽ ൨൪, ൨൯, ൩൦ എന്നീ മൂന്നദ്ധ്യായങ്ങളും പകർത്തിയെടുൻ സാധിക്കാതെ പോയിട്ടുണ്ടെന്നുമാണു കാണുന്നതു.

ഈ പുസ്തകത്തിന്റെ ഒടുവിൽ രണ്ടും മൂന്നും പരിശിഷ്ടങ്ങയി ചേർത്തിട്ടുള്ള "തീർത്ഥമാഹാത്മ്യം" ദീപികയിലെ മുപ്പത്തമദ്ധ്യായവും, ൪-ാം പരിശിഷ്ടമായി ചേർത്തിട്ടുള്ള "ഭസ്മമാഹാത്മ്യം" മുപ്പത്തെട്ടാമദ്ധ്യായവുമാകുന്നു. "ക്ഷേത്രമാഹാത്മ്യ" ത്തോ കാര്യവശാൽ ഏറെക്കുറെ അടുപ്പമുള്ളതുകൊണ്ടാണ് ഈ ര

ണദ്ധ്യായങ്ങളും ഇങ്ങനെ പരിശിഷ്ടങ്ങളായി ചേർത്തച്ചടിക്കുവാനുണ്ടായ കാരണം.

കേരളത്തിൽ ഇപ്പോഴും നിലനിന്നുവരുന്ന അയ്മ്പതിൽ പരം പ്രധാനക്ഷേത്രങ്ങളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വർണ്ണിച്ചിട്ടുണ്ട്. വർണ്ണനകളെല്ലാം ഏകദേശം ഒരേ രീതിയെ അടിസ്ഥാനപ്പെടുത്തിയിട്ടാകുന്നു. ക്ഷേത്രത്തിന്റെ സ്ഥാനം, അതിന്റെ ആഗമം, ക്ഷേത്രവർണ്ണന, അടിയന്തരങ്ങൾ, നിവേദ്യസാധനങ്ങൾ എന്നിവയെക്കുറിച്ചു ക്രമപ്രകാരം എല്ലാ പ്രധാനക്ഷേത്രങ്ങളെക്കുറിച്ചും പറയുന്നകൂട്ടത്തിൽ വിവരിച്ചിട്ടുണ്ട്. തൃശ്ശിവപേരൂർ, ശുകപുരം, പെരുവനം, ഇരിഞ്ഞാലക്കുട എന്നീ നാലു ഗ്രാമങ്ങളിലെ ഗ്രാമക്ഷേത്രങ്ങളെ കുറിച്ചാണ് ആദ്യത്തെ രണ്ടദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. മൂന്നാമദ്ധ്യായത്തിൽ കേരളത്തിലെ പുരാതനനദീമുഖങ്ങളായ തിരുനാവായ, നെല്ലുവായ, ആലുവായ എന്നീസ്ഥലങ്ങളിലെ ക്ഷേത്രങ്ങളെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നു. പിന്നേയുള്ള അദ്ധ്യായങ്ങളിൽ തിരുനെല്ലി, തൃപ്രങ്ങോട്ടു, തിരുവനന്തപുരം (പത്മനാഭസ്വാമി), മൂകാംബി, തിരുമാന്ധാംകുന്ന്, ലക്ഷ്മീപുരം, തൃച്ചംബരം, ഗുരുവായൂർ, ചെറുകുന്ന്, സേതുശൈലം, തിരുവില്വാമല, പഴയന്നൂർ, ചിത്രകൂടം, അന്നമനട, തൃക്കൂർ, തിരുവഞ്ചിക്കുളം, തൃപ്രയാർ, കൊടുങ്ങല്ലൂർ, ഹരിപ്പാട്, തൃക്കാക്കര, ശബരിമല, കടവല്ലൂർ, ചമ്രവട്ടം, ശുചീന്ദ്രം, ഗോകർണ്ണം എന്നീപ്രധാനക്ഷേത്രങ്ങളേയും, ഇത്രതന്നെ പ്രധാനങ്ങളല്ലാത്ത മററനവധിക്ഷേത്രങ്ങളേയും കുറിച്ചു പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ൧൦൮൭-ൽ ഭാരതവിലാസം അച്ചുക്കൂടത്തിൽ അച്ചടിച്ചിട്ടുള്ള "കേരളമാഹാത്മ്യം" എന്ന ഗ്രന്ഥത്തിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള ചില ക്ഷേത്രങ്ങൾ "കേരളാചാരദീപിക"യിൽ അതേവിധം പ്രതിപാദിക്കപ്പെട്ടു കാണുന്നുണ്ടെങ്കിലും, മാഹാത്മ്യത്തിലില്ലാത്തതായ നിരവധി വേറേ ക്ഷേത്രങ്ങൾ ദീപികയിലുള്ളതായിട്ടുണ്ടെന്ന് ഇവിടെ പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

വീരകേരളൻ എന്നു പേരായ കോലത്തിരിരാജാവിന്ന്

അദ്ദേഹത്തിന്റെ ആവശ്യപ്രകാരം യതീശ്വരനായ വില്വമംഗലത്തുസ്വാമിയാർ പറഞ്ഞുകൊടുത്തിട്ടുള്ള കഥയാകുന്നു "കേരളാചാരദീപിക"യെന്നു മുഖവുരയായി പറഞ്ഞുകൊണ്ടാണ ഗ്രന്ഥകർത്താവു കഥയാരംഭിക്കുന്നത്:

"വീരകേരളനാമാ തു കോലഭൂപാലശേഖരഃ
ഏകദാ ഗൃഹമായാന്തം ദേശേ വില്വമങ്ഗലം.
യതീശ്വരം സമഭ്യർച്ച്യ സുഖാസീനം വരാസനേ,
പപ്രച്ഛ കേരളാചാരദീപികാം ഭാർഗ്ഗവീം കഥാം."

രാജാ

"ഭഗവൻ! ശ്രോതുമിച്ഛാമി ഭൃഗുരാമസ്യ വൈഭവം,
കിമർത്ഥമവതീർണ്ണോഭൂൽ ഭാർഗ്ഗവസ്യ കുലേ ഹരിഃ"

എന്നുതുടങ്ങി പിന്നത്തെ അഞ്ചുശ്ലോകംകൊണ്ടു രാജാവു പ്രശ്നം ചെയ്യുന്നതു കേട്ടിട്ട്, യോഗീശ്വരൻ മറുപടി പറയുന്നു,

"അഹോ! ഭാഗ്യമയം പ്രശ്നോ ജനാനാം മൂഢചേതസാം,
ഉദ്ബോധയത്യേവ നൂനം സദാചാരാനനാകുലം
സ്വപാപുദേശൈരസ്യൈർദ്ധരണീം ഭാരപീഡിതാം,
ദൃഷ്ട്വാവതീർണ്ണോ ഭഗവാൻ ജഹ്രേ ഭൂഭാരമോജസാ"

ഇതുകേട്ടു ഉൽകണ്ഠിതനായി രാജാവു പിന്നെയും ചോദ്യംചെയ്യുന്നു,

"സവിസ്തരമിമാം ഗാഥാം വദ വിദ്വച്ഛിഖാമണേ!
ക്രീഡാർത്ഥമവതീർണ്ണസ്യ വിഷ്ണോരത്ഭുതകർമ്മണഃ"

എന്നുതുടങ്ങി പിന്നത്തെ ഇരുപത്തിനാലു ശ്ലോകംകൊണ്ടു രാജാവു പല പ്രശ്നങ്ങളും ചെയ്യുന്നതുകേട്ടു, സന്തുഷ്ടനായ യോഗിവര്യൻ,

"പ്രശ്നസ്തവ മഹാരാജൻ! അയം ലോകോത്തരശ്ശുഭഃ
ശൃണുഷ്വാവഹിതോ ധീമൻ! ഭൃഗുരാമസ്യ വൈഭവം.
കേരളംവാനരാചാരം യുക്തിയോഗവിവർജ്ജിതം,
തഥാപി ബഹുമാന്യം ഹി ഭൃഗുരാമസ്യ വൈഭവാൽ.
ദേവാലയാനാം മാഹാത്മ്യം ജാതീനാം നിർണ്ണയം തഥാ,
കേരളാചാരഭേദാംശ്ച യഥാതത്ത്വം വദാമ്യഹം".

എന്നു മുഖവുര ചെയ്തുകൊണ്ടാണു കഥ ആരംഭിക്കുന്നതു്.

ഈ മുഖവുരയിൽ കാണുന്ന കോലത്തിരിരാജാവു ആരെന്നോ ഏതുകാലത്തു ജീവിച്ചിരുന്നുവെന്നോ ദീപികയിൽ നിന്നു മനസ്സിലാക്കുവാൻ കഴിയുന്നില്ലെങ്കിലും, ഇദ്ദേഹം യതീശ്വരനായ വില്വമംഗലത്തു സ്വാമിയാരുടെ സമകാലീനനായിരുന്നുവെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. വിഷ്ണുഭക്തനും, "കൃഷ്ണനാട്ട" കർത്താവും ആയ കോഴിക്കോട്ടു മാനവേദൻ രാജാവിന്നു "ശ്രീകൃഷ്ണസ്വാമിയെ പ്രത്യക്ഷമാക്കീട്ടുള്ള" വില്വമംഗലത്തു സ്വാമിയാരുടെ കാലം കൊല്ലവർഷം ൯.ാം ശതകത്തിന്റെ അവസാനത്തിലാകുന്നു. "കോലത്തുനാട്ടിൽ ചിറക്കൽ സമീപമുള്ള പള്ളിക്കുന്നത്തു ഭഗവതിക്ഷേത്രത്തിന്നടുത്തുള്ള സ്വഗൃഹത്തിൽ ജനിച്ചു്, ചിറക്കൽ തമ്പുരാക്കന്മാരുടെ സേവകനായിരുന്നു" അവരുടേ ആജ്ഞപ്രകാരം അതിവിശിഷ്ടമായ "ശ്രീകൃഷ്ണവിജയം" കാവ്യമെഴുതിയ ശങ്കരകവി, അദ്ദേഹത്തിന്റെ കാവ്യാരംഭത്തിൽ,

"ചകാസ്തി രാജാ ചതുരന്തവീര-
ചൂഡാതടീചുംബിതചാരുപാദഃ
കാലാഗ്നികുലങ്കഷബാഹുതേജാഃ
കോലാധിപഃ കേരളവർമ്മനാമാ"

എന്നു്, അന്നത്തെ കോലാധിപനായി വാഴ്ത്തിയിട്ടുള്ള കേരളവർമ്മാവുതന്നെയായിരിക്കാം, ഒരുപക്ഷേ ദീപികയിലെ ആമുഖത്തിൽ വില്വമംഗലത്തു സ്വാമിയാരോടു ചോദ്യം ചെയ്യുന്ന കോലഭൂപനായ വീരകേരളൻ. ഈ ശങ്കരകവിയെക്കുറിച്ചാണല്ലോ കോകിലസന്ദേശകർത്താവായ ഉദ്ദണ്ഡശാസ്ത്രികളും,

"കോലാഃനലാവനസുരഭിലാൻ യാഹി യത്ര പ്രഥന്തേ
വേലാതീതപ്രഥിതവചസഃ ശങ്കരാദ്യാഃ കവീന്ദ്രാഃ"

എന്നു സന്ദേശത്തിലെ അറുപതാം ശ്ലോകത്തിലെ ഉത്തരാർദ്ധം കൊണ്ടു സൂചിപ്പിച്ചിരിക്കുന്നതു്. എന്നാൽ ഉദ്ദണ്ഡശാസ്ത്രികളുടെ കാലത്തെക്കുറിച്ചു ഇനിയും വല്ലാരു തർക്കമുള്ള സ്ഥിതിക്കു, ശങ്കരകവിയാൽ വാഴ്ത്തപ്പെട്ട കേരളവർമ്മാവല്ല ദീപികയിലെ

വീരകേരളനെന്നു സാധിക്കുന്നതായാൽക്കൂടി, കൊല്ലവൎഷം 8-ാം ശതകാവസാനത്തിൽ ജീവിച്ചിരുന്ന വില്വമംഗലം സ്വാമിയാരുടെ സമകാലീനനായി ഒരു കേരളവൎമ്മാവു കോലത്തിരി രാജസ്വരൂപത്തിലുണ്ടായിരുന്നുവെന്നും, അദ്ദേഹത്തെക്കൊണ്ടാണ്. ഗ്രന്ഥകാരൻ യതീശ്വരനോടു ദീപികാരംഭത്തിൽ ചോദ്യം ചെയ്യിച്ചിരിക്കുന്നതെന്നും ഖണ്ഡിതമായി പറയാവുന്നതാണ്.

എന്നാൽ, "കേരളാചാരദീപിക"യുടെ കൎത്താവാരാണെന്നുള്ള ഒരു ചോദ്യത്തിന്ന് ഇവിടെ അവകാശമുണ്ട്. ദീപികയിലെ ഒന്നാമദ്ധ്യായത്തിന്റെയും അറുപത്തെട്ടാമദ്ധ്യായത്തിന്റെയും അവസാനത്തിൽ,

"ഇതി വില്വമംഗലയോഗീശ്വരവിരചിതായാം
കേരളാചാരദീപികായാം."

എന്നെഴുതിക്കാണുന്നുണ്ടെങ്കിലും, ഇവിടെ അച്ചടിച്ചിട്ടുള്ള "ക്ഷേത്രമാഹാത്മ്യത്തിലെ ഒരദ്ധ്യായത്തിന്റെയും അവസാനത്തിൽ "വില്വമംഗലവിരചിതായാം" എന്ന സപ്തമ്യന്തം പ്രസാധകൻ ഉപയോഗിച്ചിട്ടുള്ളതായിക്കാണുന്നില്ല. ഈ വസ്തുത പുസ്തത്തിൽ എവിടെയെങ്കിലും ഒരിടത്തു ചേൎത്താൽ മതിയല്ലൊ എന്ന നിലയിൽ വിട്ടതായിരിക്കണം. എന്നാൽ ഭക്തശിരോമണിയും പണ്ഡിതകുലകൂടസ്ഥനുമായ സാക്ഷാൽ വില്വമംഗലത്തു സ്വാമിയാരെ "ദീപിക"യുടെ കൎത്താവായി കല്പിക്കുന്നതു അല്പം ആലോചിച്ചിട്ടു വേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

[illegible]ൽ മഹാകവി വള്ളത്തോളിന്റെ അവതാരികയോടുകൂടി, ചിറക്കൽ കോവിലകത്തുനിന്നും "രാമവൎമ്മഗ്രന്ഥാവലി"യിലെ ൧ാം നമ്പ്രായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "കൌസ്തുഭം" എന്ന സ്തോത്രഗ്രന്ഥത്തിന്റെ അവസാനമായി ചേൎത്തിട്ടുള്ള അനുബന്ധത്തിൽ, വില്വമംഗലത്തു സ്വാമിയാരെക്കുറിച്ചു പറയുന്ന സന്ദൎഭത്തിൽ, "ഇദ്ദേഹം കോലത്തിരി രാജാവിന്റെ അപേക്ഷപ്രകാരം ചിറക്കൽ താമസിച്ചിരുന്ന

കാലത്തു "കേരളാചാരസംഗ്രഹം" എന്നൊരു ഗ്രന്ഥമെഴുതീട്ടുണ്ടെ"ന്നു പറഞ്ഞുകാണുന്നു. "ദീപിക"യെ ഉദ്ദേശിച്ചുതന്നെയാണ് ഇപ്പറഞ്ഞിരിക്കുന്നതെന്നതിൽ സംശയമില്ല. ഇതു വാസ്തവമാണെങ്കിൽ, പ്രസ്തുതഗ്രന്ഥം എഴുതിക്കഴിഞ്ഞിട്ടു് ഇപ്പോൾ ൩൦൦-ൽപരം സംവത്സരങ്ങളായിരിക്കണമെന്നു തീർച്ചയാണ്. എന്നാൽ വില്വമംഗലത്തുസ്വാമിയാരുടെ കാലത്തിന്നും വളരെ വർഷങ്ങൾക്കിപ്പുറമാണ് ഇതെഴുതിത്തീർത്തിട്ടുള്ളതെന്നു സ്ഥാപിക്കുവാൻ ഈ ഗ്രന്ഥത്തിൽതന്നെ പല ലക്ഷ്യങ്ങളുമുണ്ടു്. അവയിൽ ഒന്നു് ഇവിടെ എടുത്തുദ്ധരിക്കാം.

ദീപികയിലെ ൬-ാമദ്ധ്യായത്തിൽ കേരളരാജാക്കന്മാരേയും, അവരുടെ വംശത്തേയുംകുറിച്ചു പ്രസ്താവിക്കുന്ന സന്ദർഭത്തിൽ, വഞ്ചിരാജാക്കന്മാരുടെ ക്രമപ്രകാരമുള്ള ഒരു വംശാവലി കൊടുത്തുകാണുന്നുണ്ടു്. ഇതു് ഏററവും ചരിത്രപ്രധാനമായിട്ടുള്ള ഒരു സംഗതിയാകുന്നു. തിരുവിതാംകൂർ രാജ്യചരിത്രങ്ങളിൽ കൊടുത്തിട്ടുള്ള രേഖകൾക്കു ദീപികയിലെ ഈ ഭാഗത്തോടു വളരെ അടുപ്പമുള്ളതായി കാണുന്നുണ്ടു്. ൧൯൦൬-ൽ മിസ്റ്റർ വി. നാഗമയ്യ എഴുതിയ തിരുവിതാംകൂർ സ്റ്റേററുമാനുവലിലെ ഒന്നാംവാള്യം, ൩൩൩-ാം പുറത്തു കൊടുത്തിട്ടുള്ളതായ ആദിത്യവർമ്മ മഹാരാജാവിന്റെ കാലം മുതല്ക്കുള്ള വംശാവലി ദീപികയിലുള്ളതിനോടു ഏറെക്കുറെ യോജിച്ചിരിക്കുന്നു. ഈ സംഗതി താഴെ ചേർത്തിരിക്കുന്ന പട്ടികകൊണ്ടു കുറേക്കൂടി വിശദപ്പെടുത്താം.

പേരു	സ്റ്റേററുമാനുവലിലെ കാലം	ദീപികയിൽ രാജ്യഭാര ചെയ്തതായി പറഞ്ഞിരിക്കുന്ന കാലം.
൧. ആദിത്യവർമ്മൻ	൧൬൬൧—൧൬൭൭	പതിനാറുവർഷം
2. ഉമയമ്മറാണി	൧൬൭൭—൧൬൮൪	ഏഴു വർഷം
3. രവിവർമ്മൻ	൧൬൮൪—൧൭൧൮	മുപ്പത്തിനാലു വർഷം
4. ബാല(ഉണ്ണി) കേരളവർമ്മൻ	൧൭൧൮—൧൭൨൪	ആറു വർഷം
5. രാമവർമ്മൻ	൧൭൨൪—൧൭൨൯	അഞ്ചുവർഷം

6. വഞ്ചിമാർത്താണ്ഡവർമ്മൻ	൧൭൨൯—൧൭൫൮	ഇരുപത്തൊമ്പതു വർഷം
7. രാമവർമ്മൻ	൧൭൫൮—൧൭൯൮	നാല്പതു വർഷം
8. ബാലരാമവർമ്മൻ	൧൭൯൮—൧൮൧൦	പന്ത്രണ്ടു വർഷം
9. ഗൌരീലക്ഷ്മീറാണി	൧൮൧൦—൧൮൧൪	പന്ത്രണ്ടു വർഷം

ബാലരാമവർമ്മരാജാവിനെക്കുറിച്ചു പറഞ്ഞുകഴിഞ്ഞിട്ടു ദീപികാഗ്രന്ഥകാരൻ ഇങ്ങിനെയാണു തുടരുന്നതു്,

“ഗൌരീലക്ഷ്മീറാണിരാജ്ഞീ സ്വസാ തസ്യ മഹീക്ഷിതഃ
പാലയാമാസ വസുധാം ധർമ്മജ്ഞാ ധർമ്മനന്ദിനീ”

ഇവിടെ കാലം പറഞ്ഞിട്ടില്ല.

“ഏവം വഞ്ചിമഹീപാലാഃ പാലയിഷ്യന്തി മേദിനീം
നീതിമാർഗ്ഗൈകകുശലാസ്സർവ്വേ ധർമ്മപരായണാഃ.”

ഇതിൽനിന്നു തെളിയുന്നതു ദീപികാഗ്രന്ഥകാരൻ, ചുരുങ്ങിയതു ലക്ഷ്മീറാണിയുടെ കാലംവരെ വഞ്ചിരാജ്യം വാണിരുന്ന രാജാക്കന്മാരെക്കുറിച്ചറിഞ്ഞിരുന്നുവെന്നാണല്ലോ? ലക്ഷ്മീബായിയുടെ രാജ്യഭരണത്തെ സംബന്ധിച്ചേടത്തോളം മാത്രം കാലനിർണ്ണയം ചെയ്യിട്ടില്ലാത്ത സ്ഥിതിക്കു്, ഒരുപക്ഷേ ദീപികയുടെ കാലം ൧൮൧൦ നും ൧൮൧൪ നും മദ്ധ്യയാണെന്നുകൂടി സംശയിക്കുവാൻ ന്യായമുണ്ടു്. ഒരു വിധത്തിലും ൧൮൧൦ (കൊല്ലവർഷം ൯൮൫) നപ്പുറമുണ്ടെന്നു വിചാരിക്കുവാൻ നിർവ്വാഹമില്ല.

ഈ സ്ഥിതിക്കു കൊല്ലവർഷം ൮൦൦ ാമാണ്ടിനുമുമ്പു ജീവിച്ചിരുന്ന യതിശ്രേഷ്ഠനായ വില്വമംഗലത്തു സ്വാമിയാരാണു ദീപികാകർത്താവെന്നു സ്ഥാപിക്കുവാൻ സാദ്ധ്യമല്ലല്ലോ.

വിശേഷിച്ചു കേരളത്തിൽ അന്നു നടപ്പുണ്ടായിരുന്ന മറ്റുപല ഗ്രന്ഥങ്ങളിൽനിന്നും പല ശ്ലോകങ്ങളും ആശയങ്ങളും അങ്ങിനെതന്നെ ഗ്രന്ഥകർത്താവു ദീപികയിൽ എടുത്തുദ്ധരിച്ചിട്ടുണ്ടു്. ഉദാഹരണത്തിനു “കേരളമാഹാത്മ്യ”ത്തിലെ ൧൮, ൧൯, ൬൧, ൬൬, ൬൪, ൬൫, ൭൦, ൪൧ എന്നീ അദ്ധ്യായങ്ങളും, ഇവിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള “ക്ഷേത്രമാഹാത്മ്യ”ത്തിലെ അദ്ധ്യായങ്ങളോടു് ഒന്നു തട്ടിച്ചുനോക്കുക. കേരളാചാരദീപികയിലെ ൬൪, ൬൧ എന്നീ അദ്ധ്യായങ്ങളിൽ

കേരളമാഹാത്മ്യത്തിലെ ൯൫, ൯൬, ൯൭, ൯൮, ൯൯ എന്ന അദ്ധ്യായങ്ങളിലെ ശ്ലോകങ്ങൾ അല്പാല്പം ചില വികൃതിഭേദങ്ങളോടുകൂടി മാത്രം പകൎത്തിയിട്ടിരിക്കുന്നു. ഇങ്ങിനെ മററുള്ള അദ്ധ്യായങ്ങളും പരിശോധിച്ചാൽ മററുശാസ്ത്രഗ്രന്ഥങ്ങളിൽനിന്നും പല ശ്ലോകങ്ങളും ആശയങ്ങളും ദീപികാകാരൻ സ്വീകരിച്ചിട്ടുള്ളതായിക്കാണാം. പക്ഷെ ദീപികയുടെ ആരംഭത്തിൽ തന്നെ.

"അന്യാഖിലാഗമാചാരംനംഗീകൃത്യ യഥാതഥാ
വക്ഷ്യേഹം കേരളാചാരദീപികാം സദ്രസായനീം
അന്യശാസ്ത്രോദിതാഃ ശ്ലോകാഃ കഥ്യന്തേ പ്രായശോയഥാ
അന്യത്രകൃതയോമേസ്യുഃ സത്യവാചോയഥാതഥാ."

എന്നു സ്വാമിയാരെക്കൊണ്ടു ഗ്രന്ഥകൎത്താവു പറയിച്ചിട്ടുള്ളതുകൊണ്ടു് ഇതു അത്ര കാൎയ്യമായി വിചാരിക്കുവാനില്ലെന്നു സമാധാനിക്കാം. ദീപികാകാരൻ അദ്ദേഹത്തിൻെറ ഈ കൃതികൊണ്ടു് ഇതിലധികമൊന്നും ഉദ്ദേശിച്ചിട്ടില്ലെന്നുള്ളതും വ്യക്തമാണല്ലൊ.

ഒരു കൃതി അതിപ്രാചീനമല്ലെന്നുവെച്ചു അതിനെ നാം നിരസിക്കേണ്ടതായ ആവശ്യമില്ല. ഇതിന്നുദാഹരണം "കേരളാചാരദീപിക" തന്നെയാകുന്നു. ഇതിൽനിന്നു ചരിത്രസംബന്ധമായി പലതും നസ്സിലാക്കുവാനുണ്ടെന്നാണു എൻെറ വിനീതമായ അഭിപ്രായം. ഇതിൻെറ ഫലം പൂൎത്തിയായി അറിയേണമെങ്കിൽ ദീപിക മുഴുവനും ശരിയായി പരിശോധിച്ചു പ്രസിദ്ധപ്പെടുത്തിക്കഴിയേണം. ഇതിന്നു ശ്രീമാൻ പി. എം. നാരായണൻ നായരവർകൾതന്നെ ശ്രമംചെയ്യുവാനുണ്ടെന്നു് ഇവിടെ രേഖപ്പെടുത്തുവാൻ ഏററവും സന്തോഷമുണ്ടു്. ഈ ഗ്രന്ഥത്തിന്നു് ഒരു അവതാരിക എഴുതുവാനനുവദിച്ചതിന്നു് ഇതിൻെറ പ്രസാധകനോടു് ഞാൻ ഹൃദയപൂൎവ്വം നന്ദിപറയുന്നു. "ക്ഷേത്രമാഹാത്മ്യം" പോലെ ദീപികയിലെ മററദ്ധ്യായങ്ങളും വിഷയവിഭാഗം ചെയ്തു കഴിയുന്നവേഗം പ്രസിദ്ധപ്പെടുത്തിക്കാണുവാനിടയാകട്ടെ എന്നു പ്രാൎത്ഥിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തൃശ്ശിപേരൂർ
14 _8 _04

പാലിയത്തു് അനുജൻ അച്ചൻ,

പ്രസ്താവന.

യതീശ്വരനായ വില്വമംഗലത്തു സ്വാമിയാരാൽ വിരചിതമായിട്ടു "കേരളാചാരദീപിക" എന്നു പേരായ ഒരു വിശിഷ്ട ഗ്രന്ഥമുണ്ടെന്നു കേട്ടുതുടങ്ങീട്ടു വളരെക്കാലമായിരിക്കുന്നു. ഒരുദിവസം, കണ്ണൂർ പള്ളിക്കുന്നു ദേശീയനും വൈദ്യവിദഗ്ദ്ധനുമായ ശ്രീമാൻ മാധവവാരിയരവർകളും ഞാനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സന്ദർഭവശാൽ പ്രകൃതഗ്രന്ഥത്തെയും കുറിച്ചു സംസാരിപ്പാനിടയായി. അപ്പോൾ അദ്ദേഹം തന്റെ വൈദ്യവിഷയകമായ യാത്രയിൽ, ജീർണ്ണതയാൽ നാശോന്മുഖമായത്തീർന്ന തൽഗ്രന്ഥം ഒരുദിക്കിൽ കാണ്മാനിടയായെന്നും ഗ്രന്ഥം കൈവശം കിട്ടുവാൻ പ്രയാസമായിക്കാണുകയാൽ പല തവണയുമായി അതു മുഴുവൻ പകർത്തിവെച്ചിട്ടുണ്ടെന്നും പക്ഷെ ഗ്രന്ഥത്തിന്റെ പഴക്കംകൊണ്ടു മിക്കഭാഗങ്ങളിലും അക്ഷരങ്ങളും പദങ്ങളും പാദങ്ങളും പദ്യങ്ങൾതന്നെയും അദൃശ്യങ്ങളായിത്തീരുകയാൽ പകർത്തിയതിൽ പല ന്യൂനതകളും നേരിട്ടിരിപ്പാനിടയുണ്ടെന്നും മാത്രമല്ല അതിലെ ന്യൂനതകളെ പരിഹരിച്ചു അച്ചടിപ്പിച്ചു ലോകോപകാരപ്രദമാക്കിയാൽ കൊള്ളാമെന്നാഗ്രഹമുണ്ടെന്നും പറകയുണ്ടായി. ശ്രുതപൂർവ്വമായ തൽ ഗ്രന്ഥമാഹാത്മ്യത്താലാകൃഷ്ടചിത്തനായ ഞാനതെന്റെ വക്കൽ തരുന്നതായാൽ കഴിയുന്ന വേഗത്തിൽ അതിലെ ന്യൂനതകളെ പരിഹരിച്ചു പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്നു പറഞ്ഞപേക്ഷിച്ചതനുസരിച്ചു അദ്ദേഹം ഉടനെ അതെന്റെ വശം തരികയും ചെയ്തു. എന്നാലതു കൈവശമായിട്ട് ഒരു കൊല്ലത്തിലധികംകാലമായെങ്കിലും അതിലെ അബദ്ധങ്ങളുടെ പ്രാചുര്യവും മുദ്രാലയത്തിലെ അസൌകര്യവും എന്റെ നൈർദ്ധന്യവും കാരണം ഇതുവരേയും പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാതെയാണു വന്നതു്.

അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ആ പുസ്തകം ശ്രീ

മാൻ സി. കുഞ്ഞിരാമമേനോനവർകളെ കാണിപ്പാനിടയായി. അദ്ദേഹം അതു വായിച്ചു നോക്കിയ ശേഷം ഇത്തരം വിശിഷ്ടഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന കാൎയ്യത്തിൽ ഉദാസീനനായിരിക്കരുതെന്നും ഇത്രയും വലുതായ ഒരു ഗ്രന്ഥം ഒന്നായി പ്രസിദ്ധപ്പെടുത്തുന്നതു കൃച്ഛ്രസാദ്ധ്യമായ കാൎയ്യമാണെന്നും പരശുരാമചരിത്രം, ശങ്കരചരിതം, കേരളക്ഷേത്രമാഹാത്മ്യം എന്നീ വിധത്തിൽ മൂന്നു ഭാഗമാക്കി അച്ചടിപ്പിക്കുന്നതു സുസാധ്യമായിരിക്കുമെന്നും മററും ഉപദേശിച്ചു തരികയാൽ അതിലെ 'ക്ഷേത്രമാഹാത്മ്യ'മെന്ന ഭാഗത്തെ അതിനോടൊട്ടേറെ യോജിക്കുന്നതായ 'തീൎത്ഥമാഹാത്മ്യ'വും 'ഭസ്മമാഹാത്മ്യ'വും കൂട്ടിച്ചേൎത്തു് ഒന്നാം ഭാഗമായി പ്രഥമതഃ പ്രസിദ്ധപ്പെടുത്തുവാനിടയായതാണു്. ശേഷം ഭാഗങ്ങളും അചിരേണ യഥാവസരം സംസ്കരിച്ചു പ്രസിദ്ധപ്പെടുത്തുന്നതാണുതാനും. ദീപികയെപ്പററിയും പ്രകൃതപുസ്തകത്തെപ്പററിയും സമഷ്ടിയായ ഒരു വിവരണം അവതാരികയിൽ കൊടുത്തിരിക്കയാൽ ഇതിലുമധികമൊന്നുമതേപ്പററി ഞാനിവിടെ പ്രതിപാദിപ്പാൻ വിചാരിക്കുന്നില്ല.

ഇനിയിതിലെനിക്കു പറവാനുള്ളു, ശ്രീമാൻ മാധവവാരിയരവർകൾ അശ്രാന്തപരിശ്രമം ചെയ്തു പകൎത്തെടുത്തതായ ആ പുസ്തകം പരോപകാരത്തെ പുരസ്കരിച്ചും എന്റെ അപേക്ഷയനുസരിച്ചും പറയത്തക്ക പ്രതിഫലത്തെയൊന്നു കാംക്ഷിക്കാതെ തന്നതിനാൽ അദ്ദേഹത്തോടും. ഇതിന്റെ പരിഷ്കരണരീതിയെ ഉപദേശിച്ചും മററും എന്റെ ഉദ്യമത്തിലുള്ള ക്ലേശത്തെ ലഘൂകരിച്ചു തന്ന ശ്രീമാൻ സി. കുഞ്ഞിരാമമേനോനവർകളോടും, പ്രകൃതപുസ്തകത്തിലെ അബദ്ധങ്ങളെ തീൎക്കുവാനും നാതിസംക്ഷേപവിസ്തരമായ ഒരു ടിപ്പണം എഴുതിച്ചേൎക്കുവാനും സൎവ്വാത്മനാ എന്നെ സഹായിച്ച എന്റെ സുഹൃത്തമനായ ശ്രീമാൻ. സി. പി. കൃഷ്ണനെളയതവർകളോടും എന്റെ അപേക്ഷയനുസരിച്ചു തന്റെ കൃത്യാന്തരങ്ങളെ നിറുത്തിവെച്ചു അനുഗ്രഹബുദ്ധ്യാ അവശ്യവിജ്ഞേയാംശങ്ങളെ പ്രതിപാദിച്ചുകൊണ്ടു ഒരു അവതാരിക എഴുതിത്തന്ന ശ്രീമാൻ പാ

ലിയത്തു് അനുജനച്ഛനവർകളോടും, അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുവാൻ തൽക്കാലമെനിക്കു നേരിട്ട അശക്തതയെ കണ്ടു് ആ ഭാരം കയ്യേററു നിൎവ്വഹിച്ചു തന്ന ജ്ഞാനസാഗരം പുസ്തകശാലയുടെ ഉടമസ്ഥനും എന്റെ ഒരു പ്രിയമിത്രവുമായ ശ്രീമാൻ കെ. ശങ്കരൻ മൂസ്സതവർകളോടും എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നുവെന്നു മാത്രമാണു്.

വിശിഷ്യ, ഇതിന്റെ പ്രസിദ്ധീകരണത്തിൽ അജ്ഞതകൊണ്ടോ അനവധാനതകൊണ്ടോ വല്ല വൈകല്യങ്ങളും വന്നുപോയിട്ടുണ്ടെന്നു് ആൎക്കെങ്കിലും തോന്നുന്ന പക്ഷം സോദരബുദ്ധ്യാ ഉപദേശിച്ചു തരുന്നതായാൽ ഇനിയൊരു് പതിപ്പു വേണ്ടിവരുന്ന അവസരത്തിൽ അവ യഥാശക്തി പരിഹരിച്ചു കൊള്ളാമെന്നുകൂടി പ്രസ്താവിച്ചുകൊണ്ടു

മഹാജനങ്ങൾക്കു രുചിക്കുമെങ്കിൽ
മമ ശ്രമം നിഷ്ഫലമല്ല കേവലം.

എന്ന സമാധാനത്തോടെ തൽക്കാലം അവസാനിപ്പിക്കുന്നു.

ബി. വി. പ്രസ്സ്.
തൃശ്ശിവപേരൂർ,
4—4—29.

എന്നു് ഗുരുവരചരണൈകശരണൻ,
പി. എം. നാരായണൻനായർ,
പ്രസാധകൻ.

കേരളാചാരദീപിക.

ഒന്നാം ഭാഗം.

ക്ഷേത്രമാഹാത്മ്യം.

പ്രഥമോദ്ധ്യായഃ.

മഹാക്ഷേത്രാണി പുണ്യാനി തീർത്ഥാന്യുത്തമാനി ച
ദൃഷ്ടപൂർവ്വാണ്യനേകാനി യാനി വക്ഷ്യേ യഥാതഥം. 1
ജാമദഗ്ന്യഃ പുരാ ഗത്വാ ശ്രീമൂലസ്ഥാനമണ്ഡപം
വൃഷന്തത്ര പ്രതിഷ്ഠാപ്യ ബഭാഷേ താരകാന്തകം. 2
'വൃഷാദ്രിപുര'മേവൈതൽ ഭവേല്ലോകേഷു വിശ്രുതം
സാന്നിദ്ധ്യം സർവ്വദേവാനാം ഭവത്വത്ര ദിവാനിശം. 3
വൃഷഭാദ്രീശ്വരന്നാമ ക്ഷേത്രം ത്രൈലോക്യവിശ്രുതം
ഭാതി ശൈവപുരഗ്രാമേ ഭാർഗ്ഗവേണ വിനിർമ്മിതം. 4
ഏതച്ഛിവപുരന്നാമ ക്ഷേത്രം പുണ്യമനുത്തമം
ദിവ്യം ദക്ഷിണകൈലാസം മഹാകൈലാസവത്ഭുവി. 5
പ്രാകാരാഗ്രഗതാ സ്തൂബീ ഹേമരാജിപരിഷ്കൃതാ
നിരുണദ്ധി ഫലനാളീനാം മാർഗ്ഗം ഭർഗ്ഗപുരോത്തമേ. 6

ശ്രീനീലകണ്ഠപാദങ്ങൾ വഴിപോലെ വണങ്ങി ഞാൻ
വ്യാഖ്യാനിപ്പേനായവണ്ണം 'കേരളാചാരദീപിക'.

1. ഞാൻ കണ്ടിട്ടുള്ള മഹാക്ഷേത്രങ്ങളേയും പുണ്യതീർത്ഥങ്ങളേയും പററിപ്പറയുന്നു എന്നു കവിയുടെ അവതാരിക.

ഈ അദ്ധ്യായം മുഴുവനും തൃശ്ശിവപേരൂർ വടക്കുംനാഥക്ഷേത്രത്തെപ്പററിയാണ്.

2—5. പരശുരാമൻ കാളയെ പ്രതിഷ്ഠിച്ചു. വൃഷാദ്രി, വൃഷപുരം=തൃശ്ശിവപേരൂർ. മാലോകർ ഈ ക്ഷേത്രത്തെ 'ദക്ഷിണകൈലാസ'മെന്നു പറയുന്നു; അത്രക്കുണ്ട് ഇതിൻെറ മാഹാത്മ്യം.

6—12. കനകത്താഴികക്കുടം മുതലായതിനെ അതിശ

പ്രാകാരാഗ്രഗതാ യത്ര ചാതകാ വിധുമണ്ഡലേ
സുധാം ലിഹന്തി തൃഷിതാ മേഘാപായേ നിരാകുലം. 7
സപതാകഃ കേതുദണ്ഡഃ കനകോത്തമനിൎമ്മിതഃ
ഉന്നത്യാ തേജസാ ചാൎക്കം നിരുണദ്ധ്യനിശം ദിധാ. 8
ഗോപുരാഗ്രാണ്യുദഗ്രാണി യത്ര ഹേമമയാനി ച
വായുമാൎഗ്ഗഗതാന്യേവ ഭാസ്വരാണി ഭവന്തി ഹി. 9
നടനൎത്തകശാലാ ച മേരുമന്ദരസന്നിഭാ
നാനാശില്പവിചിത്രാഢ്യാ ഭാതി യത്ര മഹത്തമാ. 10
കല്ഹാരാശോകപുന്നാഗവില്വചമ്പകകേതകൈഃ
മാലതീതുളസീമുഖ്യൈൎവ്വാസിതം ദേവമന്ദിരം. 11
ജയത്യതിതരാമേതച്ഛിവാലയമനുത്തമം
ത്രയസ്ത്രിംശൽകോടിദേവസാന്നിദ്ധ്യം യത്ര നിത്യശഃ. 12
ഉദീചീശഃ പശുപതിരവാചീശോ രഘൂദ്വഹഃ
മദ്ധ്യനാഥോ ഹരിഹരഃ പ്രതീച്യാശാമുഖാസ്ത്രയഃ. 13
അംബികാ പാൎവ്വതീ ദേവീ വിഘ്നരാജോ ഗണാധിപഃ
പ്രാച്യാശാഭിമുഖാവേതാവഭീഷ്ടഫലദായിനൌ. 14
വൈഷ്ണവേ ശംഖചക്രേ ച ഭാൎഗ്ഗവേണ പ്രതിഷ്ഠിതേ
ദൃശ്യേതേ ശുഭദേ ദേവപുരോഭാഗേ മഹത്തമേ. 15
ഗോശാലായാം വൃഷ്ണിപതിഃ കൃഷ്ണഃ കമലലോചനഃ
പ്രാച്യാശാഭിമുഖോ ഭാതി സാക്ഷാദേവ യദൂദ്വഹഃ. 16
തദ്വാമഭാഗേ തു ശുഭം തീൎത്ഥം ഫാൽഗുനസംജ്ഞിതം

യോക്തിയോടുകൂടി വൎണ്ണിക്കുന്നു. മുപ്പത്തിമുക്കോടി ദേവന്മാൎക്കും ഇവിടെ സാന്നിദ്ധ്യമുണ്ടു്. 13. വടക്കുഭാഗത്തു ശിവൻ; തെക്കു ഭാഗത്തു ശ്രീരാമൻ; നടുക്കു ശങ്കരനാരായണൻ—പടിഞ്ഞാട്ടു നട. 14. പാൎവ്വതിയും ഗണപതിയും കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നു. 15. പരശുരാമപ്രതിഷ്ഠിതങ്ങളായ വൈഷ്ണവശംഖചക്രങ്ങൾ; ഇവ നാലമ്പലത്തിന്നു പുറത്തു പടിഞ്ഞാറുഭാഗത്തു് അല്പം തെക്കോട്ടു നീങ്ങിയിട്ടാണു്. 16. 'ഗോശാല'യിൽ സാക്ഷാൽ ശ്രീകൃഷ്ണൻ—കിഴക്കോട്ടു നട. 17. ഇടത്തുഭാഗത്തു

ശുഭോദകം കൃഷ്ണശിലാമദ്ധ്യേ ദരവിനിസ്സൃതം. 17
പ്രതീക്ഷതേനിശം നന്ദീ വൃഷഭോ ദേവവാഹനഃ
ആരോഹാവസരം ശംഭോരാരാദഭിമുഖസ്ഥിതഃ. 18
പുരാ ഭാൎഗ്ഗവരാമസ്യ തിരോധാനാശ്രിതാ മഹീ
ഈശാന്തേ ഭാതി ശുഭദാ പുണ്യാ പാപപ്രണാശിനീ. 19
സിംഹോദരോ ഭൂതഗണൈസ്സാകം ഭൂതഗണേശ്വരഃ
പൃഷ്ഠഭാഗേ വസത്യേവ ദേവസ്യാജ്ഞാപ്രതീക്ഷകഃ. 20
പൂൎവ്വസ്മിൻ ഗോപുരദ്വാരേ ഭദ്രാ ഭദ്രാൎത്ഥദായിനീ
മാതൃഭാവമഭീപ്സന്തീ ശൈലോൎദ്ധ്വഗൃഹവാസിനീ. 21
ദക്ഷിണദ്വാരദേശേ ച വലയാലയഗേഹിനീ
അംബാ വസത്യവിരതം ദുൎഗ്ഗാ ദുൎഗ്ഗതിഹാരിണീ. 22
നൈരൃത്യാം ദിശി ഭൂതേശശ്ശാസ്താ ഹരിഹരാത്മജഃ
പ്രാച്യാശാഭിമുഃഖാ ഭാതി സൎവ്വാഭീഷ്ടവിധായകഃ. 23
ദേവാസ്സൎവ്വേപി തത്രൈവ ശിവോപാസനതൽപരാഃ
ഭവന്തി; തേ കഥം കൃൽസ്നം കഥ്യന്തേനന്തഭോഗിനാ. 24
പശ്ചിമേ ഗോപുരദ്വാരേ ശ്രീമൂലസ്ഥാനമണ്ഡപഃ
ദീപ്യതേ ദിവ്യസോപാനവേദികാന്തരിതശ്ശുഭഃ. 25
നിത്യം ദേവാഭിഷേകാൎത്ഥമുത്തരദ്വാരദേശതഃ

ഫല്ഗുനതീൎത്ഥം. 18. സാക്ഷാൽ കാള; ഇതു വടക്കേ ചുററമ്പലത്തിന്റെ തൊട്ട വടക്കുഭാഗത്താണ്. കലിയുഗാരംഭത്തിൽ ഈ കാള നേരെ കിഴക്കോട്ട അഭിമുഖമായിട്ടായിരുന്നു; ക്രമേണ പ്രദക്ഷിണമായിത്തിരിയുന്നുണ്ട്; ഇപ്പോൾ നട വഹ്നികോണിലെയ്ക്കാണ്; ഒരു പ്രദക്ഷിണം കഴിയുമ്പോൾ കലിയുഗവും കഴിയും. 19. ഈശാനകോണിൽ പരശുരാമൻ മറഞ്ഞിട്ടുള്ള സ്ഥാനം. 20. പിന്നിൽ സിംഹോദരൻ. 21. കിഴക്കേ ഗോപുരത്തിൽ ഭദ്രകാളി. 22. തെക്കേ ഗോപുരത്തിൽ ഊരകത്തമ്മ. 23. നിരൃതികോണിൽ ശാസ്താവ്—കിഴക്കോട്ട നട. 24. എന്തിനധികം: എല്ലാ ദേവന്മാരും ദേവിമാരും ഇവിടെ ശിവോപാസനത്തിന്നായി സ്ഥിതിചെയ്യുന്നു. 25. പടിഞ്ഞാറേ ഗോപുരദ്വാരത്തിൽ സാക്ഷാൽ ശ്രീമൂലസ്ഥാനം. 26,27. വടക്കു

"കാല്യണീ"ത്യുദിതാത്തീർത്ഥാൽ ഗംഗാജലമിവാമലം. 26
നീതാഭിഷേകോനുദിനമുദീചീശസ്യ മൂർദ്ധ്നി
വിധേയോ രുദ്രസൂക്താദ്യൈരനേകൈശ്ച സുമന്ത്രിതഃ. 27
ശിലീഭൂതഘൃതാകീർണ്ണം കല്പകാലാവിനാശി തൽ
നിർവ്വികല്പം മഹൽ ഭാതി ലിംഗം ദേവൈരുപാസിതം. 28
ഘൃതമാലാസിതം ബിംബം രത്നമാലാവിലാസിതം
പൃദാകുമാലാലസിതം കലാകലിതമൗലികം. 29
ബ്രഹ്മചാരീ ഗൃഹീ വാനപ്രസ്ഥോ ഭിക്ഷുശ്ചതുർവ്വിധാഃ
ദേവപൂജാകരാ നിത്യം നേതരേ തു കദാചന. 30
ബ്രഹ്മചാരീ പൂജകശ്ച ഗൃഹസ്ഥസ്താന്ത്രികഃ സ്മൃതഃ
വാനപ്രസ്ഥാശ്രമീ യോഗീ സന്ന്യാസീ ഭിക്ഷുരുച്യതേ. 31
കേരാജ്യകദളീപകഗുളമിശ്രിതപായസൈഃ
ഗോക്ഷീരാർദ്രസിതാസ്വാദുപായസൈശ്ച വിശേഷതഃ. 32
അപൂപക്ഷീരലാജൈശ്ച ബാലകേരൈരഹർന്നിശം
നിവേദ്യൈർദ്ദേവതാഃ പൂജ്യാ ദിവ്യശാല്യന്നരാശിഭിഃ. 33
ഉദയാസ്തമയം പൂജാ വിഘ്നരാജസ്യ സാദരം
അപൂപരാശിഭിഃ കാര്യാ ഭൃഗുവാരേ വിശേഷതഃ. 34
വിധേയം ഷഡ്രസോപേതം നാനാഭോജ്യരസായനം

ഭാഗത്തുള്ള കൊക്കരണിയിൽനിന്നു വെള്ളം കൊണ്ടുവന്നു രുദ്രസൂക്തങ്ങളും മററും ജപിച്ച് വടക്കുംനാഥന്നു ദിവസവും അഭിഷേകം നടത്തുന്നു. 28-29. ശിവലിംഗം, ആടിയ നെയ്കൊണ്ടു മൂടിയതാണ്. ഈ ശിവലിംഗം കണ്ടവരെക്കേൾപ്പാനും കൂടിയില്ല. ശ്രീകോവിലിന്നകത്തു് എത്രയധികം വിളക്കുകൾ കത്തിച്ചാലും ഈ നെയ് ഉരുകുന്നതല്ല; ഇതിൽ ഉറുമ്പു വരാറുമില്ല. 30-31. ബ്രഹ്മചാരി തുടങ്ങിയ നാലാശ്രമികളാണു പൂജാധികാരികൾ. മേശ്ശാന്തി ബ്രഹ്മചാരിയും തന്ത്രി ഗൃഹസ്ഥനുമായിരിക്കണം. 32-33. നെയ്പ്പായസം, പഞ്ചാരപ്പായസം, അപ്പം, മലർ, ഇളന്നീർ, വെള്ള—ഇത്യാദികൾ നിവേദ്യങ്ങൾ. 34. ഗണപതിക്കു 'ഉദയാസ്തമയം' അപ്പം കഴിക്കുക ഇവിടെ പ്രധാനമാണ്; വെള്ളിയാഴ്ച ദിവസങ്ങളിൽ പ്രത്യേകിച്ചും. 35,36. ധൂപദീപ

ചന്ദനാഗരുധൂപൈശ്ച ഹൈമദീപൈരനാരതം. 35
അനേകപുഷ്പമാലാഭിശ്ശോഭിതഃ ദേവമന്ദിരം
പ്രാസാദമേരുശൃംഗാണി ചൊല്ലിഖന്ത്യഭ്രമണ്ഡലം. 36
മണ്ഡപത്രിതയം തത്ര ഭാസതേ ബ്രാഹ്മണാസിതം
പ്രദീപാവലിഭിർഭാതി പ്രാകാരവലയാന്തരം. 37
യഥാ നക്ഷത്രമാലാഭിരാകാശം വ്യഭ്രമണ്ഡലം
പ്രദക്ഷിണാർത്ഥാ സരണിർവ്വപ്രസ്യാരാൽ ബഹിശ്ശുഭാ. 38
മനോജ്ഞാ വലയാകാരാ ഭാതി ദിവ്യജനാകുലാ
വൃഷഭാദ്രിപുരസ്യാസ്യ ചതുർഭാഗേഷു പാവനം. 39
സുതീർത്ഥാനാം ചതുഷ്ടഞ്ച സുപാരം സാഗരോപമം
പാശ്ചാത്യരീർത്ഥതീരേ തു യതീനാം സുമഠൌ ശുഭൌ. 40
ഉപാദ്ധ്യായമഠശ്ചാപി ത്രയസ്സ്യു പാവനാഃ ശുഭാഃ
യതീശ്വരാണാം ഗൃഹയോസ്തയോ നൈഷ്ഠികവ്രതാഃ. 41
നിത്യം ദേവാർച്ചനാർത്ഥന്തു കല്പിതാഃ ശ്രേയസേ നൃണാം
ഉപാദ്ധ്യായമഠേ നിത്യം വേദാദ്ധ്യാപനനൈഷ്ഠികഃ. 42
ബ്രഹ്മേവ സാക്ഷാദ്വിപ്രേന്ദ്രോ ജ്വലിതാനലവർച്ചസാ
ദേവാലയേഷ്വനുദിനം ദാസ്യവൃത്ത്യാപജീവിനാം. 43
ഭവനാനി വിരാജന്തേ ഭാസുരാണി ബഹൂനി ച
പ്രദക്ഷിണപഥസ്യാരാൽ പരിതഃ പണ്യവീഥികാ. 44
ഭാതി ഭാസുരരൂപാ ച നാനാവിഭവസമ്പദാ

മാലാദികളാലുള്ള പൂജാപ്രകാരം. 37-39. നാലമ്പലത്തിനുള്ളിൽ മൂന്നു മണ്ഡപമുണ്ട്. വിളക്കുമാടവും പ്രശസ്തമായ പ്രദക്ഷിണവഴിയും (മതില്ക്കകത്ത്) ഇവിടെയുണ്ട്. 39-40. നാലു ഭാഗത്തും നാലു ചിറകൾ ഉണ്ട്. 40-43. പടിഞ്ഞാറെ ചിറയുടെ വക്കത്തു രണ്ടു സന്യാസിമഠങ്ങളും വാദ്ധ്യാന്റെ ഒരു മഠവും ഉണ്ട്. സന്യാസിമഠങ്ങളിൽ, പ്രജാരക്ഷണത്തിന്നായി ദേവാർച്ചനംചെയ്തു കൊണ്ടു വർത്തിക്കുന്ന സന്യാസിമാരും, വാദ്ധ്യാന്റെ മഠത്തിൽ ഓത്തുചൊല്ലിക്കുന്ന വാദ്ധ്യാനുമുണ്ട്. 43-44. അവിടത്തന്നെ അമ്പലവാസികളുടെ അനേകം ഭവനങ്ങളുമുണ്ട്. 45. തെക്കിൻകാടിന്നു ചുററും മറെറാരു പ്രദക്ഷിണവഴിയുണ്ട്. അതിനെ

ആപണാന്യവഭാസന്തേ നാനാവൎണ്ണജനൈരലം. 45
സതതം വിഭവൈശ്ചാപി പിതൃമാതൃവിവജ്ജിതൈഃ
സുന്ദൎയ്യസ്സുകുമാരാംഗ്യഃ സൗധാഗ്രേഷ്വനിശം പ്രിയൈഃ, 46
ഗായന്ത്യപ്സരസാം തുല്യം രമന്തേ രമണൈസ്സഹ
ലാവണ്യസാരം കാമിന്യഃ കാമുകേഷ്വൎപ്പിതം സദാ. 47
യാതായാതവിധായിന്യോ വിലാസിന്യോ വിഭാന്തി ഹി
ഭവാനീവന്ദനാൎത്ഥന്തു സൎവ്വാഭരണഭൂഷിതാഃ 48
ആഗച്ഛന്ത്യപരാ നിത്യം സവിലാസം മനോഹരാഃ
ആപാംഗൈരാഹതാസ്ത്രീണാമാശ്ലേഷാലാപലോലുപാഃ. 49
സ്ത്രീഗൃഹേഷ്വഭിവൎത്തന്തേ നിത്യം ക്രീഡാമൃഗാ ഇവ
അപാംഗനിഗളൈൎബ്ബദ്ധാഃ കാമിനീനാം മദോൽക്കടാഃ. 50
ഗജരാജോപമാസ്സുസ്ഥൂരനീശാ വിനിവൎത്തിതും
സ്ത്രീപുംസാനാം സ്മരാന്ധാനാം പ്രവക്തും കാമചാപലം. 51
കസ്സമൎത്ഥഃ ഫണീന്ദ്രോപി നാലം വക്തുമസാമ്പ്രതം
സചാതുൎവ്വൎണ്ണ്യമമലം തത്ര തത്രമഹത്തമം. 52
അതുല്യധനധാന്യാഢ്യം പുരം കൌബേരസന്നിഭം
പുത്രമിത്രസഹായൈശ്ച ബന്ധുഭിഃ സ്വജനൈസ്സഹ. 53
മഹാജനാശ്ച മോദന്തേ തത്രൈവ ദിവി ദേവവൽ
ഉദീചീശം മഹാദേവമവാചീശം ച രാഘവം. 54
മദ്ധ്യനാഥം ഹരിഹരം നമസ്യന്തി മഹാജനാഃ
വൃഷഭാദ്രീശ്വരപുരേ സൎവ്വൈവ മഹാജനാഃ. 55
വന്ദന്തേ നിത്യശഃ സ്നാത്വാ വക്ഷ്യേഹം വന്ദനക്രമം

ഇന്നു് Round എന്നു വിളിച്ചുവരുന്നു. അതിനടുത്തു് അങ്ങാടിത്തെരുവു്; അവിടെ അച്ഛനുമമ്മയുമല്ലാത്തതെല്ലാം കിടക്കും. "മാറാകെ മൂടി മുകിൽനേർമുടി കെട്ടിയീറൻ മാറാതെ മാനിനികൾ മാമലമങ്കയാളെ, മാറാത്ത ഭക്തിയൊടു മാനസകന്മഷൌഘമാറാ"നായി തൊഴുവാൻ മതില്ക്കകത്തെങ്ങു പോകുന്നതുംമററും വൎണ്ണിച്ചു തൃശ്ശിവപേരൂർ നിവാസികൾ മഹാഭാഗ്യശാലികളാണെന്നു കാണിച്ചിരിക്കുന്നു. 54-56. വടക്കുംനാഥൻ, ശ്രീരാമൻ,

"ശ്രീമൂലസ്ഥാന-വൃഷ്ണീശ്വര-വൃഷ-ഭൃഗുജാൻ
ഹന്ത സിംഹോദരം തം
കാശീശം ശംഭുകുംഭം കനകവരസഭാ
നായകം സേതുനാഥം
ശ്രീഭദ്രാം സംഗമേശം വലയപുരശിവാം
കുംഭപംക്തിം മുനീന്ദ്രം
ഭൂതേശം ശംഖചക്രേ ഫണിവരശയനം
നൃത്തനാഥഞ്ച വന്ദേ. 57

"ശംഭും ഗൌരീം ഗണേശം പുരമുരമഥനം
മാധവം മദ്ധ്യനാഥം
വിഘ്നേശം ശൈലകന്യാം ഹര-ഹരതനയൌ
മദ്ധ്യനാഥാംബുജാക്ഷൌ

ശങ്കരനാരായണൻ—ഇവരെ ജനങ്ങൾ പ്രത്യേകം തൊഴുന്നു. മതില്ക്കകത്തു തൊഴുന്നതിന്റെ ക്രമം പറയാം. 57. മതില്ക്കകത്തു പുറത്തു പടിഞ്ഞാറെ നടയിൽ ശ്രീമൂലസ്ഥാനം (പരമേശ്വരൻ, പാർവ്വതി, സുബ്രഹ്മണ്യൻ, ഗണപതി—ഇവരെസ്സങ്കല്പിച്ചു വന്ദിച്ചു ആൽപ്രദക്ഷിണം); വൃഷ്ണീശ്വര·വൃഷ·ഭൃഗുജാൻ=ഉള്ളിൽ കൂത്തമ്പലത്തിന്നടുത്തുള്ള ഗോശാലകൃഷ്ണനെയും, പിന്നെ സാക്ഷാൽ കാളയെയും, പരശുരാമൻ മറഞ്ഞ സ്ഥലത്തെയും; സിംഹോദരനെ; കാശീശം=ആറടി വടക്കോട്ടു നീങ്ങിനിന്നു കാശിയെസ്സങ്കല്പിച്ചു തൊഴുന്നു; ശംഭുകുംഭം=ചുമരിന്മേലുള്ള ദ്വാരത്തിലൂടെ വടക്കുംനാഥന്റെ താഴികക്കുടത്തെ; കനകവരസഭാനായകം=ചിദംബരേശ്വരനെ; സേതുനാഥം=രാമേശ്വരത്തെ; ശ്രീഭദ്രാം=കൊടുങ്ങല്ലൂരമ്മയെ, സംഗമേശം=കൂടൽമാണിക്യത്തെ; വലയപുരശിവാം=ഊരകത്തമ്മയെ; (ഇവയഞ്ചും സങ്കല്പമാകുന്നു.) കുംഭപംക്തിം=ഉള്ളിലുള്ള മൂന്നു താഴികക്കുടങ്ങളെ; മുനീന്ദ്രഃ=വ്യാസനെ—തെക്കേഭാഗത്തു വ്യാസശിലയിൽ എഴുതുന്നു; ഭൂതേശം=അയ്യപ്പനെ; ശംഖചക്രങ്ങളെ; അകത്തെയ്ക്കു കടക്കുമ്പോൾ വലത്തും ഇടത്തും ചുമരിന്മേലുള്ള അനന്തശയനത്തിന്റെയും നൃ

ഭൂയോഹം പാർവ്വതീ-മാ-ധവമപി ച
ഹരിം രാവണാനംഗശത്രും
ഹേരംബം താം ഭവാനീം വൃഷഗിരിനിലയം
ശങ്കരം തഞ്ച വന്ദേ”. 58
ഗോകർണ്ണദേശാദാരഭ്യ പാണ്ഡ്യഖണ്ഡാവസാനകഃ
ദീർഘായാമസ്സഹ്യഗിരിർഭുവോഽസ്യാ മാനദണ്ഡവൽ. 59
തൃണഗുൽമലതാവൃക്ഷസഞ്ഛന്നോതിഭയാനകഃ
മഹാവനാന്തരീഭൂതോ ഭാതി കാളിയസന്നിഭഃ. 60
സിംഹവ്യാഘ്രവരാഹാദ്യൈർദ്വീപികാസരശല്യകൈഃ
ഹിംസ്രൈരന്യൈകൈരാപൂർണ്ണോ ധൂമധൂമ്രോ മഹാഗിരിഃ. 61
വായുമാർഗ്ഗഗതാ യത്ര ശാഖിനോ വിടപാഞ്ചിതാഃ
അതിസ്ഥൂലശരീരാശ്ച ദൃശ്യന്തേ ബഹുജാതയഃ. 62

ത്തനാഥന്റേയും ചിത്രങ്ങളെ. ഇങ്ങിനെ ഒരു പ്രദക്ഷിണം കഴിഞ്ഞ് അകത്തു കടക്കുന്നു. 58. ശംഭും=വടക്കുംനാഥനെ; ഗൌരീം=ശ്രീപാർവ്വതിയെ; ഗണേശം=ഗണപതിയെ; പുരമഥനം=ശങ്കരനാരായണനെ, മാധവം=ശ്രീരാമനെ; മധ്യനാഥം=ശങ്കരനാരായണനെ, വിഘ്നേശം=ഗണപതിയെ; ശൈലകന്യാം=ശ്രീപാർവ്വതിയെ; ഹര-ഹരതനയൌ=വടക്കുംനാഥനേയും ഗണപതിയേയും; മധ്യനാഥാംബുജാക്ഷൌ=ശങ്കരനാരായണനേയും ശ്രീരാമനേയും; പാർവ്വതീ-മാ-ധവം=ശങ്കരനാരായണനെ, ഹരിം=ശ്രീരാമനെ; രാവണാനംഗശത്രും=ശങ്കരനാരായണനെ; ഹേരംബം=ഗണപതിയെ; ഭവാനീം=ശ്രീപാർവ്വതിയെ; സാക്ഷാൽ വടക്കുംനാഥനെത്തന്നെ പിന്നേയും. ഈ രണ്ടു ശ്ലോകവും അറിഞ്ഞിരിക്കുന്നതിന്നു പുറമെ, ആദ്യമായിത്തൊഴുന്ന ഒരാൾക്കു ഒരു ‘വഴികാട്ടി’ കൂടി അത്യാവശ്യകമാണ്. വടക്കുംനാഥൻ, ശങ്കരനാരായണൻ, ശ്രീരാമൻ- ഇവരുടെ ശ്രീകോവിലുകളിന്മേൽ മുറക്കു ഒരു യക്ഷി, ഭീഷ്മരുടെ ശരശയനം, നരസിംഹം ഇവ മൂന്നും എഴുതിയിട്ടുണ്ട്. നരസിംഹം എഴുതി അവസാനിപ്പിച്ചപ്പോൾ തെക്കേ ഗോപുരം തീകത്തി എന്നു ഐതിഹ്യം. ഈ നരസിംഹത്തേയും നാം തൊഴേണ്ടതാകുന്നു. 59—62. ഗോക

ക്ഷേത്രാണ്യത്ര പ്രധാനാനി വിരാജന്തേ നിരാകുലം
അനന്തപുരവില്വാദ്രിഗോകർണ്ണാഖ്യാനി നിത്യശഃ. 63
സപ്തകോടീശ്വരം ചാപി പുണ്യം ക്ഷേത്രചതുഷ്ടയം
സഹ്യാദ്രാവമലം ക്ഷേത്രം ഭുക്തിമുക്തിഫലപ്രദം. 64
സപ്തകൊങ്കണനാമാ ച കൂപകഃ കേരളമൂഷികാഃ
പശ്ചകൊങ്കണനാമാപി പരകൊങ്കണനാമികാ.* 65
ഇയം പരശുരാമസ്യ ധരണീ കേരളാത്മികാ
സപ്തകൊങ്കണഭേദൈശ്ച സപ്തധാ ഭേദിതാ പുരാ. 66
ചതുർവ്വിംശസഹസ്രാണി ക്ഷേത്രാണി ഭൃഗുസൂനുനാ
പ്രതിഷ്ഠിതാനി യാന്യത്ര പ്രധാനാനി വദാമ്യഹം. 67
ക്ഷേത്രാണി കൃത്സ്നശോ വക്തും നാഹം ശക്തഃ കദാചന
അനന്തപാദതോ വക്ഷ്യേ പ്രധാനാനി യഥാമതി. 68
ചതുർവ്വിംശസഹസ്രാണാം വർണ്ണനേ ഗ്രന്ഥവിസ്തരഃ
സംഭവേൽ സാഗരപ്രഖ്യസ്തേന ദുസ്സാധകോ ഭവേൽ. 69
തസ്മാദ്ധേതോരഹം വക്ഷ്യേ ദൈവക്ഷേത്രാണി യാന്യലം
പ്രസിദ്ധാനി പ്രമാണാനി സുസ്പഷ്ടാനി മഹാന്തി ച. 70

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ പ്രഥമാദ്ധ്യായഃ.

ർണ്ണം മുതൽ പാണ്ഡ്യദേശം കഴിയുന്നതുവരെ നീണ്ടുകിടക്കുന്ന പർവ്വതപംക്തിയാകുന്നു 'സഹ്യം'. ഇതിനെ ഇന്നു 'പശ്ചിമഘട്ടം (Western Ghats) എന്നു പറയുന്നു. "തുണഗുൽമ......" ഇത്യാദി സഹ്യവർണ്ണനം. സഹ്യപർവ്വതനിരയുടെ പടിഞ്ഞാറു ഭാഗത്തുള്ള ദേശം മുഴുവനും കേരളം., 63. അത്ര=കേരളത്തിൽ. തിരുവനന്തപുരം, തിരുവില്വാമല, ഗോകർണ്ണം — എന്നതുടങ്ങിയ മഹാക്ഷേത്രങ്ങളാണു് കേരളത്തിലുള്ളതു്. 64—66. ഈ മൂന്നു ശ്ലോകത്തിലുംകൂടി തുളു, കൂപകം, കേരളം, മൂഷികം — എന്നീ ഖണ്ഡചതുഷ്ടയത്തെയും മററും പററിയാണു പറഞ്ഞിട്ടുള്ളതെന്നു ചുരുക്കം. 67—70. കേരളത്തിൽ ഭാർഗ്ഗവനിർമ്മിതങ്ങളായി ഇരുപത്തിനാലായിരം ക്ഷേത്രങ്ങളുണ്ടുപോലും! അവയെല്ലാം എടുത്തു പറയുക എന്നതു ദുസ്സാധമാകയാൽ പ്രധാനങ്ങളായവയെ മാത്രം ഇവിടെ പറയാം.

ഒന്നാം അദ്ധ്യായം.

ദ്വിതീയോഽദ്ധ്യായഃ

അഥാതസ്സമ്പ്രവക്ഷ്യാമി ക്ഷേത്രാണാമുത്തമോത്തമം
ലോകേ 'ശുകപുര' ക്ഷേത്രം വിശ്രുതം ഭുക്തിമുക്തിദം. 1
പുരാ ശുകപുരക്ഷേത്രേ മയാ ദൃഷ്ടസ്സദാശിവഃ
ദക്ഷിണാമൂർത്തിനാമാ ച സേവിതഃ പഞ്ജരസ്ഥൈഃ. 2
ദക്ഷിണാശാമുഖോ ദേവോ ദക്ഷിണാമൂർത്തിരവ്യയഃ
ഉപാസിതോ മയാ പൂർവ്വം ദാക്ഷിണ്യായ ഗിരാം സ്വയം. 3
പ്രാച്യാശാഭിമുഖോ ദേവോ മഹാദേവസ്തഥാപരഃ
ഉപാസിതോ മയാ ചാഥ രുദ്രസ്സുഭക്താന നിത്യശഃ. 4
പ്രതിഷ്ഠാകലശാദ്യഞ്ച നവീകരണമുത്തമം
ഭൂസുരൈസ്സത്ര മുഖ്യൈശ്ച യഥാവത്തദനന്തരം. 5
നിത്യോത്സവശ്ശിവബലിഃ കല്പിതശ്ച മഹോത്സവഃ
സഭാവാസിഭിരപ്യേവം വിചിത്രൈസ്തന്ത്രകർമ്മഭിഃ. 6
സ്തൂപീ ഹേമമയീ യത്ര പ്രാസാദോ ഹേമനിർമ്മിതഃ
കേതുഃ കനകദണ്ഡശ്ച ചതുശ്ശാലാ ഹിരണ്മയീ. 7
ജയത്യതിതരാമേതൽ ക്ഷേത്രം ത്രൈലോക്യവിശ്രുതം
വേദഘോഷൈരതിതരാം ബധിരീകൃതദിങ്മുഖം. 8

രണ്ടാമദ്ധ്യായം

ശുകപുരക്ഷേത്രം

1. ശുകപുരം=ചൊവ്വരത്ത് (ചോരത്ത്). ഇതു പൊന്നാനിത്താലൂക്കിലാകുന്നു. ഇതു ക്ഷേത്രങ്ങളിൽവെച്ച് അതിശ്രേഷ്ഠവുമാകുന്നു 2—8. ചൊവ്വരത്ത് പ്രതിഷ്ഠ ദക്ഷിണാമൂർത്തിയാകുന്നു. ദക്ഷിണാമൂർത്തിയുടെ നട തെക്കോട്ടാണ്. എന്നതു പ്രസ്താവയോഗ്യമായ ഒരു വിശേഷമാകുന്നു. കിഴക്കോട്ടു നടയായിട്ട് അവിടെത്തന്നെ ശിവന്റെ മറ്റൊരു പ്രതിഷ്ഠകൂടിയുണ്ട്. ഈ ഗ്രാമം ഓത്തന്മാൎക്കു പ്രാധാന്യമേറിയതാണ്. 'ശുകപുരം ഗ്രാമം' കർമ്മികൾക്കു പ്രസിദ്ധമായ ഒരു സങ്കേതമാണല്ലോ.

അഥാത്ര സമ്പ്രവക്ഷ്യാമി ക്ഷേത്രാണാമുത്തമോത്തമം
'മഹാവനം' ജയത്യേതൽ ബ്രാഹ്മണൈരഭിശോഭിതം. 9
മഹാവനമഥാഗത്യ വവന്ദേ ലോകവിശ്രുതം
അർദ്ധനാരീശ്വരം ദേവം പൂരുണാത്ര പ്രതിഷ്ഠിതം. 10
നടേശ്വരം മഹാദേവം പാർവ്വതീഞ്ച ഗണേശ്വരം
ശാസ്താരം ദക്ഷിണാമൂർത്തിം മഹാഗണപതിം തഥാ. 11
പശ്ചാൽഭാഗേ ഭദ്രകാളീം ഷൺമുഖം ഹരപുത്രകം
ദേവം വലപുരാധീശം ശാസ്താരം ഗ്രാമദൈവതം. 12
ദക്ഷിണസ്യാം ദിശി പുനർവ്വലയാധീശ്വരീം ശിവാം
അംബാമൈശ്വര്യഫലദാം ശ്രീസൌഭാഗ്യപ്രദായിനീം. 13
മദ്ധ്യദ്വാപീശ്വരം വിഷ്ണും പൂർവ്വഭാഗേ മഹീശിതുഃ

ഇനി 'പെരുമനത്തു' ഇരട്ടയപ്പന്റെ ക്ഷേത്രം. 9—45 ഇരട്ടയപ്പൻ (ശങ്കരനാരായണൻ) സ്വയംഭൂ. 9. മഹാവനം=പെരുവനം; 'പൂരുവനം' എന്ന യഥാർത്ഥ സംജ്ഞയ്ക്കു കാലാന്തരത്തിൽ 'പെരുവനം' എന്നും 'പെരുമനം' എന്നുമുള്ള മാററങ്ങളുണ്ടായി. പെരുവനത്തിന്റെ സംസ്കൃതമാകുന്നു 'മഹാവനം'. ഇതു തൃശ്ശിവപേരൂരിൽനിന്നു ആറു നാഴിക തെക്കാകുന്നു. 10. 11. മാടത്തിലപ്പനെന്ന മഹാശിവനെ പൂരുമഹർഷിയാണു പ്രതിഷ്ഠിച്ചിട്ടുള്ളതു്. പൂരുമഹർഷിയേയും ജനങ്ങൾ മാടത്തിലപ്പന്റെ നിരൃതികോണിലായി പ്രതിഷ്ഠിച്ചിട്ടുണ്ടു്. അതിനാലത്രെ ഈ പ്രദേശം 'പൂരുവന'മായതു്. ഇവിടെ ദക്ഷിണാമൂർത്തിയുമുണ്ടു്. പാർവ്വതിയും ഗണപതിയും ശാസ്താവും ദക്ഷിണാമൂർത്തിയുടെ സമീപത്തായുണ്ടു്. ദക്ഷിണാമൂർത്തി ഇവിടേയും തെക്കോട്ടു തിരിഞ്ഞാണിരിക്കുന്നതു്. 12. പശ്ചാൽഭാഗേ=പടിഞ്ഞാറുഭാഗത്തു (മേക്കാവു എന്ന അമ്പലത്തിൽ) ഭദ്രകാളി—കിഴക്കോട്ടു നട; തായൻകുളങ്ങര സുബ്രഹ്മണ്യൻ—കിഴക്കോട്ടു നട; (ഇവിടെ ഇപ്പോഴും തൈപ്പൂയത്തിനാൾ വളരെ കേമമായി കാവടിയഭിഷേകവും മററും നടത്തിവരുന്നുണ്ടു്) വലപുരം=തിരുവള്ളക്കാവു്. അവിടെ ശാസ്താവാണു്.—പടിഞ്ഞാട്ടു നട; തിരുവള്ളക്കാവിലപ്പം വളരെ കേളികേട്ട ഒന്നാണു്. 13. പെരുവനത്തു

ശംഖചക്രഗദാപത്മശോഭിതം പശ്ചിമേക്ഷണം. 14
അർദ്ധനാരീശ്വരം ദേവം ദ്വിദേഹം കരുണാനിധിം
അപശ്യമഥ ഗത്വാത്ര ഗ്രാമദൈവമുമാപതിം. 15
പൂർവ്വഭാഗേ മഹാതീർത്ഥേ സ്നാത്വാ ശുദ്ധോദകേ പുനഃ
നിത്യസാന്നിദ്ധ്യമീശാനമനഘം കരുണാനിധിം. 16
"വന്ദേ പിംഗജടാധരം മൃഗധരശ്ശൂലാസിചർമ്മാങ്കുശ-
പ്രാസർഷ്ടീഷുമുസൃണ്ഡിമുൽഗരഗദാവീണാകുഠാരാഞ്ചിതം
ഭസ്മാഹീന്ദുകപാലഭൂഷിതതനും ഗംഗാധരം ശങ്കരം
നൃത്യന്തം നടവൽ പ്രദോഷസമയേ ദേവം പശൂനാം പതിം"
കൈലാസശിഖരാരൂഢം ജഗത്സംഹാരകാരണം
മൂർത്തിഭേദം പുരാരാതേരിന്ദുചൂഡമുപാസ്മഹേ. 18
ഹരിണാങ്കശിരാഃ കപാലമാലീ വരദാഭീതികുഠാരശൂലപാണിഃ
ദദതാമഭിവാഞ്ഛിതംകപർദ്ദീ സഹസാ മേ ഗിരിജാവിഭക്തദേഹഃ.
കലാ സേയം ശംഭോശ്ശിരസി വിധൃതാ ഹേമലതികാ
നിരാലംബാകാശാദ്ധിമകരകലേയം വിഗളിതാ
യദാലോകാന്നൃണാം നയനനളിനം പാണികമലം
ദ്വയം ജാതം സദ്യോമുകുളിതമനന്യാദയഭവം. 20
പൂർവ്വം പൂരുവനേ ഗിരീന്ദ്രതനയാഭർത്തശ്ഷാണ്മാതുര-
ശ്രീഭദ്രാഗണനാഥഭൂതനിവഹൈർഗ്ഗാർഹസ്ഥ്യവാൻ സുസ്ഥിതഃ
ദേവാഗാത്മനിവാസഭൂഷണതയാ ഭൂസ്ഥാമവസ്ഥാം ഗതഃ
കാലേസ്മിൻ സുഖഭാക്കുടുംബസഹിതഃതാരാമപ്രഭാവാൽഗതഃ.
ഗംഗാതോയാഭിപൂർണ്ണൈർമ്മണിമയകലശൈ-
സ്സാധു സമ്മന്ത്ര്യമാണൈ-
ശ്ചക്രുർദ്ദേവാഭിഷേകം ക്ഷിതിവിബുധവരാ-
സ്സമ്പ്രഹൃത്ത വിധിജ്ഞാഃ

നിന്നു അരനാഴിക തെക്കുഭാഗത്താണു സാക്ഷാൽ ഊരകത്തമ്മ തിരുവടി സ്ഥിതിചെയ്യുന്നതു്. 14. കിഴക്കുഭാഗത്തു 'നട്ടുവിൽകുളങ്ങരെ' മഹാവിഷ്ണുവിന്റെ പ്രതിഷ്ഠയുണ്ടു്—പടിഞ്ഞാട്ടു നട. 15—16. ദ്വിദേഹൻ=ഇരട്ടയപ്പൻ 'മഹാതീർത്ഥ'മെന്നു പറഞ്ഞിട്ടുള്ളതു 'തൊട്ടുകുള'ത്തെപ്പററിയാണ്. 17—33. ഈ പതിനേഴും ധ്യാനശ്ലോകങ്ങളാകുന്നു. 17—24. ഇവയെട്ടും ഇരട്ടയപ്പ

ഭേരീശംഖാദികോലാഹലകളനിനദൈ-
സ്സുപ്രവൃദ്ധൈസ്സമന്താ-
ദ്ദേവാശ്ചാവീക്ഷ്യ ഘോഷം ശിവശിവ! നയനൈ-
ന്നിന്നിമേഷൈന്ന തൃപ്താഃ. 22
വീണാവേണുമൃദംഗശംഖമുരജൈജ്ഝീരൈസ്സുഭൈസ്സാണ്ഡകൈ-
ന്നാനാഭൂഷണനിസ്വനൈശ്ച തുമുലഃ കോലാഹലോഭൂത്തദാ
വേദൈർമ്മന്ത്രവരൈജ്ജയാദികവരൈർവ്വാദ്യൈരനേകൈസ്തുത-
സ്സല്ലാപൈശ്ച നൃണാം സുകംബുകരവൈരന്യൈരനേകൈരപി.
ആകാശേ സുമനോവൃന്ദം വിമാനസ്ഥമഭൂദ്യഥാ
ദേവാംജിരേ വിമാനസ്ഥം സുമനസ്വപി സുസ്ഥിതം. 24
ദേവീ ദേവവരാർച്ചിതാ ഭഗവതി ഗൌരി ജഗന്മംഗളാ
ഭക്താ ഭക്തിഹാരിണീ മുനിജനൈഃ സേവ്യാ ഗിരീശപ്രിയാ
നിത്യാ വിശ്വലയോദയസ്ഥിതികരീ സൌഭാഗ്യസമ്പൽകരീ
ദിവ്യസ്ത്രീജനസേവിതാ പരിലസത്യന്ത്യനകാന്തിച്ഛടാ. 25
കമണ്ഡലുപ്രോക്ഷിതമബ്ജജന്മനാ മുരാരിപാദാംബു ജഗത്പാ
[വനം
കരേണ ജഹ്നോവ്യുളൂകീകൃതം ജലം ഗിരീശകോടീരലസജ്ജയ
അന്തരായമഹാംഭോധികർണ്ണധാരോ വിനായകഃ [ത്യലം,
അങ്കേ നിഷണ്ണഃ ശ്രൈകണ്ഠേ വിഭാത്യേവ സ്വയംഭവഃ, 27
ഭൂതേശസ്സുരപൂജിതോ വലപുരാധീശോ ഭുജേ ദക്ഷിണേ
ശംഭോഃ പൃഷ്ഠതനേശ്വരസ്യ നിവസൻ 'യോഗീശ്വരൈർച്ചിതഃ
സ്വായംഭൂഃ പരദൈവതം സുതകളത്രാഭ്യാഞ്ച പാർശ്വദ്വയേ
സാക്ഷാദേവ വിഭാതി പൂരുഗഹനേ ഭൂലോകകല്പദ്രുമഃ. 28
പുരിസ്ഫുരതി ച വ്യക്താ സദാ താരകമർദ്ദനഃ
ഹിമാലയസുതാവക്ത്രപങ്കജാഹസ്കരഃ സ്വയം. 29
ഭദ്രാ സാഷ്ടഭുജേശ്വരീ ഭഗവതീ കാളീ മഹേശാത്മജാ
ദീവ്യന്തീ പുരതോ മഹാവനപതേർദ്ദേവസ്യ ഗൌരീപതേഃ

നെ വർണ്ണിക്കുന്നു. 25. ഇതു ശ്രീപാർവ്വതിയെസ്സംബന്ധിച്ചുള്ളതാണ്. 26. ഇതു ഹരജടാജൂടത്തിലുള്ള ഗംഗാജലത്തെപ്പററിയാകുന്നു. 28. തിരുവള്ളക്കാവിലയ്യപ്പന്റെ ധ്യാനശ്ലോകമാകുന്നു. ഇതു; ഈ തിരുവള്ളക്കാവു പെരുവനത്തുനിന്നു ഒരുനാഴിക വടക്കു

ദൈത്യാസ്ഥി ശർചാപഖഡ്ഗച്ഛുരിചാദ്യാനേകദിവ്യായുധാ
ഘോരാകാരഭയങ്കരീ വിജയതേ നിത്യം മഹാഭൈരവീ. 30
ദേവോ മാടതലേശയോ ഗിരിജയാ നിത്യാവിയോഗം ഗതോ
രത്നാഢ്യസ്ഫുരിതാ രഹസ്യഭഗയാ പ്രത്യേകമവ്യാകുലം
അത്യുത്തുംഗലസത്സുധാധവളിതപ്രാസാദമധ്യസ്ഥിതോ
വിശ്വേശം സുരവിഘ്നഗാസ്സുതഭരാശ്ലേഷാനുഭൂതാനഘം. 31
മഹാവനമഹേശാനമഹാകീർത്തിമഹാമഹഃ
നിദാനമേതാനാലിചേയ ഭൂയാന്നോ നിത്യമേവ ഹി. 32
മഹാവനസ്ഥിതോ നിത്യം മഹാനവനതത്പരഃ
ബിഭ്രന്മഹാവനം മൂർദ്ധ്നാ ജയത്യുച്ചനായകഃ. 33
പ്രാസാദമണ്ഡപഞ്ചാഢ്യ പ്രാകാരം ഗോപുരം മുനിഃ
ഹാവ്യശാലാം നൃത്തശാലാം ചതുശ്ശാലാം വ്യധാദപിഃ. 34
ഭുക്തിശാലാം സ്നാനശാലാം ധ്വജം ചൈഹം വൃഷാഞ്ചിതം
പ്രാസാദം സ്വർണ്ണഫലകൈസ്സ്വർണ്ണസ്ഥൂപീമനോഹരം. 35
ഭേരീരവം ശംഖനാദം വേദഘോഷമഹർന്നിശം
പഞ്ചപൂജാവിധിന്നിത്യമുത്സവഞ്ച മുനീശ്വരഃ 36
നിത്യം ശാല്യന്നനൈവേദ്യം ഗുളമിശ്രിതപായസം
അപൂപകദളീപക്വലാജക്ഷീരാർദ്രപായസം. 37
ചതുശ്ശതം ത്രിമധുരം ക്ഷീരധാരാമനാരതം
ശംഖാഭിഷേകം ധാരാഞ്ച ബാലകരാഭിഷേചനം. 38
അംഗുല്യകം ച മന്ത്രാങ്കം തഥാ മത്തവിലാസകം

കിഴക്കോട്ടായാണ്. 29. സുബ്രഹ്മണ്യധ്യാനം. 30. മേക്കാവിലമ്മയെപ്പററിയുള്ള ധ്യാനശ്ലോകം. 31. മാടത്തിലപ്പൻ. 32—33. പിന്നെയും രണ്ടു പദ്യംകൊണ്ടു ഇരട്ടയപ്പനെത്തന്നെ സ്തുതിച്ചുകൊണ്ടു വന്ദനം അവസാനിപ്പിക്കുന്നു. 34—36. മണ്ഡപം, മതില്ക്കെട്ട്, കൊടിമരം, താഴികക്കുടം മുതലായതെല്ലാം അവിടെ ഉണ്ടാക്കി. 37, 38. വെള്ള, ശർക്കരപ്പായസം, അപ്പം, കദളിപ്പഴം, മലർ, പാൽപ്പായസം, ചതുശ്ശതം, ത്രിമധുരം—ഇവയാകുന്നു ഇവിടെ നിവേദ്യങ്ങൾ; പാൽകൊണ്ടു ധാര; ശംഖാഭിഷേകം, വെറുംധാര, ഇളനീരാട്ടം—എന്നിവയ്ക്കും ഇവിടെ പ്രാധാന്യമുണ്ട്. 39. അംഗുല്യങ്കം, മന്ത്രാങ്കം, മത്തവിലാസം— ഈ മൂന്നുത

നാട്യത്രയമിദം തത്ര നിയമേനാത്ര കല്പിതം. 39
ക്ഷേത്രേ തത്ര മധൌ മാസി ഭാഗ്യതാരാവസാനകഃ
അഷ്ടാവിംശത്യഹോരാത്രമുത്സവോ ലോകവിശ്രുതഃ. 40
സഹായിഭിശ്ച പ്രസ്ഥാനേ ദേവപാരിഷദീശ്വരൈഃ
സഹൈവോത്സവവേലാ ഹി പ്രവൃത്താ പ്രതിവത്സരം. 41
ആബാലവനിതാവൃദ്ധം ദ്രഷ്ടുകാമാ മഹാജനാഃ
ആയാന്തി ഹി യഥാകാമം പരിധാനാദ്യലംകൃതാഃ. 42
വിമാനാവലിഭിർദ്ദേവാസ്സസ്ത്രീകാസ്സമലംകൃതാഃ
ആകാശേ നിബിഡീഭൂയ തിഷ്ഠന്തി ഹി യഥാസുഖം. 43
ദേവസ്യ സർവ്വകാര്യാർത്ഥം യോഗാചാര്യൈഃ പ്രകല്പിതഃ
ചതുർല്ലക്ഷാധികം ധാന്യമായാതി പ്രതിവത്സരം. 44
കർമ്മിദ്വിജാനാഞ്ച സഭാ വ്യാപൃതാ ക്ഷേത്രപാലനേ
യോഗ ഇത്യുച്യതേ സ്വൈരമവരോധവിരോധിനീ. 45

രം ചാക്യാർകൂത്തും ഇവിടെ ഇടവിടാതെ കൊല്ലംതോറും നടന്നുവരുന്നുണ്ട്. 40, 41. മീനമാസത്തിൽ ഉത്രം നക്ഷത്രത്തിന്നവസാനിക്കുന്നതും ഇരുപത്തെട്ടു അഹോരാത്രം മുഴുവനും നീണ്ടുനില്ക്കുന്നതും നാല്പത്തിരണ്ടു ദേവന്മാരെ എഴുന്നള്ളിക്കുന്നതുമായ ഒരു മഹോത്സവം ഇവിടെ കൊല്ലംതോറും നടന്നിരുന്നുപോലും! എന്നാൽ, ഇപ്പോൾ മീനമാസത്തിൽ പൂരം നക്ഷത്രം ദിവസം ഒരു വിളക്ക (പൂരം) ആണ് ആ സ്ഥാനത്തു കാണപ്പെടുന്നത്. പണ്ടുണ്ടായിരുന്ന ആ ഉത്സവമായിരിക്കാം ഇന്നു ആറാട്ടുപുഴയും മററും നടത്തപ്പെടുന്നത്; എന്നല്ല; തൃശ്ശിവപേരൂർ പൂരംതന്നെ പണ്ടൊരു കാലത്തു ആറാട്ടുപുഴ വെച്ചായിരുന്നുവത്രെ നടത്തിയിരുന്നത്. 42 43. ഉത്സവം കാണ്മാൻ ദേവന്മാർ കൂടി ആകാശത്തിൽ സന്നിഹിതരാവുക പതിവായിരുന്നു. 44. പെരുവനത്തപ്പന്റെ കാര്യക്കാരായിട്ട് അന്നു 'യോഗ'ത്തിലെ ആചാര്യനെയാണു നിയമിച്ചിരുന്നത്. അദ്ദേഹത്തിന്നു നാലു ലക്ഷം പറ നെല്ലു വരവുണ്ടായിരുന്നു. 45.. കർമ്മികളായ ബ്രാഹ്മണരുടെ സഭയെയാണ് 'യോഗം' എന്നു പറയുന്നത്. ഈ യോഗം തന്നെയാണു ക്ഷേത്രത്തിന്റെ ഭരണത്തിൽ ഏർപ്പെട്ടിരുന്നത്. ഈ യോഗക്കാർ പെരുമാളുവരോധത്തിന്ന വിരോധം പ്രദർശിപ്പിച്ചിരുന്നു.

അഥാതസ്സമ്പ്രവക്ഷ്യാമി കഥാമന്യാഞ്ച മാധവീം
സർവ്വപാപപ്രശമനീം സഹസാ രുചിവർദ്ധിനീം 46
സംഗമേശപുരം പ്രാപ്യ രാമോ ഭൃഗുസുതഃ പുരാ
ചതുർഭുജം മഹാവിഷ്ണും പ്രത്യഷ്ഠാപയദീശ്വരഃ. 47
സംഗമേശം മഹാവിഷ്ണും കിരീടകടകാഞ്ചിതം
പ്രത്യഷ്ഠാപയദേവാത്ര ഭരതം ഭരണക്ഷമം. 48
പ്രാച്യാശാഭിമുഖം ദേവം പീതകൌശേയവാസസം
ചതുർഭുജം ചാരുവക്ത്രം ദിവ്യാലങ്കാരഭൂഷിതം. 49
ഉത്തരസ്യാം മത്സ്യതീർത്ഥം പാവനം പുണ്യവർദ്ധനം
ഗ്രീഷ്മകാലേ ജലം ശീതം വർഷേ ചോഷ്ണം മഹാത്ഭുതം. 50
കടതീർത്ഥം പുരോഭാഗേ ശുഭോദകമകല്മഷം
കടതീർത്ഥ നരൈഃ സ്നാത്വാ സ്നേയം മാത്സ്യോദക പുനഃ. 51

ദേവോസൌ വാസുദേവോ ജയതി ഗുണനിധി-
ന്നിർഗ്ഗുണസ്സംഗമേശ-
സ്സർവ്വാഭീഷ്ടപ്രദാതാ ധരണിസുരവരൈ-
രർച്ചിതോ വേദവിദ്ഭിഃ
ഏവംഭൂതേ ച സാക്ഷാൽ ഭഗവതി സഹസാ
ന്നത്രയാതേ ജനാനാം
ഭാഗ്യം കിം വർണ്ണനീയം ശിവശിവ ഭഗവ-
ത്സന്നിധാനം ഹി പുണ്യം. 52

ഇനി ഈ അദ്ധ്യായത്തിൽ ഇരിഞ്ഞാലക്കട കൂടൽമാണിക്യത്തെപ്പറ്റിയാണ പറയുന്നതു് — 46. മാധവീ=വിഷ്ണുവിനെസ്സംബന്ധിച്ചതു്. 47-49.സംഗമേശപുരം=ഇരിഞ്ഞാലക്കട.(സംജ്ഞയുടെ ഉത്പത്തി. 65,66. ശ്ലോകങ്ങളിൽ). ഇവിടെ മഹാവിഷ്ണുവിന്റെതന്നെ അവതാരമായ'ഭരത'നെ ഭാർഗ്ഗവരാമൻ പ്രതിഷ്ഠിച്ചിരിക്കുന്നു. കിഴക്കോട്ടാണ നട. 50.വടക്കുഭാഗത്തു'മത്സ്യതീർത്ഥ'മുണ്ടു്. ഇതിലെ വെള്ളം വേനല്ക്കാലത്തു ശീതവും വർഷാകാലത്തു ഉഷ്ണവുമായിരിക്കുമത്രെ! 51. കിഴക്കുഭാഗത്താണ 'കുട്ടൻകുളം', ഇതിൽക്കുളിച്ചിട്ട തീർത്ഥത്തിൽപ്പോയി മുങ്ങുവാൻ പാടുള്ളൂ. 52

പ്രാസാദമണ്ഡപഞ്ചാത്ര പ്രാകാരം ഗോപുരം തഥാ
ഹസ്തിശാലാം ഭക്തിശാലാം ചതുശ്ശാലാം വ്യധാദപിഭൂഃ 53
സ്തൂബീംഹേമമയീ ദിവാകരകരാക്ഷേയം ഘനദ്ധ്വംസിനീ
പീനാ ഭാതി സദാമരദ്രുമസമാ ശ്രീസംഗമാധീശിതുഃ
ക്ഷേത്രേ പുണ്യതമേ മഹത്തരമഹീദേവൈസ്സദാപൂരിതേ
ശ്രീരംഗേ മുനിനാ ച ധൎമ്മനിധിനാ ശ്രീഭാൎഗ്ഗവേണാൎപ്പിതാഃ 54
സേവാൎത്ഥം പുരുഷോത്തമസ്യ സവിതാ ശ്രീസംഗമാധീശിതുഃ
സംപ്രേക്ഷ്യാവസരം വസത്യവിരതം പ്രാസാദമദ്ധ്യോപരി
ഇത്യാശങ്ക്യ കുതൂഹലാഞ്ചിതദൃശഃ പശ്യന്തി സൎവ്വേ ജനാഃ
സ്തൂബീം ഹേമമയീം മഹാഭ്രപടലീസഞ്ചാരസഞ്ഛേദിനീം. 55
ശ്രീമദ്രത്നസഹസ്രരാജിതമഹാസൌവൎണ്ണകാന്ത്യുജ്ജ്വല-
ശ്രീഃദേവാലയമസ്തകാഞ്ചിതഘടപ്രദ്യോദിതാശാന്തരേ
കിം കിം ദീപസമൎപ്പണം ദിശി ദിശി വ്യൎത്ഥം രവീന്ദൂദയേ
വസ്തുപാലോകനമത്ര നിത്യസുലഭം തേജഃപ്രഭാവാദഹോ. 56
കേരളീയമഹീദേവാസ്സന്ധ്യാനിയമതൽപരാഃ
മണികുംഭപ്രകാശേന സൂൎയ്യസ്യാസ്തം ന തേ വിദുഃ. 57
നിശ്യൎക്കോ ന ദിവാ ശശീ ന ഹൃതകേശീതോസ്തിനൈവാത്ഭുതം
തേജ്യോപ്യന്യദനന്യധൎമ്മമതുലം കിംവസ്തു ചൈതൽ ശ്രുതം
ഇത്യാശങ്ക്യ നിരന്തരം ദിവിഷദഃ സ്തൂബീം പ്രകാശാത്മികാം
നേത്രാണാമനിമേഷതാഫലമഹോ യാതാഃ കൃതാൎത്ഥാശ്ച തേ.
മിത്രസ്യാഭാവതോളൽ ബലിസദനഭുവാം രത്നദീപപ്രകാശൈ
വസ്തുപാലോകോ ജനാനാമഹിമകരകരസ്പൎദ്ധിഭിശ്ചിത്രവൎണ്ണൈഃ
ആകാശേ നാകലോകകനകഘടരുചാ രത്നശോഭാജുഷം തേ
സൎവ്വംപശ്യന്തി കുത്രേത്യപഹൃതമണയോ ദൈവദൃഷ്ട്യാ വിവിച്യ.
നിത്യം ശാല്യന്നമൈഃവൎദ്ധ്യ മപൂപം കദളീയുതം
കേരളാജഗുളോപേതം ഭവേത്ത്രിമധുരം ശുഭം. 60

ഇതു സംഗമേശസ്തോത്രമാകുന്നു. 53_59. മണ്ഡപം മുതലായവയെ എടുത്തുകാണിച്ചു് ആറു ശ്ലോകംകൊണ്ടു കനകത്താഴികക്കടത്തെ വൎണ്ണിച്ചിരിക്കുന്നു. 60_61. വെള്ളനിവേദ്യം. (ഇതു അന്നന്നു കൊയ്തെടുത്ത നെല്ലു കുത്തിയ ഉണക്കലരികൊണ്ടു

കേരക്ഷീരഗുളോപേതം പായസം ക്ഷീരപായസം
നിത്യം നിവേദ്യതേ തസ്യ ദേവസ്യ ബഹുധാ ജനൈഃ. 61
മഹോത്സവോ മേഷമാസേ ദേവോത്സവസമോ ഭുവി
ഹസ്തർക്ഷാവഭൃതസ്സ്നാനോ ദശാഹോ ഭുവി വിശ്രുതഃ. 62
ശംഖധ്വാനം വേദഘോഷം ഭേരീപടഹനിസ്വനം
നടനകത്ഥകഗാനഞ്ച മൃദംഗമുരജാരവം. 63
നിത്യോത്സവം ശീബലിം നവകം പഞ്ചഗവ്യകം
ഘൃതാഭിഷേകമിത്യാദ്യം കല്പയാമാസ ഭാർഗ്ഗവഃ. 64
മാണിക്യം കേനചിൽ ബിംബേ വിന്യസ്തം യത്തദൈവ ഹി
നിലീനം തത്ര തൽ; തസ്മാത്സംഗമേശോഭവൽ ഭുവി. 65
അദ്യാപി ദൃശ്യതേ രത്നം മഹാദ്യുതി നിരന്തരം
ദേവബിംബേ ജനൈസ്സർവ്വൈരത്യത്ഭുതമിദം ഭുവി. 66
ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ ദ്വിതീയാദ്ധ്യായഃ.

വേണമെന്നു കേട്ടിട്ടുണ്ട്.) അപ്പം, ത്രിമധുരം, ഇടിച്ചുപിഴിഞ്ഞ പായസം, പാൽപ്പായസം—എന്നു തുടങ്ങിയ നിവേദ്യങ്ങൾ. തുലാമാസത്തിൽ തിരുവോണത്തിനു പുത്തിരിനിവേദ്യവും; പിറേറന്നു മുക്കിടിനിവേദ്യവും. (ഇതിനു കുട്ടഞ്ചേരിമൂസ്സിന്റെ സാന്നിധ്യം കൂടിയേ കഴിയൂ.) 62—63. മേടമാസത്തിൽ പത്തുദിവസത്തെ ഉത്സവം വളരെ കേമമായി ഇന്നും നടന്നുവരുന്നുണ്ട്. ഉത്രത്തിനു കൊടിയേറുന്നു; തിരുവോണത്തിന് ആറാട്ട്. ഇതു് ഊഴപ്രകാരം ഓരോ കൊല്ലത്തിങ്കലും ഓരോ ദിക്കിലാണ്. 64. നവകം, പഞ്ചഗവ്യം, നെയ്യ് ആട്ടുക—എന്നിവയെല്ലാം ഇവിടെ പ്രധാനമാണ്. 65—66 ഏതോ ഒരാൾ ബിംബത്തിന്മേൽ കൊണ്ടുപോയി ചാർത്തിയ ഒരു വിശിഷ്ടമാണിക്യരത്നം തൽക്ഷണംതന്നെ ബിംബത്തിൽ ലയിച്ചുപോയി! ഈ രത്നം ഇന്നും ബിംബത്തിൽ തെളിഞ്ഞു വിളങ്ങിക്കാണാം.

തൃശ്ശിവപേരൂർ ഗ്രാമം, ശുകപുരം ഗ്രാമം, പെരുവനം ഗ്രാമം, ഇരിഞ്ഞാലക്കുട ഗ്രാമം—ഇവ നാലും ബ്രാഹ്മണരുടെ പ്രത്യേകസങ്കേതങ്ങളാകുന്നു. അതിനാൽ ആ മുറയെ അനുസരിച്ചു

തൃതീയോഽധ്യായഃ.

അതഃ പരം പ്രവക്ഷ്യാമി കഥാമന്യാം ശുഭോദയാം
ശ്രുത്വാ യാം സൎവ്വപാപേഭ്യോ മുച്യതേ മാനവസ്സ്വയം. 1
നിളാനദീ പുണ്യതമാ നിത്യം പശ്ചിമവാഹിനീ
രാജതേ വിമലാ സേയം സൎവ്വാഘൌഘവിനാശിനീ. 2
സമുദ്രരാജമഹിഷീ ഛത്രവ്യജനചാമരൈഃ
വിരാജിതാ രാജചിഹ്നൈഃ പത്മകാശാദിരൂപിഭിഃ. 3
സമൂലപുഷ്പിതാശോകചാമീകരകിരിടിനീ
വാലുകാമണിപീഠാഗ്രവാസിനീ ഫേനചന്ദനാ. 4
സുനൎത്തിതമഹാബൎഹിബൎഹവ്യജനവീജിതാ
സലോമചമരീബാലമന്ദാന്ദോളിതചാമരാ. 5
പുളിനാഭോഗജഘനാ ശൈവാലകബരീഭരാ
സ്മേരപങ്കേരുഹമുഖീ കൂലവനദ്രുമാളിനീ. 6
ദ്വിജാളിവരസല്ലാപാ വീചീഭ്രൂഭംഗപദ്മാധരാ
മഹാമീനചലന്നേത്രാ കച്ഛപാധീശചത്വരോദരാ. 7
തീരദേശമഹാബിംബതാമ്രാധരവിരാജിതാ
നിമ്നനാഭിഹ്രദാഭോഗാ കേരസ്തബകകുണ്ഡലാ 8
തീരദേശസമുത്ഥാരുവൃക്ഷകാണ്ഡോരുശോഭനാ
അനേകശഷ്പചികുരാ ബകാളിരദനാഞ്ചിതാ. 9

ഈ രണ്ടധ്യായത്തിലും കൂടി ആ നാലു ക്ഷേത്രങ്ങളെപ്പറ്റി പ്രതിപാദിച്ചു.

എന്നു രണ്ടാമദ്ധ്യായം

മൂന്നാമദ്ധ്യായം

ഭാരതപ്പുഴയും തിരുനാവായ ക്ഷേത്രവും 1—47

2. നിളാനദി—ഇതു ഭാരതപ്പുഴയുടെ മറെറാരു പൎയ്യായമാകുന്നു. ഈ നദി പടിഞ്ഞാട്ടൊഴുകുന്നു. 3—18. ഈ പതിനാറു പദ്യവും ഈ നദിയുടെ വൎണ്ണനമാകുന്നു. ആൎയ്യാവൎത്തത്തിൽ ഗം

ജലസംഘോഷനിഃശ്വാസാ സാഗരാധീശ്വരപ്രിയാ
തീരോപാന്തശിരോഭാഗസുഗന്ധിസുമരാജിതാ. 10
സുദീൎഘപീവരാകാരാ ഗംഭീരാ വിമലോദകാ
വക്രാ സഹസ്രവദനാ വാസുകിപ്രതിമാ നദീ. 11
വാഹിനീ വാഹിനീഃവയം മഹാവാഹരവാകുലാ
ചക്രിണീ ചാശ്ശുഗാക്രാന്താ മഹാനാഗഭയങ്കരീ. 12
ഭാസ്വരീ പ്രഭേവ ദോഷഘ്നീ പന്നഗീവ മഹാവിഷാ
ശ്രീകൃഷ്ണഗാഥേവാഘഘ്നീ ശങ്കരീശപ്രിയേവ സാ. 13
സുമനോനിചയോപേതാ സ്വൎണ്ണദീവ ശുഭോദകാ
മണിവിദ്രുമസോപാനാ ദിവ്യദ്വിജജനാശ്രയാ. 14
ദ്വിജരാജഗൃഹോപാന്താ നിത്യം വ്യോമസ്ഥലീ യഥാ
വിരൂഢകല്പലതികാ ശോഭനാ ദ്യൌരിവാപരാ. 15
വനൌഘരമണീയാംഗീ രാജതീയം മഹാനദീ
ഭീമാൎജ്ജുനാശ്രയാ ധൎമ്മകരണീ നകുലാശ്രയാ 16
സഹദേവീധാൎത്തരാഷ്ട്രശതാദ്ധ്യക്ഷാ സുദീൎഘികാ
ഭീമദ്രൗണിദ്രോണയുതാ, ജനാൎദ്ദനകൃപാശ്രയാ. 17
കൎണ്ണശല്യഹരീ ചേയം ഭാരതീ ഭാരതോപമാ
നിളാനദീ പുണ്യതമാ സേയം കല്യാണദായിനീ. 18
ത്രിമൂൎത്തീനാം മദ്ധ്യഭാഗവാഹിനീ പുണ്യവൎദ്ധിനീ
ഗംഗാസമാനോദകാ ച സ്നാനമാത്രേണ പാവനീ. 19
ഭാരതാഖ്യാ നദീ സേയം നിത്യം പശ്ചിമവാഹിനീ
യത്ര സ്നാന്ത്യമരാ നിത്യം ശുദ്ധയേ ശുദ്ധവൎച്ചസഃ. 20
ഉപരാഗാദികാലേഷു സ്നാനതോ മുക്തിദായിനീ
സേയം ഭഗവതീ പുണ്യാ നദീ പുണ്യഫലദായിനീ. 21

ഗാനദിക്കുള്ളത്ര മാഹാത്മ്യം ഇതിന്നു കേരളത്തിലുണ്ടു്. ഈ വൎണ്ണനവും, ബാലകാണ്ഡത്തിലെ ഗംഗാവൎണ്ണനംപോലെ പ്രശാന്തഗംഭീരമായിരിക്കുന്നു. 19. ത്രിമൂൎത്തികളുടെ മദ്ധ്യഭാഗത്തിലൂടേയാണു് ഇതൊഴുകുന്നതു്. 20. ഇതിന്നു ഭാരതപ്പുഴ എന്നു പേർ കൂടിയുണ്ടു്. 21. ഗ്രഹണകാലങ്ങളിലുംമററും ഇതിൽ സ്നാനംചെ

ദിവ്യയം ഭാരതാഖ്യാ ച വൎണ്ണ്യതേ കേന വാമലാ
നിളാനദീ ദാക്ഷിണാത്യതീരേ ബ്രഹ്മാ ച ശങ്കരഃ. 22
ഉത്തരേ ച മഹാവിഷ്ണുസ്ത്രയസ്സന്തി ഹി മൂൎത്തയഃ
ബ്രഹ്മക്ഷേത്രസമീപേ തു ദ്വിജാനാം വൈദികോ മഠഃ. 23
ഉച്ചരന്തി ദ്വിജാ യത്ര ത്രയീമഹാരഹസ്യകം
ഉപാദ്ധ്യായദ്വിജവരോ ബ്രാഹ്മണാനാമധീശ്വരഃ. 24
ഉച്ചാരയത്യഹരഹസ്ത്രയീമുച്ചൈസ്സ്വയം വിഭുഃ
പ്രതിഷ്ഠാ ബ്രഹ്മണോ ഭൂമൌ ദുൎല്ലഭാ നാത്ര സംശയഃ. 25
അത്ര ത്രയാണാം ഭവതി പ്രതിഷ്ഠാ ചാതിപാവനീ
അത്യത്ഭുതമിദം മന്യേ ത്രിമൂൎത്തീനാം സഹാസനം. 26
ജനഭാഗ്യം കിമപരം പ്രത്യക്ഷാസു ത്രിമൂൎത്തിഷു
ത്രിഷ്വേകോപി പരം ദാതുമലം ബ്രഹ്മാദിഷു സ്ഫുടം. 27
പ്രത്യക്ഷേഷു ജനാനാന്തു ദുൎല്ലഭം കിന്നു സാമ്പ്രതം
ശൃണ്വന്തോ വേദനിൎഘോഷം സരസാ ജഗദീശ്വരാഃ. 28
വാഹിനീതടയോൎമ്മദ്ധ്യാസീനാസ്ത്രയഃ സ്സുരഃ
ജനാമയഘ്നാസ്തിഷ്ഠന്തി സൃഷ്ടിസ്ഥിത്യന്തഹേതവഃ. 29
നിളാനദീതീരദേശേ ബ്രഹ്മവിഷ്ണുമഹേശ്വരാഃ
നാവാക്ഷേത്രേശ്വരോ വിഷ്ണുൎന്നിളാനദ്യാസ്തടേ ശുഭേ. 30
ഉത്തരേ ഭാസതേ നിത്യം പ്രാച്യാശാഭിമുഖോ വിഭുഃ

യ്യുന്നതു് എത്രയും പുണ്യകരമാണു്. 22_23. ഈ നദിയുടെ തെക്കെ കരയ്ക്കു ബ്രഹ്മാവും ശിവനും, വടക്കെ കരയ്ക്കു മഹാവിഷ്ണുവുമുണ്ടു്. ബ്രഹ്മാവിന്റെ ക്ഷേത്രത്തിന്റെ സമീപത്താണു് ഓത്തന്മാരുടെ മഠമുള്ളതു്. 24_26. ആ മഠത്തിൽ ഓത്തു ചൊല്ലുകയും പഠിപ്പിക്കയും എന്നുമുണ്ടു്. ഭൂമിയിൽ ബ്രഹ്മാവിന്റെ പ്രതിഷ്ഠ വളരെ ദുൎല്ലഭമാണു്. ഇവിടെയാകട്ടെ മൂന്നുമൂൎത്തികളും ഒന്നിച്ചുണ്ടെന്നുള്ളതു അത്യത്ഭുതംതന്നെ. 30_31. നാവാ (തിരുനാവായ) ക്ഷേത്രത്തിലാണു മഹാവിഷ്ണുവിന്റെ പ്രതിഷ്ഠയുള്ളതു്. നട കിഴക്കോട്ടാണു്. 31_38. ഈ വിഷ്ണുബിംബത്തിന്റെ പ്രതിഷ്ഠയെപ്പററിപ്പറയുന്നു: സാക്ഷാൽ നവയോഗികളോ (അവരുടെ പേര

നവയോഗിഭിരാദായ നവബിംബാനി സാദരം 31
ശ്മശാനരഹിതസ്ഥാനമന്വിഷ്യാത്ര സമാഗതം
ഏക ഏവ പുരാ ബിംബമേകമേവ യഥാവിധി. 32
പ്രതിഷ്ഠാപയദത്രൈതൽ പ്രലീനഞ്ചാഭവത്തദാ
തസ്യോപരി ദ്വിതീയഞ്ച ദ്വിതീയോ ബിംബമുത്തമം. 33
തൃതീയശ്ച തൃതീയഞ്ച ചതുർത്ഥശ്ച ചതുർത്ഥകം
പഞ്ചമഃ പഞ്ചമം ബിംബം ഷഷ്ഠഃ ഷഷ്ഠം തഥൈവ ഹി. 34
സപ്തമം ചാഷ്ടമഞ്ചാപി നവമഞ്ച തഥൈവ ഹി
അഷ്ടബിംബാനി മഗ്നാനി നവമം ദൃശ്യതേ ജനൈഃ. 35
നവമം ബിംബമേവൈതന്നവമേന പ്രതിഷ്ഠിതം
അഷ്ടബിംബോപരിഷ്ഠാച്ച പ്രത്യക്ഷം നവമം ഹി യൽ. 36
സർവ്വാഘൌഘഹരം പുണ്യം നവയോഗിപ്രതിഷ്ഠിതം
ശംഖചക്രഗദാപത്മശോഭിതഞ്ച ചതുർഭുജം. 37
വൈഷ്ണവം ബിംബമേവൈതൽ ദൃശ്യതേ വാഹിനീതടേ
നാവാനദ്യാ ജലേനൈവ നിത്യമേവാഭിഷേചനം. 38
വിധാതവ്യം ഭഗവതോ നാന്യനാപി കദാചന
നിർമ്മായപ്രതിമാം ഹൈമീം പിതൄനാവാഹ്യ തത്ര ച. 39

കഠം—കവി, ഹരി, അന്തരീക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ, ദ്രമിഡൻ, ചമസൻ, കരഭാജനൻ) ഒമ്പതു വിഷ്ണുബിംബവും കൈയിലേന്തി അവയെ പ്രതിഷ്ഠിപ്പാൻ ശ്മശാനമില്ലാത്ത ഒരു പ്രദേശത്തെ അന്വേഷിച്ചുകൊണ്ട് ഇവിടെ എത്തിച്ചേർന്നു. ഒന്നാമൻ ഒന്നാമതായി ഒരു ബിംബം പ്രതിഷ്ഠിച്ചു; അതവിടെത്താണുപോയി! അപ്പോൾ രണ്ടാമൻ രണ്ടാമതൊരു ബിംബം അതിന്മീതേ പ്രതിഷ്ഠിച്ചു; അതും മുന്നേപ്പോലെ താണുപോയി! ഇങ്ങിനെ എട്ടു യോഗികളും പ്രതിഷ്ഠിച്ച എട്ടു ബിംബവും മറഞ്ഞു താണുപോകയും, ഈ എട്ടു ബിംബങ്ങളുടേയും മുകളിലായി ഒമ്പതാമത്തേവൻ പ്രതിഷ്ഠിച്ച ഒമ്പതാമത്തെ ബിംബംമാത്രം താണുപോകാതെ ജനങ്ങൾക്കു നയനഗോചരമായിത്തീരുകയും ചെയ്തു. ൩8,൩9. നിളാനദിയിലെ വെള്ളംകൊണ്ടു

ഹവനം തിലകൈഃ കൃത്വാ ജനാ ബിംബേൎപ്പയന്തി താം
പിശാചതാം പരിത്യജ്യ പ്രേതാസ്തേ മുക്തകല്മഷാഃ. 40
തൽക്ഷണാദേവ സിദ്ധ്യന്തി ദേവസായുജ്യമുത്തമം
ശ്രാദ്ധകൎമ്മ പ്രകുൎവന്തി യത്ര പൎവണി പൎവണി. 41
ശൂദ്രാസ്സൎവേ നദീതീരേ തഥാ നൈവ ദ്വിജാതയഃ
പ്രാസാദമണ്ഡപാദ്യൈശ്ച സുവൎണ്ണഫലകാഞ്ചിതം. 42
സ്വൎണ്ണസ്തൂബീവിലസിതഃ ക്ഷേത്രൈഃ സ്വൎണ്ണാദിഭൂഷിതൈഃ
നിത്യം ശാല്യന്നനൈവേദ്യം ക്ഷീരാജ്യഗുളപായസൈഃ. 43
അപൂപക്ഷീരമധുഭിർല്ലാജൈശ്ച കദളീഫലൈഃ
യത്ര ദേവാസ്സൎഷിഗണാഃ സ്നാത്വാ ശുദ്ധനദീജലേ. 44
ദിവ്യകല്പദ്രുസൂനൈൎദ്ദേവമൎച്ചന്തി നിത്യശഃ
തുളസീപത്മമാലാഢ്യം പീതവാസസമുത്തമം. 45
യേ ന പശ്യന്തി തേ മൂഢാഃ കേവലം പാപഭാഗിനഃ
സ്വാധീനൈഃ സ്വകരാദേവ സുമാനി സുലഭാനി ച. 46
അനാശ്വരം നൈവ ജന്മ കിം കിന്നാൎച്ചന്തി മാനുഷാഃ. 47

മാത്രമേ ഈ വിഷ്ണുബിംബത്തെ അഭിഷേകം ചെയ്യുകള്ളൂ. 39—41. സ്വൎണ്ണപ്രതിമയുണ്ടാക്കി തിലഹോമം കഴിച്ച് ആ പ്രതിമയെ ബിംബത്തിന്മേൽ ചാൎത്തുകയാണെങ്കിൽ ഗതിവരാത്ത പ്രേതങ്ങൾക്കു ഗതിവരുന്നതാണ് (സായുജ്യം സിദ്ധിക്കുന്നതാണ്.) 41, 42. ശൂദ്രർ ഈ നദീതീരത്തിൽ കറുത്ത വാവുതോറും (തുലാമാസത്തിൽ വിശേഷിച്ചും) ബലിയിടുന്നു; ബ്രാഹ്മണർ ഇതു ചെയ്യുക പതിവില്ല. 43, 44. വെള്ള, നൈപ്പായസം, പിണ്ടിപ്പായസം, അപ്പം, പാൽ, തേൻ, മലർ, കദളിപ്പഴം എന്നു തുടങ്ങിയവ ഇവിടെ നിവേദ്യങ്ങളാകുന്നു. 45—47. സ്വാധീനങ്ങളായ കരങ്ങളാൽ സുലഭങ്ങളായ പുഷ്പങ്ങൾകൊണ്ടു മനുഷ്യനായിജ്ജനിച്ച ഏവനും അൎച്ചനം ചെയ്യുകയെന്നതുതന്നെ മഹാ ഫലപ്രദമാണല്ലോ.

തിരുനാവായ മണൽപ്പുറം, പണ്ടു 'മാമാങ്കം' നടന്നിരുന്ന സ്ഥലമാകയാൽ, ചരിത്രപ്രസിദ്ധമായ ഒരു പ്രദേശമാകുന്നു. തിരുനാവായവെച്ചു കാലംതോറും, തൃശ്ശൂരിൽവെച്ചെന്നപോലെ, 'ത്രിസന്ധ്യ'യും നടക്കാറുണ്ട്.

'വ്രീഹ്യാസ്യദ്വാരനാഥോ'യം ശ്രീകൃഷ്ണഃ കമലാപതിഃ
ആസ്തേ വ്രീഹിമുഖദ്വാരനദീതീരേ യഥാസുഖം. 48
സേയന്നദീ പുണ്യതമാ നാതിദീർഘവിശങ്കടാ
പശ്ചാന്മുഖീ ശുദ്ധജലാ ദേവസ്യാരാൽ പ്രസർപ്പതി. 49
ശംഖചക്രഗദാപത്മഃശോഭിതശ്ച ചതുർഭുജൈഃ
വിശ്രുതഃ ത്രിഷു ലോകേഷു ദർശനാൽ പുണ്യവർദ്ധനഃ. 50
ശ്രീകൃഷ്ണഃ കമലാകാന്തഃ കാന്തകാന്തശ്ചതുർഭുജഃ
ആധിവ്യാധിഹരോ നിത്യം ജനാനാം പുണ്യവർദ്ധനഃ. 51
നദ്യാം സ്നാത്വാ ദേവലോകാഃ ക്ഷേമായ ച ശിവായ ച
ഉപാസതേ ഭക്തിയുക്താ ദിവ്യകല്പസുമാർച്ചിതം. 52
നിത്യം ശാല്യന്നനൈവേദ്യം കേരാജ്യകദളീയുതം
നിത്യോത്സവശ്ശ്രീബലിർമ്മഹാഘോഷോ മഹോത്സവഃ. 53
അഥാതസ്സമ്പ്രവക്ഷ്യാമി കഥാമന്യാഞ്ച പാവനീം
ആസ്തേ 'വടമുഖീ'നാമ വാഹിനീ വിമലോദകാ. 54
പശ്ചിമാശാമുഖീ ചേയം വാഹിനീ പുണ്യവർദ്ധിനീ
ജലാധിവാസരസികാ യത്രാസ്തേ സർവ്വദാ ഹരഃ. 55

നെല്ലുവായ ക്ഷേത്രം: 48 — 45.

48. വ്രീഹ്യാസ്യം=നെല്ലുവായ. 49. നെല്ലുവായയ്ക്കടുത്തുകൂടി ഒരു ചെറുനദി പടിഞ്ഞാട്ടൊഴുകുന്നുണ്ട്. 50, 51. നെല്ലുവായത്തേവരെപ്പറ്റിയ വിവരണം, ഇവിടെ സാക്ഷാൽ ധന്വന്തരമൂർത്തിയാകുന്നു പ്രതിഷ്ഠ; നട കിഴക്കോട്ടാണ്. (ഈ തേവരെപ്പറ്റി കൂടുതലായി അറിവാനാഗ്രഹിക്കുന്നവർ "വിദ്വാൻ മച്ചാട്ട് എളയത്" അവർകളുടെ 'പഞ്ചാശിക' എന്ന കൃതി വായിച്ചുനോക്കട്ടെ.) 53. നിവേദ്യം സാധാരണം (ധനുമാസത്തിൽ വെളുത്ത ഏകാദശിക്കു ഇവിടെ വിളക്ക് ഉണ്ട്.)

ഇനി ഈ അധ്യായം കഴിയുന്നതുവരെ ആലുവായത്തേവരെപ്പറ്റിയാണ്.

54. വടമുഖീ=ആലുവായപ്പുഴ. 55. ഈ നദി പടിഞ്ഞാട്ടൊഴുകുന്നു. ചിറവട്ടത്തു അയ്യപ്പനെപ്പോലെ ഇവിടെ മഹാശിവൻ

പുണ്യോദകാ പാവനീ ച ശൈവ കല്യാണദായിനീ
ഗംഗാസമാനോദകാ ച പശ്ചിമാശാമുഖീ വരാ. 56

യത്ര ദേവാസ്സർഷിഗണാഃ സ്നാന്തി സ്വാഘാപനുത്തയേ
പിതരസ്തർപ്പിതാ നിത്യം പ്രീയന്തേ സ്വാഘമോചനാൽ. 57

തീർത്ഥഭൂതാ നദീ ചേയം ദേവസ്യായതനസ്സദാ
ബ്രഹ്മഹത്യാദിപാപഘ്നീ സ്നാനമാത്രാന്ന സംശയഃ. 58

ദേവതാസാർവ്വഭൗമോത്ര ദേവദേവോ മഹേശ്വരഃ
ഇന്ദ്രാദിഭിസ്സ്തൂയമാനോ ഭാതി ഭാസ്വരവിഗ്രഹഃ. 59

വൃഷധ്വജസ്യ തസ്യൈവ നിത്യസാന്നിദ്ധ്യമത്ര ഹി
ഭൂകല്പകല്പോ ഭഗവാൻ യത്രാസ്തേ ഹി ജലാപ്ലുതഃ. 60

ജലാന്തരിതബിംബസ്യ പൂജാർത്ഥം പൂജകാ യദാ
ആഗച്ഛന്ത്യത്ര നിർമ്മാല്യമുന്മജ്ജതി ദിനേദിനേ. 61

ബിംബോപരി ജലേ ക്ഷിപ്തം പുഷ്പമാലാദികം ക്ഷണാൽ
നിമജ്ജദപി ബിംബേ ച നിഷക്തഞ്ച ഭവത്യഹോ. 62

ജയത്യതിതരാമത്ര ശിവരാത്രിമഹോത്സവഃ
കുംഭമാസേ കൃഷ്ണപക്ഷചതുർദ്ദശ്യാം വിശേഷതഃ. 63

ദേവർഷിസംഘമിളിതാ സാ രാത്രിശ്ശങ്കരപ്രിയാ

'നീർദ്ദേവത'യായി വസിക്കുന്നു. 56—57. ഗംഗക്കു സമാനമായ ഇതിൽ പിതൃതർപ്പണം ചെയ്യുക ഏററവും മുഖ്യമാകുന്നു. 56—60. മഹാശിവന്റെ വാസംകൊണ്ടാണ് ഈ നദി പുണ്യകരിയായതെന്നും മററുമുള്ള മാഹാത്മ്യങ്ങളും. 61. വർഷാകാലത്തു ശാന്തിക്കാരൻ തോണിയിലോ മററൊ കയറി പൂജക്കായി ഇവിടെ എത്തിച്ചേരുന്ന അവസരത്തിൽ തലേദിവസത്തെ നിർമ്മാല്യം പൊന്തിവരിക സാധാരണമാണ്. 62. അതുപോലെതന്നെ അന്നന്നു അർച്ചിക്കുന്ന പുഷ്പങ്ങളും ചാർത്തുന്ന മാലകളും മററും, ഒഴുക്കിൽപ്പെട്ടു കീഴോട്ടുപോകാതെ, ഒരിക്ക താണുപോയി ദേവബിംബത്തിന്മേൽ ചെന്നുചേരുന്നു! 63. ആലുവായ ശിവരാത്രി കേൾവിപ്പെട്ട ഒന്നാണല്ലോ. ഇതുപോ

മഹാജനസമാകീൎണ്ണാ സൎവ്വകൌതൂഹലപ്രദാ. 64

ദേവരച്ച്യന്തി വിബുധാഃ സക്ഷിസംഘാ ദിവാനിശം
ദിവ്യകല്പദ്രുമസുമൈൎജ്ജലഗന്ധൈശ്ച സാദരം. 65

വിമാനാകുലിതം ക്ഷേത്രം ദേവാനാമൃഷിഭിസ്സമം
ദിവ്യാന്നപായസഗുളനൈവേദ്യൈരപി സന്തതം. 66

യത്ര കൽഹാരമന്ദാരതുളസീവില്വചമ്പകൈഃ
അന്യൈരപി സുമൈൎദ്ദിവ്യൈരൎച്ചിതസ്സ്യ മഹേശ്വരഃ. 67

അനേകരത്നമാലാഭിൎദ്ദീപമാലാഭിരാവൃതം
ദിവ്യവാദ്യരവൈൎഘുഷ്ടം നാനാജനസമാകുലം. 68

നടനൎത്തകസംഘുഷ്ടം പുളിനം തത്ര തത്ര ച
സച്ഛവാലുകയാ നിത്യം ശോഭമാനമനാരതം. 69

വണിജാം ധനികാനാഞ്ച ക്രയവിക്രയസാധനൈഃ
സംഭൃതൈരപി സംഘാതൈഃ പുളിനം തത്ര ശോഭതേ. 70

ഏതദ്ഭാഗമുഖഭാരവാഹിനീപുളിനം മഹൽ
കൈലാസശൈലവൽ ഭാതി ധവളം സികതാമയം. 71

തദുത്സവമഹാഘോഷഃ കഥ്യതേ കേന കൃത്സ്നശഃ
അനന്തേനാപി ഭണിതും ശക്യതേ ന മഹോത്സവഃ. 72

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യ തൃതീയാദ്ധ്യായഃ

ലെ ഒരു ശിവരാത്രിമഹോത്സവം മറെറങ്ങുമില്ല. 64—72. മഹാശിവരാത്രിയുടെ വൎണ്ണനം.

തിരുനാവായ്, നെല്ലുവായ, ആലുവായ—എന്നീ മൂന്നു നദീസമ്പൎക്കമുള്ള ക്ഷേത്രങ്ങളെ ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചു. ഇവക്കു മൂന്നിനുമുള്ള ശബ്ദസാമ്യവും കാണ്ക.

എന്നു മൂന്നാമദ്ധ്യായം.

ചതുർത്ഥാദ്ധ്യായഃ

അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
സർവ്വപാപഹരം പുണ്യാ ശൃണു ഭൂപശിഖാമണേ! 1
തതഃ പരശുരാമസ്തു പ്രയയൌ ചോത്തരാം ദിശം
ബാലശൈലേ ശൈവലിംഗം പ്രത്യഷ്ഠാപയദത്ഭുതം. 2
വിഷ്ണുബിംബം സഹ്യപാദേ ചതുർബാഹുമകല്പയൽ
തദൈവാമലകക്ഷേത്രം തത്ര തീർത്ഥഞ്ച കല്പിതം. 3
തീർത്ഥേ സ്നാത്വാ ഭൃഗുസുതഃ പിതൄനുദ്ദിശ്യ തർപ്പയൻ
ശ്രാദ്ധപിണ്ഡം പിതൃഭ്യശ്ച പ്രദദൌ സ യഥാർഹതഃ. 4
യദാ ദ്വിജാഃ കേരളീയാസ്തീർത്ഥേ സ്നാത്വാ യഥാവിധി
പിതൃപിണ്ഡം പ്രദാസ്യന്തി മുച്യന്തേ പിതരസ്തദാ. 5
പ്രാസാദം ഹേമഫലകൈസ്സുപർണ്ണസ്തംബം മനോഹരം
പ്രകാരഗോപുരാദ്യഞ്ച ചക്രേ ഭൃഗുനന്ദനഃ. 6
തസ്മിന്നാമലകക്ഷേത്രേ മഹാപാതകനാശനേ
പിതൄനുദ്ദിശ്യ മനുജാഃ ശ്രാദ്ധം കുർവ്വന്തി പർവ്വണി. 7
പിണ്ഡാർഹാ ച ശിലാ യത്ര ഗയാക്ഷേത്രാദുപാഹൃതാ
നിവേശിതാ ഭാർഗ്ഗവേണ തത്രാർഹന്തി സ്വധാ ജനാഃ. 8

നാലാമദ്ധ്യായം.

ആമലകക്ഷേത്രം 1.—14.

2. 'ബാലശൈല'ത്തിൽ പരശുരാമൻ ഒരു ശിവലിംഗത്തെ പ്രതിഷ്ഠിച്ചു. 3. സഹ്യപർവ്വതത്തിന്റെ താഴ്വരയിൽ ഒരു വിഷ്ണുബിംബത്തേയും പ്രതിഷ്ഠിച്ചു; അതുതന്നെയാണു് 'ആമലകക്ഷേത്രം' (തിരുനെല്ലി) 4.—7. പിതൃക്കളെ ഉദ്ദേശിച്ചു ശ്രാദ്ധം ഊട്ടുക ഇവിടെ മലയാളബ്രാഹ്മണർക്കും മഹനീയമായ ഒന്നാകുന്നു. 8. പിണ്ഡം വെയ്ക്കാനുള്ള ഒരു കല്ലു ഗയാക്ഷേത്രത്തിൽനിന്നു കൊണ്ടുവന്നു് ഇവിടെ പരശുരാമൻ പ്രതിഷ്ഠിച്ചി

തീർത്ഥാന്യത്ര മഹാർഹാണി സർവ്വാഘൌഘഹരാണി ച
പുണ്യോദകാനി മുനിഭിസ്സേവ്യന്തി മനുജൈരപി. 9
ഇന്ദ്രാദയോ ലോകപാലാ നിത്യം യത്രാക്ഷിഗോചരാഃ
ഉപാസതേ മഹാവിഷ്ണും ധ്രുവം സ്വാഭീഷ്ടസിദ്ധയേ. 10
പുനർജ്ജനിശ്ശുഭതരാ സർവ്വാഘൌഘവിനാശിനീ
സർവ്വാമയഘ്നീ ലോകാനാം പുനർജ്ജനിസമാ ഗുഹാ. 11
തത്രൈവാമലകോ നാമ തപസ്തേപേ മഹാമുനിഃ
തസ്മാദാമലകക്ഷേത്രമിതി ലോകേഷു വിശ്രുതം. 12
മഹിമാ ദേവദേവസ്യ നിശ്ശേഷം കഥ്യതേ കഥം
അനന്തോപി യഥാ വക്തുമുത്സുകോ നക്ഷമോ ഭവേൽ. 13
നിത്യം ശാല്യന്നനൈവേദ്യം കേരാജ്യകദളീയുതം
ക്ഷീരധാരാ പ്രതിദിനം സസർപ്പിർഗ്ഗുളപായസം. 14
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
'ശ്വേതാരണ്യപുര'ന്നാമ ക്ഷേത്രം യത്ര മഹേശ്വരഃ 15
ശ്വേതാരണ്യപുരന്നാമ ക്ഷേത്രം ത്രൈലോക്യവിശ്രുതം
യത്രാസ്തേ ഭഗവാൻ ഭദ്രഃ കാലകാലഃ കൃപാനിധിഃ 16

ട്ടുണ്ട്. 9_10. തീർത്ഥാദിമാഹാത്മ്യം. 11. 'പുനർജ്ജനി' എന്നു പ്രസിദ്ധമായ ഗുഹ സകല പാപപ്രധ്വംസിനിയാകുന്നു. 12. ഈ പുനർജ്ജനിയിൽക്കൂടെ പോയി തിരുവില്വാമലയിലും ഇവിടുത്തെ ശാന്തിക്കാരൻ തന്നെയായിരുന്നുപോൽ ശാന്തി ചെയ്തിരുന്നതു്. പുനർജ്ജനിയിലാണു പണ്ടു 'ആമലകൻ' എന്ന മുനി തപസ്സു ചെയ്തിരുന്നതു്. അതിനാലാണ് ഈ ക്ഷേത്രത്തിന്നു 'ആമലകക്ഷേത്രം' എന്നു പേരുണ്ടായതു്. 13. ഇതിന്റെ മഹിമാവു് അനന്തനാലും അവർണ്ണ്യമാകത്തക്കവിധത്തിൽ അനന്തമാകുന്നു. 14. വെള്ള നൈപ്പായസം മുതലായവ നിവേദ്യങ്ങളും, പാൽകൊണ്ടു ധാരയും ഇവിടെ പ്രധാനമാകുന്നു.

തൃപ്രങ്ങോട്ടു ക്ഷേത്രം 15_34.

15. ശ്വേതാരണ്യപുരം=തൃപ്രങ്ങോട്. 16. ഇവിടെ കാലകാലനായ മഹാരുദ്രനാകുന്നു പ്രതിഷ്ഠ. ഇനി ഈ ക്ഷേത്രത്തെ

ശ്വേതോ നാമ മഹാൻ വിപ്രസൂനുഃ ഷോഡശവാർഷികഃ
ആത്മനോ മരണം ജ്ഞാത്വാ കാലാരിമഭജൽ പുരാ. 17
പ്രപന്നാർത്തിഹരം ദേവമുമാകാന്തമഹർന്നിശം
സിഷേവെ ഹൃദി സങ്കല്പ്യ സന്തപ്തഹൃദയശ്ചിരം. 18
ദിനേ ജാതകസന്ദിഷ്ടേ പ്രാതർന്നാവാപുരം യയൌ
തത്ര സ്നാത്വാ മഹാനദ്യാം നനാമ ഹരമീശ്വരം. 19
നത്വാ നാവാപുരാധീശം ശ്വേതോ നാമ മഹീസുരഃ
തതഃ പ്രതിപ്രയാണേ തു പൃഷ്ഠതോഭ്യാഗമദ്യമഃ. 20
ധാവൻ പുനഃ ശ്വേതോന്നം പ്രതി പ്രാണഭയാദ്ദ്രുതം
മാർഗ്ഗമദ്ധ്യസ്ഥിതം വൃക്ഷം മഹാന്തം വടമുന്നതം. 21
ഭിത്വാ തദന്തരേണൈവ യയൌ ദേവാന്തികം ദ്വിജഃ
ഉപേത്യ കാലോ ജഗ്രാഹ ദണ്ഡഹസ്തോ ഭയങ്കരഃ 22
പതൻ ദേവധിയാ ബാലോ സികതാമുപഗൃഹ്യ സഃ
ത്രാഹി ത്രാഹി ശ്രീഭഗവന്നിതി ചക്രോശ സംഭ്രമാൽ 23
അഥ ദേവോ മഹാദേവോ ഭക്താനുഗ്രഹതല്പരഃ
ശൂലപാണിർജ്ജവാദേത്യ ജഘാന ശമനം ഹരഃ. 24
തടാകേ നിരൃതിസ്ഥേ ച ശൂലം പ്രക്ഷാള്യ ശങ്കരഃ

പ്പററിയ ചരിത്രം. 17, 18. ശ്വേതൻ എന്നു പേരായ് പതിനാറു വയസ്സു ചെന്ന ഒരു ബ്രാഹ്മണബാലൻ തനിക്ക് അല്പായുർല്ലക്ഷണമുണ്ടെന്നറിഞ്ഞു തല്പരിഹാരത്തിന്നായി സാക്ഷാൽ മൃത്യുഞ്ജയനെബ്ഭജിച്ചുവന്നു. 19, 20. ജാതകത്തിൽ ഒടുക്കത്തെ ദിവസമായി നിർദ്ദേശിച്ചിരുന്ന ദിവസം ഈ ബാലൻ തിരുനാവായപ്പോയി ഭാരതപ്പുഴയിൽ കുളിച്ചു വിഷ്ണുവിനെത്തൊഴുതു മടങ്ങുമ്പോൾ അന്തകൻ പിന്തുടർന്നു. 21—23. കുട്ടി പേടിച്ചോടി; ഓടുന്ന വഴിക്കു മദ്ധ്യേ നിന്നിരുന്ന വലിയ ഒരാൽവൃക്ഷം നടു പിളർന്നു കുട്ടിക്കു വഴികൊടുത്തു. ഇതു അവിടെ ഇന്നും സ്പഷ്ടമായി കാണാവുന്നതാണ്. കുട്ടി ഓടിപ്പോയി ഒരു മണൽത്തിട്ടിനെ ശിവനാണെന്ന ഭാവനയോടെ ആലിംഗനം ചെയ്തു. 24. മഹാശിവൻ പ്രത്യക്ഷമായി കാലനെ ശൂലം

സാക്ഷാദത്ര വിഭാത്യേവ കാലകൂടോ മഹേശ്വരഃ. 25
ശ്വേതതാവഗ്രഹിതാ യത്ര മൂർത്തികാ ദേവഭാവനാൽ
തത്ര സ്വായംഭുവം ലിംഗം പ്രാദുരാസീത്തദത്ഭുതം. 26
പശ്ചിമാശാമുഖം ലിംഗം കാലഹന്തുർമ്മഹത്തമം
തടാകോദകമെതത്തു രക്തവർണ്ണം യമാസൃജാ. 27
പ്രാസാദം മണ്ഡപഞ്ചാത്ര പ്രാകാരം ഗോപുരം തഥാ
ചതുശ്ശാലാം ധ്വജം ഹൈമം വ്യധാത്സ ഭൃഗുനന്ദനഃ. 28
നിത്യം ശാല്യന്നനൈവേദ്യം ഗുളമിശ്രിതപായസം
ശംഖാഭിഷേകധാരാദ്യം നിത്യം ത്രിമധുരം തഥാ. 29
നിത്യോത്സവം ശിവബലിം ഭേരീശംഖധ്വനിം തഥാ
ശിവരാത്ര്യുത്സവം കുംഭേ ബ്രഹ്മഘോഷാ ദിനേദിനേ. 30
സിംഹമാസചതുർത്ഥ്യാന്തു ദ്വാദശപ്രസ്ഥതണ്ഡുലൈഃ
ഗുളാപൂപന്തു നൈവേദ്യം ഗണേശായാബ്ദികം മുദേ. 31
ഗച്ഛന്മൂലഗൃഹാച്ഛംഭോര്യത്ര യത്ര പദാനി സഃ
ന്യധാദ്ധി ശിവലിംഗാനി തത്ര തത്ര ഭാന്തിഹി. 32

കൊണ്ട് കൊന്നു. 25. നിരൃതികോണിലുള്ള ഒരു തടാകത്തിലാണ് ആ ശൂലം പിന്നെ ശിവൻ കഴുകിയതു്. 26. ശ്വേതൻ ശിവഭാവനയോടെ ആലിംഗനം ചെയ്ത അരുമണൽത്തിട്ടയാണു ഇന്നവിടെ കാണുന്ന സ്വയംഭൂലിംഗം. 27. നട പടിഞ്ഞാട്ടാണ്. ശൂലം കഴുകിയ കുളത്തിലെ വെള്ളം ഇന്നും രക്തവർണ്ണമായി കാണപ്പെടുന്നു. 28. ക്ഷേത്രവർണ്ണനം. 29. വെള്ളശർക്കരപ്പായസം, ത്രിമധുരം,—ഇവ പ്രധാനനിവേദ്യങ്ങളും, ശംഖാഭിഷേകവും ധാരയും തൃപ്രങ്ങോട്ട് ഏററവും പ്രധാനമാകുന്നു. 30. ശിവരാത്രി ഇവിടെ വളരെ കേമമാണ്. 31 ചിങ്ങമാസത്തിലെ ചതുർത്ഥിക്കു (അല്ലെങ്കിൽ വിനായകചതുർത്ഥിക്ക്) ഇവിടെ മഹാ ഗണപതിക്കു കൊല്ലംതോറും പന്ത്രണ്ടിടങ്ങഴി അരികൊണ്ടുള്ള അപ്പം പതിവുണ്ട്. 32. മൂലഗൃഹത്തിൽ നിന്നു ശിവൻ പോകുമ്പോൾ പാദം വെക്കുന്നിടത്തെല്ലാം ശിവലിംഗങ്ങൾ ഉണ്ടാവുന്നു. 32. തിരുനാവായ മഹാവി

നാവാപുരേശപരശ്ചാപി പ്രാപ്തഃ ശേഷതാനുഗഃ പുരാ
അത്രാസ്യ ഹി മഹാവിഷ്ണുന്നിർമ്മല്യേച്ഛിതൊ ദ്വിജൈഃ. 33
അല്പായുഷൊപി സേവന്തെ യെ ഹരം കാലഘാതിനം
ഭക്തിശ്രദ്ധായുതാ നിത്യം തെ ഭവെയുശ്ശതായുഷഃ. 34
ദിവ്യകല്പദ്രുമസുമൈർദ്ദ്വാ യത്രാക്ഷിഗോചരഃ
അർച്ചന്ത്യവിരതം ഭക്ത്യാ കാലകാലം കൃപാനിധിം. 35
അഥാതസ്സമ്പ്രവക്ഷ്യാമി കഥാമന്യാം സുശോഭനാം
അനന്തപുരനാഥശ്ച ശേഷശായീ ഹി ശോഭതെ. 36
ഹനുമൽപുരവത്ത്യത്ര ഹനുമാംശ്ച വിരാജതെ
ഗരുഡാഗാരവാസീ ച ഗരുഡഃ പരിശോഭതെ. 37
കന്ദാംബാഖ്യാ ഭദ്രകാളീ ഭാർഗ്ഗവേണ പ്രതിഷ്ഠിതാ
രാജതെ ലോകജനനീ സർവ്വരക്ഷാകരീ ശുഭാ. 38
ശ്രീകണ്ഠപുരനാഥശ്ച കിരാതാത്മാ ശിവഃ സ്വയം
പ്രാച്യാശാഭിമുഖൊ നിത്യമാസ്തെ സർവ്വാർത്ഥദായകഃ 39
മഹോത്സവസ്തുലാമാസേ യൊ ജ്യാബല സമാഹ്വയഃ
അമാവാസ്യാമഹോരാത്രം പൂജാ ശൌല്ലീ ശുഭാവഹാ. 40

ഷ്ണുവും ശേഷനെ അനുഗമിച്ചുകൊണ്ട് ഇവിടെ വന്നു കുടികൊള്ളുന്നുണ്ട്. തൃപ്രങ്ങോട്ടപ്പനെ സേവിക്കുന്നവർ ദീർഘായുസ്സുകളായി ഭവിക്കുന്നതിൽ സന്ദേഹമില്ല. 34 ദേവന്മാർക്കും കൂടി അർച്ചനീയനാണ് തൃപ്രങ്ങോട്ടപ്പൻ. കേരളീയബ്രാഹ്മണർ ഇന്നും വിഷുദിവസം നടുമുററത്തു തൃപ്രങ്ങോട്ടപ്പനെ വെക്കുമാറുണ്ട്.

ഇനി തിരുവനന്തപുരത്തെപ്പററി: 35—55.

35. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ അനന്തശയനമായിട്ടാണു പ്രതിഷ്ഠ. ഹനുമൽപുരത്തിലെ ഹനുമാനും ഇവിടെ ഉണ്ട്. 37. 'കന്ദാംബ' എന്നു പേരായ ഭദ്രകാളിയെ ഭാർഗ്ഗവരാമൻ ഇവിടെ പ്രതിഷ്ഠിച്ചിട്ടുണ്ട്. 38. ശ്രീകണ്ഠേശ്വരാധീശനായ സാക്ഷാൽ കിരാതമൂർത്തി—കിഴക്കോട്ടു നട. 39. 40. തുലാമാസത്തിലെ കറുത്ത വാവിൻ നാളും ഉത്സവം

അമാവാസ്യാം മഹാദീപസ്ഥലാന്മാദ്ദസ ദിവാനിശം
യത്രൊപെത്യമരാസ്സൎവ്വെ ദേവമൎച്ചന്ത്യനാരതം. 41
ഹെരംബാലയഹെരംബഃ കേരളേശ്വര ഈശ്വരഃ
രവിമംഗലശംഭുശ്ച കക്കുടക്രോഡശങ്കരഃ. 42
അന്യെ ച ബഹവൊ ദേവാഃ തത്രതത്ര പ്രതിഷ്ഠിതാഃ
തത്ര തത്ര ച തീൎത്ഥാനി സ്നാനാൎഹാണി ശുഭാനി ച. 43
ഉത്തരസ്യാം ദിശി പുരാ ഭാൎഗ്ഗവേണ വിനിൎമ്മിതം
സുബ്രഹ്മണ്യാലയന്നാമ യത്ര ദേവഃ ഷഡാനനഃ. 44
യത്ര ശാല്യന്നനൈവെദ്യം കദളീഗുളമിശ്രിതം
സഹസ്രഭോജനന്തത്ര ബ്രാഹ്മണാനാമഹൎന്നിശം. 45
ഭുക്താച്ഛിഷ്ടെ ബ്രാഹ്മണാനാം ലുഠന്തെ യെ മഹാജനാഃ
കുഷ്ഠാദിരോഗശമനം ഭൂതദ്രോഹവിനാശനം. 46
പ്രാസാദം സ്വൎണ്ണഫലകൈസ്സ്വൎണ്ണസ്തൂപീ മനോഹരാ
ഹസ്തിശാലാ ഭക്തിശാലാ ചതുശ്ശാലാ ച ശോഭതേ. 47
'സുബ്രഹ്മണ്യപുര'ന്നാമ ക്ഷേത്രം ത്രൈലോക്യവിശ്രുതം
ദിവ്യകല്പദ്രുമസുമൈൎദ്ധ്രുവമൎച്ചന്തി തം സുരാഃ 48
'മൃകണ്ഡപുര'ന്നാമ കൃഷ്ണബിംബം മനോഹരം
ശിവലിംഗം ശിവതമം മൃകണ്ഡപ്രതിഷ്ഠിതം. 49

വും ദീപക്കാഴ്ചയും മററും ഇവിടെ ഉണ്ടു്. 41. 42. ഹെരംബാലയത്തിലെ ഗണപതി, കേരളേശ്വരനായ ശിവൻ, രവിമംഗലത്തു ശിവൻ, കക്കുടക്രോഡത്തിലെ ശിവൻ എന്നീ ദേവന്മാരെയും മററു പല ദേവന്മാരെയും അവിടവിടെ പ്രതിഷ്ഠിച്ചിട്ടുണ്ടു്. പത്മതീൎത്ഥം തുടങ്ങിയ പല വിശിഷ്ടതീൎത്ഥങ്ങളും ഇവിടെയുണ്ടു്. 43. വടക്കെഭാഗത്തുള്ള സുബ്രഹ്മണ്യാലയം എന്ന ക്ഷേത്രത്തിൽ പരശുരാമൻ സുബ്രഹ്മണ്യനെ പ്രതിഷ്ഠിച്ചിട്ടുണ്ടു്. 44. അവിടെ സാധാരണമായ നിവേദ്യവും ബ്രാഹ്മണൎക്കു സഹസ്രഭോജനവുമുണ്ടു്. 45. ബ്രാഹ്മണരുടെ എച്ചിലിൽ കിടന്നുരുളുന്നവരുടെ കുഷ്ഠാദിരോഗങ്ങൾ ശമിക്കും. 46, 47. ക്ഷേത്രവൎണ്ണനം. 48, 49. മൃകണ്ഡപുരത്തു മൃ

യത്ര ശാല്യന്നനൈവേദ്യം കദളീഗുളമിശ്രിതം
പ്രാസാദം മണ്ഡപാദ്യഞ്ച സുവർണ്ണമണിരഞ്ജിതം. 50
'നീലേശ്വര'നാമപൂർവം ക്ഷേത്രാണാമുത്തമോത്തമം
നീലേശ്വരോ ഹരോ യത്ര സച്ചിദാനന്ദവിഗ്രഹഃ. 51
ക്ഷേത്രതന്ത്രം ദദൌ രാമസ്തരണായ ദ്വിജാതയേ
ക്ഷേത്രകാര്യഞ്ച സാമന്തപുത്രായ ച മഹാത്മനേ. 52
തസ്യോത്തരേ ഗണപതിർഭാർഗ്ഗവേണ പ്രതിഷ്ഠിതഃ
സർവ്വാഭീഷ്ടപ്രദാതാ ച ദൈവൈരഭ്യർച്ചിതസ്സദാ. 53
ഗുളാപൂപഞ്ച നൈവേദ്യം കല്പയാമാസ നിത്യശഃ
ലക്ഷ്മീപുരദ്വിജായാഥ ക്ഷേത്രതന്ത്രം ദദൌ മുനിഃ. 54
വിഷ്ണുബിംബം മഹാപുണ്യം വിഷ്ണുമംഗലദേശികം
പ്രത്യഷ്ഠാപയദത്രാ മഹാസാന്നിദ്ധ്യമത്ഭുതം. 55
തതശ്ചോത്തരദേശേഷു തത്ര തത്ര ശിവാലയാൻ
നിർമ്മായ ശിവലിംഗാനി പ്രത്യഷ്ഠാപയദേവ സഃ. 56
'കുടജാദ്രി'സ്ഥിതം ഭൂയഃ കുടജനാമ ദാനവം
കഠോരേണ ജഘാനാസൌ മഹാബലപരാക്രമഃ. 57

കന്ദപ്രതിഷ്ഠിതമായ മഹാശിവലിംഗമുണ്ട്. 50. നീലേശ്വരത്തു ക്ഷേത്രം. 51,52 അവിടെ തന്ത്രം തരണത്തു നമ്പൂതിരിക്കാണ്; ക്ഷേത്രകാര്യങ്ങൾ ഒരു സാമന്തന്റെ പുത്രനുമാണ്. 53. അതിന്റെ വടക്കുഭാഗത്തു ഭാർഗ്ഗവപ്രതിഷ്ഠിതനായ ഗണപതി. 54. ഇവിടെ അപ്പം പ്രധാനമാണ്; ലക്ഷ്മീപുരത്തു നമ്പൂതിരിയ്ക്കാണിവിടെ തന്ത്രം. 55. ഇവിടെ വിഷ്ണുമംഗലത്തുള്ള വിഷ്ണുബിംബത്തെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. 56. ഇവിടെനിന്നു വടക്കോട്ടും പരശുരാമൻ പല ശിവാലയങ്ങളെയും നിർമ്മിച്ചു അവിടെയെല്ലാം ശിവലിംഗങ്ങളും പ്രതിഷ്ഠിച്ചു.

ഈ അദ്ധ്യായം കഴിയുന്നതുവരെ ഇനി 'മൂകാംബി'യെപ്പറ്റിയുള്ള പ്രതിപാദനമാണ് —

57. കുടജാദ്രിയിന്മേലുണ്ടായിരുന്ന 'കുടജൻ' എന്ന അസുരനെ പരശുരാമൻ കൊന്നു. 58. കുടജന്റെ മകനായ മൂ

മൂകോ നാമ സുതസ്തസ്യ ചതുരംഗബലാന്വിതഃ
യുയുധേ ഭാർഗ്ഗവം തത്ര ബഹുശസ്ത്രാസ്ത്രകോവിദഃ. 57
തതഃ പരശുമാദായ ജഘാനൈനം ഭൃഗൂദ്വഹഃ
സുസ്രാവ രക്തധാരാസ്യ രക്തബീജാസ്തതോഭവൻ. 58
തസ്യ രക്തൌഘസംഭൂതാ ദാനവാ ബലശാലിനഃ
യുയുധുശ്ശസ്ത്രവർഷേണ രാമസ്താനർദ്ദയച്ഛരൈഃ. 59
തേഷാഞ്ച രക്തസംഭൂതാ രക്തബീജാ മഹാസുരാഃ
അസംഖ്യേയാസ്സമഭവൻ യുദ്ധ്യമാനാ മഹായുധാഃ. 60
തതശ്ചിന്താകുലോ രാമോ ബഭൂവാതീവ വിഹ്വലഃ
ചിന്തയാമാസ മനസാ ദേവീം മഹിഷമർദ്ദിനീം. 61
അശ്വാരൂഢാ ഭഗവതീ സംസ്ഥിതാഷ്ടഭുജാ സതീ
ദൃശ്യതേ സ്മ തദാ തത്ര കുടജാദ്രൌ ഭയാനകാ. 62
അസ്ത്രവർഷേണ മഹതാ സൂദയന്തീ മഹാസുരാൻ
പപൌ രക്തമശേഷേണ ചണ്ഡികാ ചണ്ഡവിക്രമാ. 63
മൂകാസുരഘ്നീ സാ ദേവീ രക്തപാനോത്സുകാ സതീ
പ്രതിഷ്ഠിതാ ഭാർഗ്ഗവേണ കുടജാദ്രൌ യഥാതഥം. 64
പുഷ്പവൃഷ്ടിരഭൂത്തത്ര ദേവാനാം കരപല്ലവൈഃ
'മൂകാംബികേ'തി വിഖ്യാതാ നിത്യം ദേവൈരഭിഷ്ടുതാ. 65
തീർത്ഥഞ്ച കല്പയാമാസ പുണ്യോദകമനുത്തമം
കുടജാദ്രിശിരോഭാഗേ പുണ്യം പാപപ്രണാശകാ 66

കാസുരൻ പരശുരാമനോടു യുദ്ധത്തിനു വന്നു. 58 അവനെയും പരശുരാമൻ കൊന്നു; അവന്റെ രക്തത്തിൽനിന്നു അനേകം രക്തബീജന്മാരുണ്ടായി. 59—61. ആ രക്തബീജന്മാരെ കൊന്നപ്പോഴും അവരുടെ രക്തത്തിൽനിന്നു പിന്നെയും രക്തബീജന്മാരുണ്ടായിത്തുടങ്ങി. അപ്പോഴും അദ്ദേഹം 'മഹിഷമർദ്ദിനി'യെ സ്മരിച്ചു. 62—64. ആ ഭഗവതി പ്രത്യക്ഷമായി രക്തബീജന്മാരുടെ ചോരയെല്ലാം കുടിച്ചു തീർത്തു; ഭാർഗ്ഗവൻ ആ ഭയങ്കരദേവിയെ കുടജാദ്രിയിൽ പ്രതിഷ്ഠിച്ചു. 65. ആ ദേവിക്കു 'മൂകാംബിക' എന്ന പേരുണ്ടായി. 66. കുടജാദ്രിയുടെ മുകളിൽ ഒരു

സൎവ്വാൎത്ഥസാധകതമാമംബികാമചലോത്തമേ
നിത്യമൎച്ചന്തി വിബുധാ ദിവ്യകല്പസുമൈരപി. 67
തീൎത്ഥേ സ്നാത്വാ ഭൃഗുസുതസ്സൃഷ്ട്വിത്വാ സുരാദികാൻ
ദേവീം സംപൂജ്യ വിധിവദത്രാസ്തേ സ്മ യഥാസുഖം. 68
പ്രാസാദമണ്ഡപാദ്യഞ്ച സ്വൎണ്ണസ്തൂബീം മനോഹരാം
നിൎമ്മായ കേതുദണ്ഡഞ്ച ചതുശ്ശാലാം വിചിത്രിതാം. 69
നിത്യം ശാല്യന്നനൈവേദ്യം കദളീഗുളപായസം
നിത്യം ത്രിമധുരം കാലേ ഗുളാപൂപമകല്പയൽ. 70
യസ്യ ദേവ്യാസ്ത്രിമധുരം ഗുളശുണ്ഠീം നിവേദിതം
ദുൎല്ലഭം ഭവൈകതാപകവാരം ലഭേദൈന്ദ്രം പദഞ്ച സഃ. 71
വിശിഷ്ടഭക്ത്യാ ഭജതാം കേരളീയമഹീഭൃതാം.
വിദ്യാൎത്ഥിനാം കാമദുഘാ നിത്യമേവ മഹേശ്വരീ. 72
ചചാരാഥ പ്രതിദിനം മാംസശോണിതലാലസാ
പുരുഷാൻ ഭക്ഷയന്തീ ച രാത്ര്യാം രാത്രിഞ്ചരീവ സാ. 73
ഏവം ബഹുതിഥേ കാലേ തത്രാഗത്യ യദൃച്ഛയാ
സശിഷ്യശ്ശങ്കരാചാൎയ്യഃ ശുശ്രുവേ ജനസംക്ഷയം. 74
ശിഷ്യമുന്നതദേശേ ച നിവേശ്യ ഛത്മനാ സ്വയം
നിഷണ്ണസ്ഥിതശ്ശങ്കരശ്ച ദേവ്യാഗമനകാംക്ഷയാ. 75

തീൎത്ഥമുണ്ട്. 67—69. ദേവിയുടെ മാഹാത്മ്യം; ക്ഷേത്രത്തിന്റെ വൎണ്ണനം. 70. വെള്ളനിവേദ്യം, ശൎക്കരപ്പായസം. ത്രിമധുരം, അപ്പം—തുടങ്ങിയവ നിവേദ്യങ്ങൾ. 71. ദേവിയ്ക്കു നിവേദിച്ചിട്ടുള്ള ത്രിമധുരവും ഗുളശുണ്ഠിയും ഒരു പ്രാവശ്യമെങ്കിലും (ഇതു മഹാദുൎല്ലഭമാകുന്നു; ഇതു് അവിടെയുള്ളവർ ആൎക്കും അങ്ങിനെ കൊടുക്കുന്നില്ല!) സേവിക്കുന്നവൻ മഹാ ഗംഭീരനായിത്തീരും. മുട്ടസ്സു നമ്പൂതിരിയും മററും ഇതു സേവിച്ചിട്ടാണു മഹാ ബുദ്ധിശാലികളായിത്തീൎന്നിട്ടുള്ളതു്. 72. കേരളീയരായ വിദ്യാൎത്ഥികൾ മൂകാംബികയെച്ചെന്നു ഭജിക്കുന്നതായാൽ അവരുടെ ഏതഭീഷ്ടവും നിഷ്പ്രയാസേന സാധിക്കുന്നതാണു്. 73 ആ ദേവി രാക്ഷസിയെപ്പോലെ രക്തമാംസാദികൾ ഭക്ഷിച്ചു സഞ്ചരിച്ചിരുന്നു. 74-75 ഇങ്ങിനെ വളരെനാൾ കഴിഞ്ഞപ്പോൾ നമ്മുടെ ശ്രീശങ്കരാചാ

തത്രാർദ്ധരാത്രസമയേ നരാനന്വിഷ്യ ഭൈരവീ
ചരന്തീ പശ്യതി സ്മാഹോ തച്ഛിഷ്യന്ന ഗുരും സ്ഥിതം. 76
ഏകാകിനം നരം ദൃഷ്ട്വാ രക്തമാംസാശനപ്രിയാ
ജഗ്രാഹ തരസാ കണ്ഠേ സതു ചുക്രോശ ഭീതവൽ. 77
ശങ്കരസ്തുമഥാസാദ്ധ്യ ശങ്കരാംശസമുത്ഭവഃ
കേശേ വിഗൃഹ്യ പീഠാഗ്രേ സൌമ്യഭാവോ ന്യവേശയൽ. 78
തദാ പ്രഭൃതി സാ ദേവീ സൌമ്യഭാവാ സനാതനീ
വരപ്രദാനനിപുണാ ജനാനാമഭവത്സ്വയം 79
ഗിരേരൂർദ്ധ്വം മഹാഹിംസ്രൈർജനാഗമ്യാഖിലാർത്ഥദാ
അധസ്തുരാ രത്നമയേ ഗേഹേ വസതി നിത്യശഃ. 80
മൂകാംബികേതി വിഖ്യാതാ സാ ദേവീ സൌമ്യഭാവനാ
സർവ്വാർത്ഥദായിനീ നിത്യമാസ്തേ വഹ്നിശിഖാ യഥാ. 81

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ ചതുർത്ഥാദ്ധ്യായഃ.

ര്യസ്വാമികൾ ഈ കഷ്ടാവസ്ഥ കേട്ടറിഞ്ഞ് ഒരു ശിഷ്യനോടു കൂടി ഇവിടെ എത്തിച്ചേരുകയും, ശിഷ്യനെ കുടജാദ്രിയുടെ മുകളിലേക്കയച്ചു അദ്ദേഹം ദേവി വരുന്നതു പ്രതീക്ഷിച്ചുകൊണ്ടു താഴേ നില്ക്കുകയും ചെയ്തു. 76—77. ദേവി അർദ്ധരാത്രിസമയത്തു പുറത്തിറങ്ങിയപ്പോൾ ശിഷ്യനെ മാത്രം കണ്ടു. അദ്ദേഹത്തിന്റെ കഴുത്തിൽ പിടികൂടി. അദ്ദേഹം ഉറക്കെ നിലവിളിച്ചു. 78. സ്വാമികളാകട്ടെ ആ ദേവിയെപ്പിടിച്ച് സൌമ്യതയോടെ ഒരു പീഠത്തിന്മേൽ പ്രതിഷ്ഠിച്ചു 79. അന്നുമുതല്ക്ക് ആ ദേവി സൌമ്യയായിത്തീർന്നു. 80—81. കുടജാദ്രിയുടെ മുകളിലും ദേവിയുണ്ട്. പക്ഷെ, അവിടെ ജനങ്ങൾക്കു എത്തിച്ചേരുവാൻ മഹാപ്രയാസമാണ്. താഴേഭാഗത്തുള്ള 'സന്നിധാനമാണ്' ഇന്നു പ്രധാനമായുള്ളത്. മൂകാംബികാദേവി സർവ്വാഭീഷ്ടദായിനികുന്നു.

എന്ന് നാലാമദ്ധ്യായം.

പഞ്ചമോദ്ധ്യായഃ

തതോഽസൗ കുക്കുടപുരേ സുബ്രഹ്മണ്യം ദയാനിധിം
തീർത്ഥം പുണ്യോദകഞ്ചാപി കാരയാമാസ പാർശ്വതഃ. 1
മത്സ്യതീർത്ഥം പുണ്യതമം മഹാപാതകനാശനം
കുമാരധാരാതീർത്ഥഞ്ച പ്രതിഷ്ഠാപിതവാൻ ഗിരൗ. 2
തക്ഷകം നാഗരാജഞ്ച പ്രതിഷ്ഠാപ്യ ഗൃഹേ ശുഭേ
ബ്രാഹ്മണാൻ ഭോജയാമാസ ദിവ്യൈരന്നൈശ്ചതുർവിധൈഃ. 3
ഷഷ്ഠ്യാന്തു വൃശ്ചികേ ദേവം പൂജയിത്വാ ഷഡാനനം
പ്രദക്ഷിണഞ്ചകാരാസൗ പുഷ്പവൃഷ്ടിസുദാരവൽ. 4
ഭുക്തപാത്രേ ബ്രാഹ്മണാനാം ശയിത്വാ സ്നാതി യോ നരഃ
കുഷ്ഠാദിരോഗശമനം തൽക്ഷണാദേവ ഗച്ഛതി. 5
തതോ ഗത്വാ പത്മതീർത്ഥ 'കരിപുര്യാം' മഹാസുരം
മൂകാസുരസ്യ തനയം ദദർശാത്ഭുതവിക്രമം. 6
യോദ്ധുകാമേന തേനാസൗ യുയുധേ ഭൃഗുനന്ദനഃ
പരാജിതോ ഭാർഗ്ഗവസ്തു കൈലാസമുപജഗ്മിവാൻ. 7
അക്ഷേണ സഹ പാർവ്വത്യാ വിഹൃത്യ ച പരാജിതഃ
സാക്ഷിണം പൃഷ്ടവാൻ ശംഭുർവിഷ്ണും കോവാത്ര നിർജ്ജിതഃ. 8
ഹരപക്ഷം സമാശ്രിത്യ ശങ്കരോ വിജയീതി തം
വദന്തമശപദ്ദേവീ കുപിതാ വിഷ്ണുമവ്യയം. 9

അഞ്ചാമദ്ധ്യായം.

1. കുക്കുടപുരത്തിൽ സുബ്രഹ്മണ്യനാകുന്ന പ്രതിഷ്ഠ. 2. മത്സ്യതീർത്ഥം, കുമാരധാരാ തീർത്ഥമെന്നീ രണ്ടു തീർത്ഥം ഇവിടെയുണ്ട്. 3. ഇവിടെ തക്ഷകന്റെ പ്രതിഷ്ഠയുമുണ്ട്. 4. വൃശ്ചികമാസത്തിലെ ഷഷ്ഠിക്ക് ഇവിടെ പ്രാധാന്യമുണ്ട്. 5. ബ്രാഹ്മണർ ഊണുകഴിച്ച പാത്രത്തിൽക്കിടന്നിട്ടു പിന്നെക്കുളിച്ചാൽ കുഷ്ഠാദിരോഗങ്ങളും ശമിക്കുന്നതാണ്. 6—7. പിന്നെ പരശുരാമൻ കരിപുരിയിലുള്ള പദ്മതീർത്ഥത്തിൽ മൂകാസുരന്റെ തനയനെക്കാണുകയും, അവനുമായുള്ള യുദ്ധത്തിൽ തോററു കൈലാസത്തിലേക്കു പോകയും ചെയ്തു. 8—12. പാർവ്വതിയും പര

ബൃഹദ്വ്യാളോ ഭവ തപന്തു മലയാചലമൂൎദ്ധനി
നാരദസ്തു തദാഭ്യേത്യ ശാപമോക്ഷമയാചത. 10
തദാഹ പാൎവ്വതീ ദേവീ മുക്തിഃ സ്യാദസ്യ നിശ്ചയാൽ
ദിനത്രയം യഥാഭ്യൎച്ച്യ വിനായകമനാരതം. 11
ദിനത്രയം ഗണപതിം കമലാ ഭൎത്തൃലാലസാ
അപൂജയത്തതോ വിഷ്ണുരവാപാത്മശരീരതാം. 12
അഥ ദൃഷ്ട്വാ ഭൃഗുസുതം ജ്ഞാത്വാ വൃത്തമശേഷതഃ
സുബ്രഹ്മണ്യസഹായാൎത്ഥം ചോദയാമാസ ശങ്കരഃ. 13
അഥ തൌ സഹ സംഗത്യ കരിപൂൎവ്വാം മഹാസുരം
ജഘ്നാന യുദ്ധ്യമാനന്തം ശസ്ത്രജാലേന ഭൂയസാ. 14
അഥ 'കാരപുരേ* ദേവം കിരാതതനയം വിഭുഃ
പ്രത്യഷ്ഠാപയദേവാസൌ സാക്ഷാൽ കൈരാതവിഗ്രഹം. 15
മാന്ധാതാ നാമ രാജാഭൂൽ സൂൎയ്യവംശശിഖാമണിഃ
ജിതശ്ശത്രുഭിരേവായമപുത്രോ ഭാൎയ്യയാ സഹ. 16
കൈലാസശൈലമാഗത്യ തപസ്തേപേ മഹേശ്വരം
ഗച്ഛന്തീ ജാഹ്നവീ സ്നാതും വൃത്താന്തം തമപൃച്ഛത. 17
തതോ രാജ്ഞാ ച നിഖിലം ബോധിതാ പരമേശ്വരീ
ഭൎത്തൌ ലിംഗം മഹാശ്ചൎയ്യമൎപ്പിതം പത്മയോനിനാ. 18

മേശ്വരനുംകൂടി ചൂതുകളിച്ചു പരമേശ്വരൻ തോററു. സാക്ഷിയായ മഹാവിഷ്ണു ഹരപക്ഷം പിടിച്ചു ശിവനാണു ജയിച്ചതെന്നു പറഞ്ഞു. അപ്പോൾ പാൎവ്വതി കോപിച്ചു പെരുമ്പാമ്പായിപ്പോകട്ടെ എന്നു വിഷ്ണുവിനെശ്ശപിച്ചു. നാരദന്റെ അപേക്ഷയനുസരിച്ചു സിദ്ധിച്ച ശാപമോക്ഷോപായമായ മൂന്നു ദിവസത്തെ ഗണപതിഹോമം ലക്ഷ്മീഭഗവതി ചെയ്കയാൽ മഹാവിഷ്ണുവിന്നു പൂൎവ്വാവസ്ഥയും ലഭിച്ചു. 13-14. ശിവന്റെ കല്പനപ്രകാരം സുബ്രഹ്മണ്യനെ സഹായമായി സ്വീകരിച്ചു പരശുരാമൻ പിന്നെ മൂകാസുരനെത്തോല്പിച്ചു. 15. കാരപുരത്തിൽ സാക്ഷാൽ കിരാതമൂൎത്തിയെ ഭാൎഗ്ഗവൻ പ്രതിഷ്ഠിച്ചു. 16—23. പണ്ടു മാന്ധാതാവ് എന്ന രാജാവു ശത്രുക്കളോടു തോററു കൈലാസപൎവ്വത

മഹാരാജ! ഗൃഹാണ ത്വം ശിവലിംഗമിദം വരം
ശ്മശാനരഹിതേ ദേശേ പ്രതിഷ്ഠാപയ മാ ചിരം. 19
ഇത്യുക്തസ്സൂത് ശ്രേഷ്ഠഗ്ഗുണം സമാദായാഥ ഭൂപതിഃ
ശ്മശാനരഹിതം ദേശമന്വിഷ്യാഥ ചചാര സഃ 20
സഹ്യസ്യ പശ്ചിമേ ഭാഗേ ദൃഷ്ട്വാ കാനനമുത്തമം
പ്രണവസ്യാന്തരം യാവൽ പ്രത്യഷ്ഠാപയദത്ര സഃ. 21
പാതാചലോത്ഥിതേ തീൎത്ഥേ സ്നാത്വാ രാജാ സഭക്തികഃ
സിഷേവേ ദേവദേവേശം ചിരമൈശ്വൎയ്യദായകം. 22
അഥ കാലേ ചിരാദ്യാതേ പ്രസാദാൽ പുരവിദ്വിഷഃ
ലബ്ധരാജ്യോഭവൽ പുത്രപൌത്രാദിഭിരലംകൃതഃ. 23
ശിവലിംഗസ്യ മാഹാത്മ്യം ജ്ഞാത്വാ സ ഭൃഗുനന്ദനഃ
പ്രാസാദമണ്ഡപാദ്യഞ്ച കാരയാമാസ വാഗ്യതഃ. 24
കുബേരാദ്ധനമാഹൃത്യ രത്നകോശം ശതാധികം
നിചിക്ഷിപേ മഹാക്ഷേത്രേ യത്ര ദേവോ മഹാശിവഃ. 25
സുവൎണ്ണരത്നരചിതം ധ്വജം നിക്ഷിപ്യ ഭാൎഗ്ഗവഃ
ധ്വജമൂലേ ച നിഹിതം സുവൎണ്ണശതസഞ്ചയം. 26
മുക്താഹാരസഹസ്രാണി ശാതകുംഭസഹസ്രകം
മാണിക്യരത്നനിചയം ന്യക്ഷിപത്തത്ര ഭാൎഗ്ഗവഃ. 27
അനേകകോടിരത്നാനി നിക്ഷിപ്യ ഹരസന്നിധൌ
പൂജയാമാസ കുസുമൈൎദ്ദേവം ഭക്ത്യാ ഭൃഗൂദ്വഹഃ. 28

ത്തിൽച്ചെന്നു തപസ്സു ചെയ്തുകൊണ്ടിരിക്കേ ഗംഗാഭഗവതി ഒരിക്കൽ വിവരം ചോദിച്ചറികയും ബ്രഹ്മാവിൽനിന്നു കിട്ടിയതും തന്റെ കൈവശമുണ്ടായിരുന്നതുമായ ഒരു ശിവലിംഗം മാന്ധാതാവിനു കൊടുക്കുകയും അദ്ദേഹം അതിനെ സഹ്യപൎവ്വതത്തിന്റെ പശ്ചിമഭാഗത്തുള്ള ഒരു പെരുങ്കാട്ടിൽ കൊണ്ടുവന്നു പരിശുദ്ധസ്ഥലത്തു പ്രതിഷ്ഠിച്ചു പൂജിക്കയും കാലക്രമേണ അദ്ദേഹത്തിനു സ്വന്തം രാജ്യം തിരിയേ കിട്ടുകയും ചെയ്തു; 24—28. പരശുരാമൻ ഈ ശിവലിംഗത്തിന്റെ മാഹാത്മ്യം അറിഞ്ഞ് ഇവിടെ വന്നു ക്ഷേത്രനിൎമ്മാണവും മററും ചെയ്തു. 29. ഇവിടെ ഈശാനകോണിലായി ഈശാനതീ

ഈശാനതീർത്ഥമമലമീശാനേ കല്പിതം തതഃ
ഈശാനസ്യാഭിഷേകാർത്ഥം നിത്യം തേന മഹർഷിണാ. 29
ശിവാരത്ര്യുത്സവസ്തത്ര നാകോത്സവസമോ ഭുവി
ദേവപ്രസ്ഥാനകത്തുകീ കല്പിതോ മുനിനാമുനാ. 30
ശിവരാത്രാവുപോഷ്യാത്ര ക്ഷിപ്ത്വാജ്യാമൃതമത്ര തു
തണ്ഡുലം ബ്രാഹ്മണേഭ്യശ്ച യോ ദദാതി സ ധാർമ്മികഃ. 31
സ്വഭർത്ത്രാ പ്രേഷിതാ ലക്ഷ്മീഃ കദാചിദ്വന്ദിതും ശിവം
'ലക്ഷ്മീപുരം' സമാസാദ്യ സോപാനമധിരുഹ്യ സാ 32
ദദർശ സാഞ്ജലിസ്താവദ്വിഷ്ണുരൂപന്തമീശ്വരം
ശംഖചക്രഗദാപത്മഹസ്തം ചൈവ ചതുർഭുജം. 33
ഭർത്താരമിതി തം ബുദ്ധ്വാ ജഗാമാന്തർഗൃഹം സതീ
നിവേശയാമാസ തദാ രത്നപീഠേ ച താം ശിവഃ. 34
പരമാർത്ഥം പുനർജ്ഞാത്വാ ജവാൽ ഗന്തുമിയേഷ സാ
ലക്ഷ്മീസാന്നിദ്ധ്യസിദ്ധ്യർത്ഥം മഹാകാളമുവാച സഃ. 35
പശ്ചിമദ്വാരമാലോക്യ ഗച്ഛന്തീം ശങ്കരാജ്ഞയാ
രോദ്ധും മഹാകാളഭൂതൈഃ കവാടം പിദധേ പുരഃ. 36
ലക്ഷ്മീം രുദ്ധാം പരിജ്ഞായ കുമാരഃ പ്രതിമാകൃതിഃ
വാനത്ര മായയാവിഷ്ടഃ സലീലം ശിവസന്നിധൌ. 37

ർത്ഥം എന്ന ഒരു തീർത്ഥമുണ്ടു്. 30—31. ഇവിടെ ശിവരാത്ര്യുത്സവം മഹോത്സവമായി നടക്കുന്നു. ഇവിടെ വന്നു ശിവരാത്രിവ്രതം എടുക്കുന്നതു് ഏററവും മുഖ്യമാകുന്നു.

ഇനി ലക്ഷ്മീപുരത്തെപ്പററിപ്പറയുന്നു. 32—33. പണ്ടു മഹാവിഷ്ണുവിന്റെ കല്പനപ്രകാരം ഈ ലക്ഷ്മീപുരത്തു വന്നു ദേവദർശനം ചെയ്ത ലക്ഷ്മീഭഗവതി അവിടെയുള്ള ശിവനെ വിഷ്ണുരൂപനായിക്കണ്ടു. 34. ഭർത്താവാണെന്നു കരുതി ലക്ഷ്മി അകത്തുകടന്നു; ശിവൻ അവളെ ഒരു രത്നപീഠത്തിന്മേലിരുത്തി. 35.63. സംഗതി മനസ്സിലായപ്പോൾ ലക്ഷ്മി പുറപ്പെട്ടു; ലക്ഷ്മിയുടെ സാന്നിധ്യം ഇവിടെ എന്നുമുണ്ടാകട്ടെ എന്നുവെച്ചു് അവളെ വിട്ടയയ്ക്കാതിരിപ്പാൻ വേണ്ടി ശിവന്റെ കല്പനപ്രകാരം 'മഹാകാളഭൂതം വാതലടച്ചു. 37. അപ്പോൾ സുബ്രഹ്മണ്യൻ ഭൂതാവിഷ്ട

സ്വപുത്രമിതി തം ബുദ്ധ്വാ സ്വാങ്കമാരോപയച്ഛിവഃ
തദാ ലക്ഷ്മീം ഹേമകുംഭേ നിവേശ്യ സ യയൌ ഹരിഃ. 38
ലക്ഷ്മീസാന്നിദ്ധ്യമത്രാസ്തു നിത്യമേവ ശിവാലയേ
ഇത്യുക്ത്വാ സ്വാം പ്രിയതമാം ഗൃഹീത്വാ പ്രയയൌ പുനഃ. 39
തദാപ്രഭൃതി വൈകുണ്ഠശ്ശിവരാത്രൌ ശിവാലയേ
ലക്ഷ്മീമാവാഹ്യ കുംഭേ ച ബാലഭാവാത്ര നൃത്യതി. 40
തദാപ്രഭൃതി തൽ ക്ഷേത്രം ലക്ഷ്മീപുരമിതീര്യതേ
ലക്ഷ്മീഗ്രാമേശ്വരശ്ശംഭുർഭുക്തിമുക്തിഫലപ്രദഃ. 41
തദാപ്രഭൃത്യേവ സതീ വർദ്ധയന്തീ ശ്രിയം പുരേ
ലക്ഷ്മീപുരേ നിവസതി തത്രൈശ്വര്യസമൃദ്ധിദാ. 42
ഘൃതാമൃതം പുരോഭാഗേ നിവേശ്യാഭ്യർച്ച്യ ഭക്തിതഃ
ജേതാമിഷ്ടസിദ്ധിഞ്ച കുരുതേ സ മഹേശ്വരഃ. 43
ഭാർഗ്ഗവസ്തു സമാഗത്യ നത്വാ ലക്ഷ്മീം മഹേശ്വരം
മഹാലിംഗമിതി ജ്ഞാത്വാ സിഷേവേഽഭീഷ്ടസിദ്ധയെ. 44
തത്രാരാധനപൂജാ ച കല്പിതാ ഹി യഥാർഹതഃ
വേദമന്ത്രൈർവ്വേദവിദാം കുസുമാരാധനാ ച സാ. 45
ധനവൃദ്ധിശ്ച ബഹുളാ ലക്ഷ്മീപുരഗൃഹാന്തരേ
ശ്രിയസ്സാന്നിദ്ധ്യഹേതുത്വാദ്യഥാ പുണ്യജനേശിതുഃ. 46
പ്രാസാദം ഹേമഫലകൈസ്സ്വർണ്ണസ്തൂപീം മനോഹരാം

നെപ്പോലെ നൃത്തം തുള്ളിത്തുടങ്ങി. 38. ശിവൻ സുബ്രഹ്മണ്യനെപ്പിടിച്ചു മടിയിൽ വെച്ചപ്പോൾ വിഷ്ണു ലക്ഷ്മിയെ ഒരു കുടത്തിലാക്കി എടുത്തുകൊണ്ടു പോയി. 39. ഇവിടെ എന്നും ലക്ഷ്മീസാന്നിധ്യമുണ്ടാകട്ടെ എന്നു പറകയും ചെയ്തു. 40. അന്നുമുതല്ക്കു ശിവരാത്രിനാൾ വിഷ്ണു ലക്ഷ്മിയെ കുടത്തിലാവാഹിച്ച് ഇവിടെ ഒരു കുട്ടിയായി നൃത്തം ചെയ്യുന്നു! 41. അന്നുതൊട്ടാണ് ഇതു ലക്ഷ്മീപുരമായിത്തീർന്നതു്. 42. അവിടെ അന്നുമുതല്ക്കു തന്നെ ഐശ്വര്യവും വർദ്ധിച്ചുവരുന്നു. 43—46. ലക്ഷ്മീപുരത്തപ്പന്റെയും ലക്ഷ്മീഭഗവതിയുടെയും മാഹാത്മ്യങ്ങൾ.

മണ്ഡപഞ്ച ചതുശ്ശാലാം നൃത്തശാലാം വ്യധാദപിഃ. ‖ 47
കേതുദണ്ഡഞ്ച പുരതഃ സുവൎണ്ണമണിരഞ്ജിതം
ഗോപുരാണി ച ഹൈമാനി പ്രകാരാണി തഥൈവ ച. 48
നിത്യം ശാല്യന്നനൈവേദ്യം സസൎപ്പിൎഗ്ഗുളപായസം
അപൂപകദളീകേരക്ഷീരാജ്യമധുലാജകൈഃ. 49
ശംഖസ്വനം വേദഘോഷം ഭേരീപടഹനിസ്വനം
നടനൎത്തകനൃത്തഞ്ച മൃദംഗമുരജാരവം. 50
നിത്യോത്സവം ശിവബലിം നവകം പഞ്ചഗവ്യകം
ഘൃതാഭിഷേകമിത്യാദ്യം കല്പയാമാസ ഭാൎഗ്ഗവഃ. 51
ഏവമാദീന്യനേകാനി ദേവകാൎയ്യാണി നിത്യശഃ
ഭൃഗുരാമേണ സഹസാ കല്പിതാനി യഥാൎഹതഃ. 52
ഇന്ദ്രാദയോ ലോകപാലാസ്സഹസിദ്ധമുനീശ്വരൈഃ
ദിവ്യകല്പദ്രുമസുമാന്യാഹൃത്യാൎച്ചന്തി നിത്യശഃ. 53
ഋഷയസ്തം പൂജയന്തി നിത്യമേവാത്ര സംസ്ഥിതാഃ
നൃത്യന്ത്യപ്സരസസ്തത്ര പരോക്ഷം ശിവസന്നിധൌ. 54
ബഹുനാ ച കിമുക്തേന ക്ഷേത്രം കൈലാസസന്നിഭം
നിത്യസാന്നിദ്ധ്യമീശസ്യ നിത്യമൈശ്വൎയ്യവൎദ്ധനം. 55
മഹാജനസമാകീൎണ്ണം ദിവ്യതീൎത്ഥസമാകുലം
ഉൽകൃഷ്ടം ബഹുഭിസ്തോത്രൈൎവ്വേദപാഠൈരനാരതം. 56
കിമലഭ്യം ഭഗവതി നൃണാം ദൃഷ്ടിപഥം ഗതേ
യേ ന ജാനന്തി തത്തത്വാ പശവസ്തേ ന സംശയഃ. 57
പശ്ശൂനാമേവ നാന്യേഷാം വിശേഷജ്ഞാനശ്ശൂന്യതാ
ഏകമേവ സദാ ചിന്ത്യമാഹാരാദി ചതുഷ്ടയം. 58

47-48. ക്ഷേത്രവൎണ്ണനം. 49. വെള്ള, നെയ്പ്പായസം, അപ്പം, മലർ എന്നു തുടങ്ങിയ നിവേദ്യങ്ങൾ. 50—52. നവകം, പഞ്ചഗവ്യം മുതലായതെല്ലാം ഇവിടെയുണ്ടു്. 53—58. ക്ഷേത്രത്തിന്റെ അപാരമായ മാഹാത്മ്യം. 59. ലക്ഷ്മീപുരഗ്രാമവാ

ക്ഷേത്രകാൎയ്യം ദദൌ രാമോ ലക്ഷ്മീഗ്രാമനിവാസിനാം
പൃഥിവീം പ്രദദൌ തത്ര വൃത്തയേ ദേവമന്ദിരെ. 59
ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ പഞ്ചമാദ്ധ്യായഃ.

ഷഷ്ഠോദ്ധ്യായഃ.

"ശംബരസ്യ വനം" ഗത്വാ ശംബരം പരിപൃഷ്ടവാൻ
കിമത്ര വൎത്തസേ നിത്യം തന്മമാഖ്യാഹി സുവ്രത! 1
ശംബരസ്തമുവാചേദം ഭൃഗുസൂനോ വിബോധ്യതാം
രാമകൃഷ്ണൌ ദ്വാപരാന്തേ പിതരാവൂചതുഃ സ്വയം. 2
ആവാം സ്വശരണം ഗന്തും പ്രാപ്തകാലൌ ന സംശയഃ
അംബ താത വചോസ്മാകം ശൃണുതം പുണ്യവത്സലൌ. 3
യുവയോഃ സ്നേഹവൈക്ലബ്യം മാ ഭൂദാവാം കദാചന
യുവയോൎദ്ദൎശയിഷ്യാവസ്സ്വം രൂപം ശംബരാലയേ. 4
പശ്യതം ബാലഭാവന്നൌ നൃത്യന്തൌ സുതാവിവ
ഗച്ഛാവോദ്യ സ്വനിലയം മാ മാ ദുഃഖിതുമൎഹഥഃ. 5
ഇത്യുക്ത്വാന്തൎഹിതൌ ദേവൌ ജഗദ്ധാത്രൂ ജഗന്മയൌ
കരിഷ്യതസ്സത്യമേവ സ്വപിത്രോ രാമകേശവൌ. 6

സികൾക്കൊണ്ട് ഈ ക്ഷേത്രത്തിന്റെ ഊരായ്മ. ഈ ക്ഷേത്രത്തിന്ന ദേവസ്വം വകയായി ഭൂസ്വത്തും ധാരാളമുണ്ട്.

എന്ന് അഞ്ചാമദ്ധ്യായം.

ആറാമദ്ധ്യായം.

തൃച്ചംബരം ക്ഷേത്രം 1—46.

1. ശംബരസ്യ വനം=ശംബരന്റെ കാട്; തൃച്ചംബരം.
2—9. പരശുരാമന്റെ ചോദ്യത്തിന്നു ശംബരൻ പറഞ്ഞ മറുപടിയാവിതു്:—"ദ്വാപരയുഗാവസാനത്തിൽ ബലരാമനും ശ്രീ

പിത്രോർദ്ദർശയിതും രൂപമിഹ യാവൽ ജഗല്പതി
ആഗച്ഛതസ്തൌ താവത്തു പ്രതീക്ഷ്യാഹമിഹാസ്ഥിതഃ. 7
ഈക്ഷിതും ബാലനടനം യഥാവദ്രാമകൃഷ്ണയോഃ
ഇഹൈവാവസ്ഥിതോഹം ഹി ഭൃഗുരാമ നിബോധ ഭോഃ. 8
അന്യേ ച മുനയസ്സർവേ സിദ്ധവിദ്യാധരോരഗാഃ
പ്രതീക്ഷന്തേ നിത്യമേവ നൃത്തക്രീഡനമീശയോഃ. 9
തച്ഛ്രുത്വാ ഭാർഗ്ഗവോ രാമോ നടനം രാമകൃഷ്ണയോഃ
ദ്രഷ്ടുകാമശ്ചിരം തത്ര നിവാസമകരോദ്വിഭുഃ. 10
അഥ രാമശ്ച കൃഷ്ണശ്ച ബാലഭാവാവുപസ്ഥിതൌ
നൃത്യന്തൌ ലീലയാ സാകം ശംബരസ്യ വനേ ശുഭേ. 11
ദേവകീവസുദേവൌ ച തത്രാജഗ്മതുരാദരാൽ
നൃത്തക്രീഡാം സമീക്ഷ്യ ച മുദമാപതുരുത്തമാം. 12
യശോദാ നന്ദഗോപശ്ച രോഹിണീ ചേതരേ ജനാഃ
നൃത്തക്രീഡാം തയോർവീക്ഷ്യ മുദമാപുരനുത്തമാം. 13
ദേവാസ്സർഷിഗണാസ്സിദ്ധവിദ്യാധരമഹോരഗാഃ
ദദൃശുർഭഗവൽക്രീഡാം നനൃതുശ്ചാപ്സരോഗണാഃ. 14
മുമുചുഃ കുസുമാസാരം ദേവതാശ്ച മഹർഷയഃ
തൂര്യഘോഷസ്സമഭവദാകാശേ സ്വർഗ്ഗിണാമ്മഹാൻ, 15
ഹാരനൂപുരകേയൂരൈർവ്വലയൈരംഗുലീയകൈഃ

കൃഷ്ണനും, 'ശംബരാലയ'ത്തിൽ ഇനിയൊരു കാലത്തു ഞങ്ങൾ കുട്ടികളായി നടനം ചെയ്യുന്നതാണ് എന്ന് അച്ഛനമ്മമാരോടു പ്രതിജ്ഞ ചെയ്തിട്ടാണു സ്വർഗ്ഗാരോഹണം ചെയ്തത്. ഞാൻ ഇവിടെ അവരെ പ്രതിപാലിച്ചുകൊണ്ടിരിക്കയാണ്." 10—15. ഇതുകേട്ടു ഭാർഗ്ഗവരാമനും അവിടെ അവരെക്കാത്തു കുറേകാലം വസിച്ചു. അങ്ങിനെയിരിക്കേ ആ കുട്ടികൾ അവിടെ അവതീർണ്ണന്മാരായി. ദേവകി, വസുദേവൻ, യശോദ, നന്ദഗോപൻ, രോഹിണി എന്നു തുടങ്ങിയവരും മററു പലരും അവിടെ ഇവരെക്കാണ്മാൻ വന്നുകൂടി. ആകാശത്തിൽ പുഷ്പവൃഷ്ടിയും പെരുമ്പറയടിയും മററുമുണ്ടായി. 16—25. ഈ ദ

കടിസൂത്രൈർഭൂഷിതാംഗൌ ബർഹചൂഡൌ നടാവിവ. 16
ഗച്ഛതസ്സ്വൈരിതം കദാപി മന്ദംമന്ദം കദാചിൽ കദാചിൽ
ഗച്ഛന്തൌ തൌ സലീലഞ്ച ഹസന്തൌ ച മുഹുർമ്മുഹുഃ. 17
ഗൃഹീത്വാ ഹസ്തമന്യോന്യം വീക്ഷമാണൌ പരസ്പരം
നൃത്യന്തൌ ച വിലാസേന നടാവിവ മനോഹരൌ. 18
നവനീതഞ്ച ദുഗ്ദ്ധഞ്ച ഭുഞ്ജാനൌ ദുഗ്ദ്ധപായസം
പാദതാളം വികുർവ്വന്തൌ നൃത്യന്തൌ തൌ മുഹുർമ്മുഹുഃ. 19
നൃത്തതാളം വിതേനുസ്തേ ഗന്ധർവ്വാപ്സരസാം ഗണാഃ
ഭേരീതൂര്യ്യമൃദംഗൈശ്ച പണവാനകഗോമുഖൈഃ. 20
ആനന്ദയന്തൌ പിതരൌ വിജഹ്രതുരനാകുലം
ബാലസ്വഭാവലളിതൌ നൃത്യന്തൌ തൌ യഥാപുരം. 21
ബ്രഹ്മാ തു ഹംസമാരുഹ്യ ശങ്കരോ വൃഷവാഹനഃ
തത്രാപജഗ്മതുർദ്ദ്രഷ്ടും നൃത്തക്രീഡാമഹോത്സവം. 22
നൃത്യന്തൌ രാമകൃഷ്ണൌ തൌ സമേത്യ യതിപുംഗവാഃ
പ്രദക്ഷിണം വിതേനുശ്ച കാഷായാംശുകദണ്ഡിനഃ. 23
സ്വയമാരുഹ്യ ശിരസി വസുദേവസ്യ കേശവഃ
വേണും വിരണയന്മന്ദം പിതരം ഹാസയന്മുദാ. 24
തഥൈവ ബലദേവശ്ച നന്ദസ്യ ശിരസി സ്വയം
വിതേനേ ക്ഷണമാരുഹ്യ ക്ഷണമാനന്ദയംശ്ചിരം. 25
തതോ ഭൃഗുസുതോഭ്യേത്യ ശംബരശ്ച മുനീശ്വരൌ
നേമതുശ്ശിരസാ ദേവൌ സ്തുവന്തൌ രാമകേശവൌ. 26
ബാലസ്വഭാവലളിതൌ ക്രീഡന്തൌ തൌ ദിവാനിശം
രാമകൃഷ്ണൌ വിലോക്യൈവമുദമാപതുരുത്തമാം. 27
താവൂചതുസ്സദാ തത്ര സ്ഥീയതാം ശംബരാലയേ
ഇതി വിജ്ഞാപിതൌ ദേവൌ തദാജ്ഞാം വിദധതുഃ. 28
പ്രത്യഷ്ഠാപയദേവാത്ര രാമകൃഷ്ണൌ ഭൃഗൂദ്വഹഃ.

ശകം രാമകൃഷ്ണന്മാരുടെ നാനാപ്രകാരകമായ ബാലക്രീഡയുടെ വർണ്ണനമാകുന്നു. 26. ഭൃഗുരാമനും ശംബരമുനിയും ഈ രാമകൃഷ്ണന്മാരെ വന്ദനനമസ്കരിച്ചു. 27. ഇവരെക്കണ്ടു് അവർ സന്തോഷിച്ചു. 28 _ 29. പരശുരാമൻ അവരുടെ അനുജ്ഞ

രാമകേശവയോർബിംബേ യെ ദദൌ നാരദസ്സ്വയം. 29
ശ്രീകൃഷ്ണം ശംബരഗൃഹേ ''പരശ്വാഖ്യവനേ''ഗ്രജം
ഊഷതുസ്സുഖമേവൈതൌ ബാലലീലാമനോഹരൌ. 30
ശംബരേശസ്യ തു യഥാ പർശ്ശുകാന്തരവാസിനഃ
പ്രതിഷ്ഠാകലശാദ്യഞ്ച കാരയാമാസ ഭാർഗ്ഗവഃ. 31
ദാവിംശാഹേ ആരഭ്യ മീനഷഷ്ഠാവസാനികഃ
ചതുർദ്ദശദിനാന്യത്ര നാകോത്സവസമോത്സവഃ. 32
പ്രാസാദമണ്ഡപാദ്യഞ്ച സുവർണ്ണമണിരഞ്ജിതം
സ്വർണ്ണസ്തൂബീവിലസിതം ക്ഷേത്രം സ്വർണ്ണവിഭൂഷിതം. 33
നൃത്തശാലാമഗ്രശാലാം പ്രാകാരം ഗോപുരം തഥാ
ഹസ്തിശാലാം ഭക്തിശാലാം സ്നാനശാലാം വ്യധാദ്വിജഃ. 34
തീർത്ഥാന്യത്ര മഹാർഹാണി പാവനാന്യമലാനി ച
പ്രദക്ഷിണഗതാന്യേവ ഗ്രീഷ്മകാലേ ച നിത്യശഃ. 35
നിത്യം ശാല്യന്നനൈവേദ്യം ദുഗ്ദ്ധപായസമപ്യഥ
ലാജാംസ്ത്രിമധുരം കേരകദളീഗുളമിശ്രിതം. 36
ശംഖധ്വാനം വേദഘോഷം ഭേരീപടഹനിസ്വനം
നടനർത്തകനൃത്തഞ്ച മൃദംഗമുരജാരവം. 37
നിത്യോത്സവം ശിവബലിം നവകം പഞ്ചഗവ്യകം
ക്ഷീരധാരാമപൂപഞ്ച ബഹുധാകല്പയദ്വിജഃ. 38
ഏവം പരശ്ശുകാന്താരദേവസ്യാപി യഥാതഥം
കല്പയാമാസ ഭഗവാൻ ദേവസാന്നിദ്ധ്യസിദ്ധയെ. 39
കുംഭമാസോത്സവേ നിത്യം നൃത്യന്തൌ തൌ യഥാപുരം

യനുസരിച്ച് അവരെ അവിടെ പ്രതിഷ്ഠിച്ചു. ആ ബിംബങ്ങൾ നാരദനാണ പരശുരാമന്നു കൊടുത്തതു. 30. തൃച്ചംബരത്തു വിഷ്ണുവിനേയും പരശുവന (മഴൂര)ത്തിൽ ബലരാമനേയും പ്രതിഷ്ഠിച്ചു. 31, 32. ബലരാമന്നു കൊല്ലംതോറും ഉത്സവമുണ്ടു്; അതു കുംഭം 22-ാംനു തുടങ്ങുന്നു; മീനം 6-ാംനു അവസാനിക്കുന്നു. 33—35. ക്ഷേത്രവർണ്ണനം. 36. വെള്ളനിവേദ്യം, പാൽപ്പായസം, മലർ, ത്രിമധുരം—മുതലായവ നിവേദ്യങ്ങൾ. 37-39, നവകം, പഞ്ചഗവ്യം തുടങ്ങിയവയ്ക്കു് ഇവിടെ പ്രാധാന്യ

ബലരാമശ്ച കൃഷ്ണശ്ച കുരുതോ നടനക്രിയാം. 40
ശിവരാത്ര്യുത്സവെ കൃഷ്ണോ ലക്ഷ്മീപുര്യാം ച ഗച്ഛതി
തത്ര ഭൃത്യാൻ ബഹൂതരം മോഹയൻ പരമേശ്വരം. 41
പ്രതിവത്സരമേവാത്ര ചതുർദ്ദശദിനാവധി
മഹോത്സവോ മഹാഘോഷോ ദേവദേവോത്സവോ മഹാൻ. 42
ഘോഷയാത്രാമനുദിനമുത്സവെ ച ദിവാനിശം
കരോതി ശംബരാധീശഃ കൃഷ്ണോ രാമസ്തഥൈവ ഹി. 43
ബലരാമഞ്ച പരശുവനാധീശം നിജാഗ്രജം
ആനീയാത്രോത്സവെ നിത്യം സഹയാനം കരോത്യഹോ. 44
മഹിഷീണാം പശൂനാഞ്ച ക്ഷീരപായസമന്നഹം
സിതാജ്യുതഞ്ച ഭുഞ്ജാനോ നിത്യമാസ്തേത്ര കേശവഃ. 45
യതീനാം മണ്ഡപന്തത്ര നാരായണമഠം വിഭുഃ
കല്പയിത്വാ ദദൌ തേഷാം മഠാദ്ധ്യക്ഷത്വമപ്യഥ. 46

അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
ശ്രൂയതാം പാപശമനം സർവ്വാഭീഷ്ടവിധായകം. 47
ലക്ഷ്മീപുരപുരോഭാഗെ ഗഹനെ കാനനേ പുരാ
"കാരസ്കരാസുരോ" നാമ ഭസ്മാസുരസുതോഭവൽ. 48
ഭാർഗ്ഗവസ്തു തദാഭ്യേത്യ കുഠാരേണ ജഘാന തം
തദാത്ര ശിവലിംഗഞ്ച ദദർശാത്ഭുതമപ്യഥ. 49

മുണ്ട്. 40. കുംഭമാസത്തിലെ ഉത്സവകാലത്തു രാമകൃഷ്ണന്മാർ മുന്നേപ്പോലെ നടനം ചെയ്യുമാറുണ്ട്. 41. മുന്നദ്ധ്യായത്തിൽ പറഞ്ഞപോലെ വിഷ്ണു ശിവരാത്രിദിവസം ലക്ഷ്മീപുരത്തേക്കു പോകയുംചെയ്യുന്നു. 42_44. ഉത്സവപ്രകാരവർണ്ണനം. 45. ഇവിടെ വിഷ്ണുവിന്നു പശുവിൻപാൽകൊണ്ടു മാത്രമല്ല എരുമപ്പാൽകൊണ്ടും പഞ്ചാരപ്പായസമുണ്ടാക്കി നിവേദിക്കുമാറുണ്ട്. 46. ഇവിടെ ഒരു സന്ന്യാസിമഠവും ഒരു നാരായണമഠവുമുണ്ട്.

47_49. മറെറാരു കഥ പറയുന്നു. 'കാരസ്കരവന' (കാഞ്ഞിരക്കാട്)ത്തിൽ കണ്ടെത്തിയ ഭസ്മാസുരപുത്രനായ കാരസ്കരാസുരനെ പരശുരാമൻ കൊന്നു; അവിടെ ശിവലിം

നാരദസ്തു തദാഭ്യേത്യ ഭാൎഗ്ഗവായ ന്യവേദയൽ
ശിവലിംഗസ്യ മാഹാത്മ്യം യഥാവദനുപൂൎവ്വശഃ. 50
ശൃണു ഭാൎഗ്ഗവ രാജൎഷേ! ശിവലിംഗസ്യ വൈഭവം
രവിൎവ്യാധിഭിരാവിഷ്ടോ നിസ്തേജാശ്ചാഭവൽ പുരാ. 51
അതിചിന്തയതോ ഭാനുൎവ്യാധിശാന്തിഃ കഥം ഭവേൽ
തത്രാഭ്യേത്യാബ്രവീൽ ഭാനും ഗരുഡസ്തം ഹതത്വിഷം. 52
ശൃണു ഭാസ്കര! മദ്വാക്യം ശിവലിംഗമ്മഹത്തമം
കൈലാസസ്യ ഗിരേഃ പാൎശ്വേ ദക്ഷിണേ വൎത്തതേ ശുഭം. 53
കാളകൂടാശനശ്ശംഭുൎവ്യാധിനോപദ്രുതഃ പുരാ
ആത്മലിംഗം പ്രതിഷ്ഠാപ്യ പയസ്സിക്തമപൂജയൽ. 54
വൈദ്യനാഥേശ്വരം ലിംഗം പയോഭിരഭിഷിച്യ ച
പൂജയാമാസ വിധിവൽ പാൎവ്വത്യാ സഹ ശങ്കരഃ. 55
അചിരേണൈവ കാലേന ശിവലിംഗസ്യ വൈഭവാൽ
നിരുപദ്രവദേഹോഭൂൽ ശങ്കരഃ പാൎവ്വതീപതിഃ. 56
ഏതൽ ബിംബം ഗൃഹീത്വാഥ പയോഭിരഭിഷിച്യ ച
ദിനേദിനേ പൂജയ ത്വം ജലഗന്ധസുമാദിഭിഃ 57
ഗരുഡേനൈവമുക്തസ്തു സൂൎയ്യോ ഗത്വാ മഹേശ്വരം
പ്രാൎത്ഥയിത്വാഥ സമ്പാദ്യ ജവാൽ പ്രതിയയൌ മുദാ. 58
തദാദായ രവിൎഗ്ഗത്വാ സഹ്യപശ്ചിമസാഗരനി
കാമസ്കരവനേ ശുഭേ ശ്മശാനരഹിതേന്യധാൽ. 59
അഭിഷിച്യ പയോഭിശ്ച പൂജയാമാസ നിത്യശഃ
ശിവലിംഗം ദിനകരഃ പുഷ്പഗന്ധജലാദിഭിഃ. 60

ഗവും കാണുമാറായി. 50. അപ്പോൾ നാരദൻ അവിടെ വന്നു പരശുരാമനോടു ശിവലിംഗമാഹാത്മ്യത്തെപ്പററിപ്പറഞ്ഞു. **51_62.** ഈ പന്ത്രണ്ടു ശ്ലോകവും നാരദവചനമാകുന്നു. പണ്ടു സൂൎയ്യന്നു ചില വ്യാധികൾ പിടിപെടുകയും അദ്ദേഹം മന്ദരശ്മിയായിത്തീരുകയും ചെയ്തു. അങ്ങിനെ ചിന്താകുലനായ സൂൎയ്യനോടു് ഒരിക്കൽ ഗരുഡൻ ശിവലിംഗം വെച്ചു പൂജിച്ചാൽ വ്യാധികൾ മാറുമെന്നും സാക്ഷാൽ മഹാരുദ്രനു തന്നെ പണ്ടൊ

അരോഗീ തീക്ഷ്ണരശ്മിശ്ച മഹാതേജാഃ ക്ഷണാദഭൂൽ
സന്തുഷ്ടഹൃദയശ്ചാപി ശിവലിംഗസ്യ വൈഭവാൽ. 61
തദൈതൽ ബിംബമുൽകൃഷ്ടം പരമേശ്വരപൂജിതം
"വൈദ്യനാഥേശ്വര”നാമ രവിണാത്ര പ്രതിഷ്ഠിതം. 62
ശിവലിംഗസ്യ മാഹാത്മ്യം ശ്രുത്വാഥ ഭൃഗുനന്ദനഃ
സന്തുഷ്ടഹൃദയശ്ചാഥ ബഭൂവാശ്ചര്യ്യവാൻ ക്ഷണാൽ. 63
ക്ഷീരകുംഭസഹസ്രൈശ്ച രേണുകാനന്ദവർദ്ധനഃ
അഭിഷിച്യ സുമൈശ്ശൈസ്സമർച്ചയാമാസ സാദരം. 64
അചലസ്യ ശിരോദേശേ വൈദ്യനാഥേശ്വരസ്യ ഹി
അഭിഷേകായ തീർത്ഥാനി കല്പിതാനി മഹാത്മനാ. 65
തീർത്ഥേ സ്നാത്വാ പ്രതിദിനം നമസ്കൃത്യ മഹേശ്വരം
സിഷേവേ സ്ഥിരചിത്തസ്സൻ വൈദ്യനാഥേശ്വരമ്മുനിഃ. 66
പ്രാസാദമണ്ഡപാദ്യഞ്ച ഹേമസ്തംഭീ മനോഹരാം
സുവർണ്ണരചിതം കേതുദണ്ഡഞ്ചൈവ വ്യധാദിഹ. 67
ക്ഷീരധാരാം വികുർവ്വാണാ യേ ഭജന്തി മഹേശ്വരം
വിമുക്താസ്സർവ്വപാപേഭ്യോ ഭവന്തി നിരുപദ്രവാഃ. 68
കുഷ്ഠരോഗാദിശമനം പുത്രപൌത്രാദിവർദ്ധനം
കാരസ്കരവനേശസ്യ ഭജനം സർവ്വസാധകം. 69
വൈദ്യനാഥേശ്വരനാമ കാരസ്കരവനേശിതുഃ
മഹാക്ഷേത്രമിദം പുണ്യം ഭുക്തിമുക്തിഫലപ്രദം. 70

രിക്കൽ വ്യാധികളുണ്ടായപ്പോൾ അദ്ദേഹം ആത്മലിംഗത്തെ വെച്ച് പൂജിക്കയാണ് ചെയ്യുതെന്നും മററും പറഞ്ഞു. അതു പ്രകാരം ആദിത്യൻ കൈലാസത്തിൽപ്പോയി ഒരു ശിവലിംഗം സമ്പാദിച്ചു ഈ കാരസ്കരവനത്തിൽ കൊണ്ടുവന്നു വിധിപ്രകാരം പൂജിച്ച് അരോഗിയും തീക്ഷ്ണരശ്മിയുമായിത്തീർന്നു. അന്നു സൂര്യ്യൻ പ്രതിഷ്ഠിച്ച 'വൈദ്യനാഥേശ്വരം' എന്ന ബിംബമാണിതു്. 63. നാരദന്റെ ഈ വചനം കേട്ടു പരശുരാമൻ ആശ്ചര്യ്യഭരിതനായി. 64—66. വൈദ്യനാഥേശ്വരമാഹാത്മ്യം. 67. ക്ഷേത്രവർണ്ണനം. 68—70. ഇവിടെ ക്ഷീരധാര

"ലക്ഷ്മീപുരേശ്വര"ശ്ചാഥ "കാരസ്കരവനേശ്വരം"
"ശംബരേശ"ശ്ചാഭിവന്ദ്യ ഭുഞ്ജാനാഃ പുണ്യഭാഗിനഃ. 71
ഘൃതാമൃതം പ്രതിദിനം ലക്ഷ്മീപുരമഹേശിതുഃ
പ്രധാനം ധനധാന്യാദിവൎദ്ധനം പുണ്യവൎദ്ധനം. 72
ജലധാരാ ക്ഷീരധാരാ ഘൃതദീപസമൎപ്പണം
കാരസ്കരവനേശസ്യ മഹാപുണ്യവിവൎദ്ധനം. 73
ശ്രീശംബരപുരേശസ്യ ഗോക്ഷീരകൃതപായസം
മഹിഷീപയസാ ചാപി പായസം പ്രീതിവൎദ്ധനം. 74
ലക്ഷ്മീപുരേശചൈതന്യം ശംഖ ആവാഹ്യ മന്ത്രിതം
കരേ ഗൃഹീത്വാ വ്യാജേന കക്ഷ്യിൽ ഗന്തും പ്രചക്രമേ. 75
തദാ വിദിത്വാ ഗ്രാമജനോ ദുൎമ്മതേസ്തസ്യ ചേഷ്ടിതം
സജലം ശംഖമാഹൎത്തും ആരേഭേ തൽകരസ്ഥിതം. 76
തദൈവ തൽകരാൽ ശംഖേ ഗളിതേ മുഖമണ്ഡപേ
സുസ്രുവെ തീൎത്ഥമഖിലം ശംഖോദരനിവാസിതം. 77
ദൃഷ്ട്വാ ദൈവചൈതന്യം ജ്വലദഗ്നിശിഖോപമം
പതിതം ഭുവി തത്രൈവ ശംഖോദരഗതം ജനാഃ. 78
അതഃപരം ദ്വിജാസ്സൎവ്വേ ജനൈരത്രാഭിഷേചിതം
തീൎത്ഥമത്യുത്തമം നിത്യം പാസ്യന്തി കരസമ്പുടൈഃ. 79
ത്രയോ ദേവവരാസ്ത്വേതേ ത്രിവൎഗ്ഗഫലദായിനഃ
ഉപാസ്യമാനാ വിബുധൈൎജ്ജയന്തി ഹി ദിവാനിശം. 80

കഴിപ്പിച്ചാൽ കുഷ്ഠാദിരോഗങ്ങളും ശമിക്കുമെന്നും മറ്റുമുള്ള ഫലോപവൎണ്ണനം. 71 ലക്ഷ്മീപുരം, കാരസ്കരവനം, തൃച്ചംബരം ഇവിടങ്ങളിലെ ദേവന്മാരെ സ്മരിച്ചുകൊണ്ട് ഊണുകഴിക്കുന്നവർ മഹാപുണ്യശാലികളായിത്തീരും. 72. ലക്ഷ്മീപുരത്തു നെയ്യഭിഷേകം ധനധാന്യാദിവൎദ്ധനകരമാകുന്നു. 73. ധാര, ക്ഷീരധാര, നെയ്‌വിളക്ക് — ഇവ മൂന്നും കാരസ്കരവനത്തിൽ പ്രധാനമാകുന്നു. 74. പശുവിൻപാൽകൊണ്ടോ എരുമപ്പാൽകൊണ്ടോ ഉള്ള പഞ്ചസാരപ്പായസം തൃച്ചംബരത്തു പ്രധാനമാകുന്നു. 75—79. ഒരു കപടക്കാരൻ ഒരിക്കൽ ഈ ലക്ഷ്മീപുരത്ത

ത്രയോ ദേവവരാസ്സ്വതെ ജ്വലദഗ്നിശിഖോപമാഃ
ജയന്തി പ്രാണിനാം നിത്യം പ്രാണാ ഇവ നിരാപദഃ. 81

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേഷഷ്ഠോദ്ധ്യായഃ.

സപ്തമോദ്ധ്യായഃ

"ഗുരുവായുപുരം" ഗത്വാ ഗുരുവായുപ്രതിഷ്ഠിതം
സ്നാത്വാ തീൎത്ഥേ നരോ ഗാഢ ശ്രീകൃഷ്ണം കമലാപതിം. 1
സൎവ്വാധിവ്യാധിശമനം ബാലലീലാമനോഹരം
കിരീടകുണ്ഡലധരം വലയാംഗദഭൂഷിതം. 2
ചതുൎഭുജം ശംഖചക്രഗദാപത്മവിരാജിതം
പ്രപന്നപാരിജാതം തമഭജൽ കരുണാനിധി. 3
പ്രാസാദം സ്വൎണ്ണഫലകൈൎഹൈമസ്തംഭൈൎമനോഹരം
ചതുശ്ശാലാമണ്ഡപാഢ്യം കേതുദണ്ഡം സുവൎണ്ണകം 4

പ്പന്റെ ചൈതന്യത്തെ ശംഖിലുള്ള ജലത്തിൽ ആവാഹിച്ചു കളവായി കൊണ്ടുപോകാൻ പുറപ്പെട്ടു. അപ്പോൾ ആ ഗ്രാമത്തിലുള്ള ജനങ്ങൾ ആ ദുഷ്പ്രവൃത്തിയെ തടയാൻ ഒരുങ്ങി; ആ അവസരത്തിൽ ആ ശംഖിലെ വെള്ളം മുഖമണ്ഡപത്തിൽ വീഴുകയും ദേവരുടെ ചൈതന്യത്തെ അഗ്നിജ്വാലക്ക് തുല്യമായി അവിടെക്കാണുകയും ചെയ്തു. ഇന്നും ജനങ്ങൾ അവിടെ ഈ മുഖമണ്ഡപം കഴുകിയ വെള്ളം തീൎത്ഥമാണെന്ന ഭക്തിശ്രദ്ധയോടെ പാനം ചെയ്തുവരുന്നു. 80. 81. ഈ മൂന്നു വിശിഷ്ട ദേവന്മാർ വളരെ ഊറ്റപ്പെട്ടവരും ജനങ്ങൾക്കെല്ലാം സൎവ്വാഭീഷ്ടപ്രദാതാക്കളുമാകുന്നു.

എന്ന് ആറാമദ്ധ്യായം.

ഏഴാം അദ്ധ്യായം

ശ്രീഗുരുവായൂർ ക്ഷേത്രം: 1—47

1. ഗുരുവായുപുരം=ഗുരുവായൂർ. 2. 3. ഗുരുവായൂരപ്പനെ സമഷ്ടിയായി വൎണ്ണിച്ചിരിക്കുന്നു. 4. ക്ഷേത്രവൎണ്ണനം. 5. 6.

തുലാഭാരം നമസ്കാരഭോജനം വിപ്രഭോജനം
നിത്യം ശാല്യന്നനൈവേദ്യം തൈലധാരാ ദിനേദിനേ. 5
പായസാപൂപകേരാജ്യ കദളീക്ഷീരപായസൈഃ
നൈവേദ്യം ക്ഷീരധാരാ ച പഞ്ചഗവ്യാഭിഷേചനം. 6
നിത്യോത്സവശ്ചാജ്യദീപോ ദീപമാലാ ഹ്യഹർന്നിശം
മഹോത്സവഃ കുംഭമാസെ വൃശ്ചികൈകാദശീമഹഃ. 7
സഹോപദംശൈൎന്നൈവേദ്യം പനസാമ്രഫലാദികം
ബഹുനാപി കിമുക്തേന വൈകുണ്ഠസദൃശം പുരം. 8
കൃഷ്ണലീലാവിലസിതം നിത്യസാന്നിദ്ധ്യമവ്യയം
നാനാജനസമാകീൎണ്ണം നാനാവാദ്യനിനാദിതം. 9
സുവൎണ്ണകോടിലസിതം നാനാരത്നോപശോഭിതം
യേഭജന്തി മഹാവിഷ്ണും ഗുരുവായുപ്രതിഷ്ഠിതം. 10
ഭക്ത്യാ പ്രതിദിനം തേഷാം സ്ഥിതിൎവ്വൈകുണ്ഠ ഏവ ഹി
കേതുദണ്ഡോതിദീൎഘശ്ച സുവൎണ്ണമണിരഞ്ജിതഃ. 11
ഗരുഡാധ്യാസിതോ ഭാതി നിത്യം ദേവപുരോഭുവി
മഹാമണിഗണാകീൎണ്ണം മഹാരജതകാഞ്ചിതം. 12
ബിംബം ഗജേന്ദ്രമാരോപ്യ ദേവപ്രസ്ഥാനമത്ഭുതം
തപ്തചാമീകരമയം ബിംബം രത്നാവലീധരം. 13

തുലാഭാരം, നമസ്കാരം, അത്താഴം, എണ്ണകൊണ്ടും പാൽകൊണ്ടും ധാര, പായസം, അപ്പം, കദളിപ്പഴം, വിശിഷ്യ മുടങ്ങാതെ പഞ്ചാരപ്പായസം, പഞ്ചഗവ്യമാടുക — എന്നിവയെല്ലാം ഇവിടെ ഏററവും പ്രധാനമാകുന്നു. (ഇതു കൂടാതെ മററു പലേ വഴിവാടുകളും ഇവിടെയുണ്ടു്; അവയെല്ലാം ഫലം ഉടനടി കാണുന്നതുമാകുന്നു.) 7. കുംഭമാസത്തിൽ ഉത്സവമുണ്ടു്. വൃശ്ചികമാസത്തിലെ വെളുത്ത ഏകാദശി (ഉത്ഥാനൈകാദശി)ക്കു് ഇവിടെ വളരെക്കേമമായി വിളക്കു് ഇന്നും നടന്നുവരുന്നുണ്ടു്. 8. നമസ്കാരത്തിനോ മററോ വെച്ചുണ്ടാക്കിയ കറികളെല്ലാം ഗുരുവായൂരപ്പന്നു നിവേദിക്കമാറുണ്ടു് 9—28. ഗുരുവായൂരപ്പന്റെ ഏതാനും ചില മാഹാത്മ്യങ്ങൾ;

സ്ഥാപിതം ഗജസ്കന്ധേ ദേവപ്രസ്ഥാനമത്ഭുതം
ഗജേന്ദ്രഫാലഫലകേ ഹേമപട്ടം നിബദ്ധ്യച. 14
ബിംബം ഗജേന്ദ്രമാരോപ്യ ദേവപ്രസ്ഥാനമത്ഭുതം
ഛത്രമുദ്ധൃത്യ ബിംബാഗ്രേ ചാമരവ്യജനൈമ്മുഹുഃ. 15
വീജ്യമാനം സലീലഞ്ച ദേവപ്രസ്ഥാനമത്ഭുതം
ദീപാവലീവിലസിതം ശംഖഭേരീരവാകുലം. 16
മൃദംഗമദ്ദളോൽഘുഷ്ടം ദേവപ്രസ്ഥാനമത്ഭുതം
അത്യുന്നതൈസ്സഹ ഗജൈഃ ഫാലപട്ടോപശോഭിതൈഃ. 17
പാശ്വയോഗ്ഗിരിസങ്കാശൈദ്ദേവപ്രസ്ഥാനമത്ഭുതം
കൃശാനുനാ ദീപിതമഹാകർപ്പൂരഗിരികോടിഭിഃ. 18
ദിനായമാനയാമിന്യാം ദേവപ്രസ്ഥാനമത്ഭുതം
ദീപാവലീദിനകരസഹസ്രദിവസായിതേ. 19
ദിഗന്തര തമസ്വിന്യാം ദേവപ്രസ്ഥാനമത്ഭുതം
ഭേരീതൂയ്യരവോൽഘോഷബധിരീകൃതദിങ്മുഖേ. 20
അലംകൃതാശേഷാജനേ പൃച്ഛതേ കിമതഃ പരം
ഗുരുവായുപുരാധീശചരിതം ബഹുവിസ്തൃതം. 21
കഥിതും കസ്സമർത്ഥസ്സ്യാ ഭവേന ധിഷണം വിനാ
ത്രയസ്ത്രിംശൽകോടിദേവാ നിത്യം യത്രാക്ഷിഗോചരാഃ. 22
ദിവ്യകല്പദ്രുമസുമൈന്നിത്യമച്ചന്തി മാധവം
ഹരസ്സഹൈവ പാവ്വത്യാ ബാലലീലാകുതൂഹലീ. 23
ഉപാസ്തേ മാധവം തത്ര ശംഖചക്രഗദാധരം
ഋഷയോ ദേവഗന്ധവ്വാസ്സിദ്ധചാരണപന്നഗാഃ. 24
ഉപാസതേ ശ്രിയാ ജുഷ്ടം ശ്രീപതിം സസ്മിതാനനം
ഹാരനൂപുരകേയൂരവലയാദ്യാത്മഭൂഷണം. 25
യസ്യ ദേവപുരോഭാഗേ സേവന്തേ ഹി മഹാജനാഃ
യദാക്ഷിഗോചരഃ കൃഷ്ണസ്സദൈവേഷാം മഹാഗദാൻ. 26
ഹരത്യേവ ന സന്ദേഹഃ സംസാരമലമോചനഃ
യസ്യ നിത്യം കഥാലാപഃ കരോത്യഘവിനാശനം. 27

എഴുന്നള്ളിപ്പിന്റെ കോലാഹലങ്ങളും; പിന്നെയും ചില മാഹാത്മ്യങ്ങളും ആഭരണാദി വണ്ണനവും; കുട്ടികളുടെ ആഭരണങ്ങളും

പ്രത്യക്ഷദൃഷ്ടഃ സോപ്യത്ര ജനാനാം കിന്ന ദാസ്യതി
മഠാഭിധഗൃഹാവാസീ പുരാ കശ്ചിദ്ദ്വിജോത്തമഃ. 28
വാതരോഗാവശതനുരഭജൽ കൃഷ്ണസന്നിധൌ
പിണ്ഡീഭൂതശരീരോസൌ നാശക്നോൽ സ്പന്ദിതും സ്വയം. 29
വേദാദ്ധ്യയനശീലശ്ച സിഷേവേ സഹസാ ഹരിം
സ്നാനഭോജനനിദ്രാദികരണേഷ്വപി സാങ്കശഃ. 30
വേദനാക്രാന്തഹൃദയോ ബഭൂവ ച മഹാദ്വിജഃ
ഏവമന്ന്യോ മഹീദേവോ ദാരിദ്ര്യാഹതചേതനഃ. 31
ഭക്ത്യാ പരമയാ യുക്തഃ സിഷേവേ കൈടഭദ്വിഷം
ഏവം ബഹുതിഥേ കാലേ ഭജതോസ്തദ്വയോരപി. 32
പ്രസന്നോ ഭഗവാൻ വിഷ്ണുസ്സച്ചിദാനന്ദവിഗ്രഹഃ
നിസ്സ്വദ്വിജമുവാചേദം നിദ്രായാം ഭഗവാൻ നിശി. 33
അഹം ഭക്തപരാധീനഃ പ്രസന്നോഹം ദ്വിജോത്തമ
ദാരിദ്ര്യമപനേഷ്യാമി തവ ഭൂദേവസത്തമ! 34
മത്സേവാ വിഫലാ ജാതു ന ഭവിഷ്യതി ഭൂസുര!
മഠദ്വിജോ നാമ പരോ ധനവാൻ ധനസഞ്ചയം. 35
മമാപ്പിതുമുപാനീതം രക്ഷത്യവിരതം മഹൽ
സ്നാതും സ ശിക്യമാരുഹ്യ സഹായി കാസാരാന്തികം. 36
ഉപന്യസ്യ ധനം യാവൽ സ്നാതി തവം തം പ്രതീക്ഷ ഭോഃ
നിമഗ്നേസ്മിൻ തദാദായ ജവാദേവ മഹീസുര! 37
ധാവമാനസ്സ്വനിലയം ഗന്തുമർഹസി മൽപ്രിയം
ഇത്യുക്ത്വാന്തർദ്ദധേ വിഷ്ണുഭഗവാൻ ഭൂതഭാവനഃ. 38
സ്വപ്നോത്ഥിതസ്സ ഭൂദേവസ്സഹസാശ്ചര്യവാനഭൂൽ
പരശ്വാഹനി കാസാരസന്നിധൌ പ്രാതരേവ സഃ. 39
തസ്ഥൌ തദാ മഠഗൃഹീ സ്നാതുമാഗച്ഛദന്തികം
ധനം വിന്യസ്യ സോപാനേ സശിക്യം തം മഠദ്വിജം. 40
നിമജ്ജയാമാസ ജലേ ദ്വിജഃ കശ്ചിൽ സഹായകഃ
തദന്തരേ സ നിഃസ്വോസൌ ധനം വാസോഭിസംവൃതം. 41
കരേണാദായ തരസാ ദുദ്രുവേ സ്വഗൃഹം പ്രതി

അഴിച്ചു ദേവന്നു ചാർത്തുമാറുണ്ടു്. 28—47. ദേവപ്രസാദമാഹാത്മ്യത്തെ കാണിപ്പാനായി ഒരു കഥയെ എടുത്തുദാഹരിക്കു

മഠദ്വിജസ്യ ശിക്യസ്ഥസ്സംഭ്രമാകുലിതേക്ഷണഃ. 42
അവരുഹ്യ ദ്രുതതരം ദുദ്രുവേ തം പ്രതി സ്വയം
വാതരോഗേണ മഹതാ ഗ്രസ്തോയം സ്പന്ദിതുമക്ഷമഃ. 43
ബഹുദൂരം ധാവമാനോ ബഭൂവാത്യത്ഭുതം ത്വിദം
ഏവം ചിരം ഗതേ കാലേ വാഗഥാഹാശരീരിണീ. 44
മാ മായാസം വൃഥാ ത്വഞ്ച കൃഥാസ്സൽഗുണവാരിധേ!
പ്രസന്നോ ഭഗവാൻ കൃഷ്ണസ്ത്വയി തസ്മാൽ ഭവാനഹോ. 45
മഹാരോഗാദ്വിമുക്തോഭൂദ്ധനമസ്മൈ ദദൌ ഹരിഃ
ആയാസാദ്വിരരാമാഥ ധനാശായാശ്ച ഭൂസുരഃ. 46
നിൎവ്വാതദേഹഃ പ്രയയൌ സ്വഗേഹം മഠഭൂസുരഃ
തശ്ശിക്യമാരോഖ്യാസ്ഥി സ ദ്വിജോ ദേവഃസ്വയാ. 47
അഥാതസ്സമ്പ്രവക്ഷ്യാമി ക്ഷേത്രാണാമുത്തമോത്തമം
"ശ്രീമാനശൈലനിലയാ" യത്രാസ്തേഭ്യൎച്ചിതാ സുരൈഃ. 48

നു. 28 — 3. 'മഠം' എന്ന പേരായ ഒരു വേദാധികാരിയായ ബ്രാഹ്മണൻ വാതരോഗം കൊണ്ടു വല്ലാതെ പരവശനായിത്തീൎന്നു; അദ്ദേഹത്തിന്റെ ശരീരം ഒരു ഉരുളപോലെയായി; വേദനയും സഹിക്കവയ്യാതായി! അദ്ദേഹം ഗുരുവായൂരപ്പനെ വന്നു ഭജിച്ചിരുന്നു. 31 — 32. ഇതുപോലെ മഹാദരിദ്രനായ മറെറാരു ബ്രാഹ്മണനും ദാരിദ്ര്യശാന്തിക്കായി ഇവിടെ വന്നു ഭജിച്ചിരുന്നു. 32 — 38. ഇങ്ങിനെ കുറെ കാലം കഴിഞ്ഞപ്പോൾ ഭഗവാൻ രണ്ടുപേരിലും പ്രസന്നനായിത്തീൎന്നു. എന്നിട്ടു ഒരു ദിവസം രാത്രി ഉറക്കത്തിൽ ഭഗവാൻ ദരിദ്രബ്രാഹ്മണനോടു ഇങ്ങിനെ അരുളിച്ചെയ്തു. "മഠം എനിക്കു തരുവാനായി കുറെ സ്വത്തുകൊണ്ടു വന്നിട്ടുണ്ട് പക്ഷേ അതു തരുന്നില്ല. ഒരു ഉറിയിൽ ഇരുന്നാണ അദ്ദേഹത്തിന്നു കുളി എങ്കിലും കുളിക്കുന്ന അവസരത്തിൽ പോലും ആ ദ്രവ്യഭാണ്ഡം അടുത്തുതന്നെ വെച്ചു സൂക്ഷിക്കുന്നു. അദ്ദേഹം കുളിക്കുന്ന തക്കംനോക്കി അങ്ങ് അതെടുത്തുകൊണ്ട് ഓടിപ്പൊയ്ക്കൊള്ളുക". 39 — 44. പിറേറന്നു ദരിദ്രബ്രാഹ്മണൻ ഭഗവന്നിദേശത്തെ അനുഷ്ഠിപ്പാൻ തയ്യാറായി. മഠ

നിസുംഭസുംഭമഥിനീ മഹിഷാസുരമർദ്ദിനീ
ഭദ്രകാളീ ഭഗവതീ സ്ഥിതാ ലോകൈകനായികാ. 49
ധൂമ്രലോചനദൈത്യഘ്നീ ചണ്ഡമുണ്ഡനിഷൂദിനീ
ചാമുണ്ഡാഖിലദൈത്യഘ്നീ ഘോരഘോരാട്ടഹാസിനീ. 50
അരാളകരവാളാങ്കകരാ രിപുഭയങ്കരീ
പിഠാരാഖ്യാ പ്രതിദിനം മധുമാംസോപഹാരിണീ. 51
ലോകമാതാ മഹാമായാ മസൂരീഭയഹാരിണീ
ഭൂതപ്രേതപിശാചാഢ്യാ ശോഭതേ മാനഭൂധരെ. 52
നിശാമിളിതശാല്യന്നം നിശായാഞ്ച നിവേദ്യതേ
ഗുളക്ഷീരാർദ്രിതം നിത്യം പായസഞ്ച ദിനേദിനേ. 53
കേരപായസമിത്യേവം ഭദ്രകാള്യൈ ദിനേദിനേ
ഗുളോപചിതഞ്ച മധുരം ശാല്യന്നം കദളീയുതം. 54
ശ്രീമാനാചലനാമധേയം ജയത്യതിതരാം ഭുവി

ത്തിനെ ഒരാൾ കളത്തിൽക്കൊണ്ടു വന്നു് ഒരു ഉറിയിൽ ഇരുത്തി വെള്ളത്തിൽ മുക്കവെ, പടവിന്മേൽ വെച്ചിരുന്ന ഭാണ്ഡവും എടുത്തുകൊണ്ടു നമ്മുടെ ദരിദ്രബ്രാഹ്മണൻ ഓടിക്കളഞ്ഞു. അനങ്ങാൻപോലും കഴിയാതിരുന്ന മറേറ ബ്രാഹ്മണൻ തൽക്ഷണം തന്നെ ഉറിയിൽ നിന്നെഴുനേററു മറേറയാളുടെ പിന്നാലെ ഓടി. പക്ഷേ ഭാണ്ഡം തിരിയേ കിട്ടിയില്ല. പിന്നീടൊരിക്കൽ ഒരു അശരീരിവാക്കുണ്ടായി. 45—46. "വെറുതെ പണിപ്പെടേണ്ട; അങ്ങയുടെ വാതരോഗം മാറി; മറേറയാളുടെ ദാരിദ്ര്യവും ശമിച്ചു. ഇങ്ങിനെ ഭഗവാൻ രണ്ടു പേരിലും ഒന്നിച്ചു പ്രസാദിച്ചു!" 47. ഉടൻ വാതരോഗം മാറി ഇല്ലത്തേയ്ക്കു മടങ്ങി; അന്നുമുതൽ മഠത്തെ 'ഉറിമഠം' എന്നു വ്യവഹരിച്ചു വരുന്നു.

'മാനശൈല' ക്ഷേത്രം 48—55.

48-52. മാനശൈലത്തിൽ മഹിഷമർദ്ദിനിയായ ഭദ്രകാളിയാകുന്നു പ്രതിഷ്ഠ. വസൂരിബാധയെശ്ശമിപ്പിക്കുവാനും മററും ഈ ദേവിക്കു സാമർത്ഥ്യമുണ്ടെന്നു മഹിമാനുവർണ്ണനം. 53—54. മഞ്ഞളും ചേർത്തിട്ടുള്ള നിവേദ്യം രാത്രിയിൽ നിവേദിക്കുന്നു. പ

ന്നാം കാമദുഘാ സേയം ലോകമാതാ കൃപാലയാ. 56
അഥാതസ്സമ്പ്രവക്ഷ്യാമി ക്ഷേത്രാണാമുത്തമോത്തമം
ശ്രീമൽ "കൃശാചലാധീശാ", യത്രാസ്തേ, ഹി ജഗന്മയീ. 57
ദർവ്വീം ദക്ഷിണപാണൌ ച വാമേ ശാല്യന്നപാത്രകം
വഹന്തീ ചാതിഥീൻ സർവ്വാൻ ഭോജയന്തീ ദിവാനിശം. 58
സുവർണ്ണരത്നഭൂഷാഢ്യാ ശുക്ലമാല്യാനുലേപനാ
ശുക്ലവസ്ത്രപരീധാനാ ലോകമാതാ വിരാജതേ. 59
സഹസ്രശോ ബ്രാഹ്മണൌഘം ഭോജയന്തീ ദിവാനിശം
അന്നം ബഹുഗുണോപേതം സ്വയം ഷഡ്രസസംശ്രിതം. 60
അപൂപകദളീകേരഗുളക്ഷീരരസായനം
അന്നം ബഹുഗുണോപേതം ഭോജയന്തീ സ്വയംജനാൻ. 61
അത്യത്ഭുതാനി ദൃശ്യന്തേ നിത്യമേവ കൃശാചലേ
ഭുഞ്ജാനാനാം ബ്രഹ്മണാനാം മദ്ധ്യേ സാ ദൃശ്യതേനിശം. 62
അല്പമന്നമനല്പം സ്യാൽ നിർഗ്ഗുണം സഗുണം ഭവേൽ
അല്പാഹാരാ ബഹുജനാ ബഹ്വാഹാരാ ഭവന്തി ഹി. 63

കൽ പാലും ശർക്കരയും ചേർത്തുണ്ടാക്കിയ പായസവും മററതരം പായസങ്ങളും ഭദ്രകാളിക്കു നിവേദിക്കമാറുണ്ടു്. 55. ഈ ശ്രീ മാനാചലനാഥ ഒരു ഉഗ്രമൂർത്തിയാകുന്നു.

ചെറുകുന്നു ക്ഷേത്രം 57—67.

57. ഈ 'കൃശാചലം' (ചെറുകുന്നു്) എന്ന ക്ഷേത്രത്തിൽ സാക്ഷാൽ അന്നപൂർണ്ണേശ്വരിയാകുന്നു പ്രതിഷ്ഠ. 58. വലത്തേ കൈയിൽ ചട്ടകവും ഇടത്തേതിൽ ചോററുപാത്രവും വഹിച്ചുകൊണ്ടു് എപ്പോഴും എവർക്കും അന്നപ്രദയായിശ്ശോഭിക്കുന്നു. 58—59. സ്വരൂപവർണ്ണനവും അന്നദാന വർണ്ണനവും. 60—62. ഈ അന്നപൂർണ്ണേശ്വരി പലർക്കും വിശിഷ്ടമായ ഭോജനം നൽകുന്നു എന്നല്ല ഇവിടെ ചില അത്ഭുതങ്ങളുമുണ്ടു്. ബ്രാഹ്മണർ ഭുജിച്ചുകൊണ്ടിരിക്കേ ദേവിയേ അതിന്നിടയിൽ കാണാം; ചോറു കുറച്ചേ ഉണ്ടാക്കിയിട്ടുള്ളുവെങ്കിലും ആവശ്യം

മദ്ധ്യാഹ്നകാലേ ദൃശ്യന്തേ നാനാവർണ്ണാ സഹസ്രശഃ
ഭോക്തുകാമാഃ പ്രതിദിനമേഭ്യോന്നഞ്ച വിതീര്യ്യതേ. 64
മസൂരികാദിശമനീ ദുർഗ്ഗാദുർഗ്ഗതിഹാരിണീ
സർവ്വകാമപ്രദാ നിത്യം സൈവ സൗഭാഗ്യദായിനീ. 65
ഭക്താഭീഷ്ടപ്രദാ നിത്യം കോടിസൂര്യ്യസമപ്രഭാ
ഇന്ദ്രാദിഭിസ്സേവ്യമാനാ ബാലാചലനിവാസിനീ. 66
കാത്യായനീ മഹാമായാ സിംഹവാഹാതിസുന്ദരീ
നിസുംഭസുംഭമഥിനീ രാജതേത്ര മഹേശ്വരീ. 67
ഹിമവച്ഛൈലനിലയാ പുരാ സേയം മഹേശ്വരീ
യഥാതഥാ മഹാമായാ സ്ഥിതാ ബാലാചലേശ്വരീ. 68

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ സപ്തമാദ്ധ്യായഃ.

അഷ്ടമോദ്ധ്യായഃ

അതഃപരം പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
"ശ്രീഃസേതുശൈല"നാമാന്ന്യൽ ഭാതി ക്ഷേത്രമനുത്തമം. 1
അത്രാസ്തേ ഭഗവാൻ രുദ്രഃ പാർവ്വത്യാ സഹ ഭാര്യ്യയാ

പോലെ അത് അധികമാവും. ചീത്തപദാർത്ഥങ്ങളും നല്ലതായിത്തീരുന്നു. 63. ഉച്ചയ്ക്കു പല ജാതിക്കാരായി പലരും ഇവിടെ ഭക്ഷണത്തിന്നു വന്നുചേരുന്നു. 64—67. വസൂരി തുടങ്ങിയ ഭയങ്കരരോഗങ്ങളെശ്ശമിപ്പിക്കുന്നു എന്നും മററുമുള്ള മാഹാത്മ്യങ്ങളും.

എന്ന് ഏഴാമദ്ധ്യായം.

എട്ടാമദ്ധ്യായം

'സേതുശൈല'ക്ഷേത്രം 1—30.

1. സേതുശൈലം—'ചിറകുന്ന്' എന്ന ക്ഷേത്രമാണെന്നും ചില ഉത്സവാദി വിശേഷങ്ങളെപ്പററി നോക്കുമ്പോഴും ഇള

ശ്മശാനഭസ്മാനുലിപ്തോ ജടാജൂടോഗ്രവിഗ്രഹഃ. 2
ഉഗ്രനാമോഗ്രരൂപശ്ച കാലാഗ്നിസദൃശപ്രഭഃ
വനാന്തരഗതഃ ശ്രീമാൻ നിത്യമാസ്തേ ജ്വലന്നിവ. 3
പ്രാസാദമണ്ഡപാനർഹഃ പ്രഭാമണ്ഡലമണ്ഡിതഃ
അനന്തഭൂതമാലാഢ്യഃ സദാസ്തേ ഭക്തവത്സലഃ. 4
അഷ്ടാവിംശത്യഹോരാത്രം മഹോത്സവ ഉദാഹൃതഃ
ഉത്സവാവധിപൂജാ ച നൈവ ഭൂയോത്ര നിത്യശഃ. 5
"കൃശാനദീ"നാമ തത്ര ശുഭാ പശ്ചിമവാഹിനീ
നദ്യാശ്ചോത്തരതീരേ തു ക്ഷേത്രമേതദനുത്തമം. 6
അസ്യാഃ പദം ദക്ഷിണതോ ദൈവികം ഭാത്യനുത്തമം
താവന്മനുഷ്യസഞ്ചാരോ നാന്യത്ര വനഗോചരേ. 7
അഷ്ടാവിംശത്യഹോരാത്രമുത്സവാന്തം മഹാജനാഃ
പൂജാദ്യമുത്തമക്ഷേത്രേ കുർവ്വന്തി ഹി യഥാർഹതഃ. 8
തതഃ പരം നൃണാം പൂജാ യഥാർഹം ന വിധീയതേ
ഇന്ദ്രാദീനാഞ്ച ദേവാനാം പൂജാ ചോത്സവതഃ പരം. 9
നിഷിദ്ധകൃത്യസ്തസ്യായം ദേവ ഏവ ഹി ശിക്ഷകഃ
ഉപാസകസ്യാഖിലാർത്ഥപ്രദാതാ സ മഹേശ്വരഃ. 10
യെ ജനാ ജഗദീശാനം നാർച്ചന്തി സ്വഫലാപ്തയേ
തേ ഹി പാതകിനോ ലോകെ നിശ്ചയാത്സ്വാത്മവഞ്ചകാഃ. 11

'കൊട്ടിയൂര്' ആയിരിക്കാമെന്നും തോന്നുന്നുണ്ട്. 2--4. ഇവിടെ സാക്ഷാൽ ഭൈരവരുദ്രനാകുന്നു; ചുടലഭസ്മം, കപാലമാല മുതലായവ ധരിച്ചിട്ടുള്ള ഉഗ്രമൂർത്തിയാകുന്നു. ദേവന്ന് അമ്പലമില്ല; വെയിലും മഴയും ഏററുകൊണ്ട് എന്നും കാട്ടിനുള്ളിൽ ഇരിക്കുന്നു. 5. ഇവിടെ ഇരുപത്തെട്ടു ദിവസത്തെ ഉത്സവം കൊല്ലംതോറുമുണ്ട്; ആ ഉത്സവക്കാലത്തു മാത്രമേ ഇവിടെ പൂജയുമുള്ളൂ. 6. ഇവിടെ "കൃശ" എന്ന ഒരു നദിയുണ്ട്; ഇതു പടിഞ്ഞാട്ടൊഴുകുന്നു; ഇതിന്റെ വടക്കെ കരയിലാണു ക്ഷേത്രം. 7. ഇവിടെ മനുഷ്യസഞ്ചാരത്തിന്ന് ഒരു അതിർത്തിയുണ്ട്; അതു വിട്ടു മനുഷ്യർക്കു കടന്നു പോകുവാൻ പാടുള്ളതല്ല, 8—12. ഉത്സവക്കാ

പ്രസന്നശ്ചേത്സ ഭഗവാനാത്മാനമപി യച്ഛതി
പ്രിയായൈ ഭഗവാനേഷ ശരീരാർദ്ധം ദദാവജഃ. 12
സിംഹവ്യാഘ്രാദിദുഷ്ടാനാം ശ്രൂയതേത്രാന്തികേ രവഃ
നോപദ്രവന്തി മനുജാനേതേ ദേവസ്യ ശാസനാൽ. 13
സ്വർണ്ണപാത്രാണി രത്നാനി മഹാന്ത്യാഭരണാനി ച
ബഹൂന്യത്ര ഭവന്ത്യേവ നൈവ ലുംപന്തി ദസ്യവഃ. 14
മഹാവനാന്തരഗതോ ദേവോ ദേവ്യോമയാ സഹ
ഇന്ദ്രാദിഭിസ്സേവ്യമാനഃ സുഖമാസ്തേ ദിവാനിശം. 15
സഹചര്യശ്ച പാർവ്വത്യാസ്സന്തതം പങ്കജാനനാഃ
ചരന്തി ച യഥാകാമം ദിവ്യാഭരണഭൂഷിതാഃ. 16
ഉത്സവാനന്തരം ക്ഷേത്രാൽ ഗതഃ കശ്ചിദ്ദ്വിജസ്തദാ
വിസ്മൃത്യ മണ്ഡപേ ഗ്രന്ഥം ശുഭ്രം ഭാഗവതം സ്വയം. 17
കിഞ്ചിദ്ദൂരം ഗതോ വിപ്രശ്ചിന്തയാമാസ പുസ്തകം
സഭീരപി ജഗാമാശു ദേവമണ്ഡപസന്നിധിം. 18
പുസ്തകം കരയോർദ്ധൃത്വാ മണ്ഡപസ്ഥേന ശംഭുനാ
തത്വം ഗൗര്യൈ ബോധ്യമാനം ശുശ്രാവ സ തതോ ദ്വിജഃ. 19
ദ്വിജോ ഭാഗവതാർത്ഥഞ്ച സാക്ഷാൽ ഭഗവതോദിതം
അശ്രുതം തമുപാകർണ്ണ്യ തസ്ഥൗ സ്ഥാണുരിവാചലഃ. 20
കഥാം ശുശ്രൂഷമാണസ്യ സാദരം ദേവസന്നിധൌ
സംവത്സരോത്യഗാദസ്യ നിമേഷാന്തരവത്സുഖം. 21

ലത്തു മാത്രമേ ഇവിടെപ്പൂജയുള്ളുവല്ലോ. മററു കാലങ്ങളിൽ ദേവന്മാർതന്നെ ഈ രുദ്രനെപ്പൂജിയ്ക്കുന്നു. ഈ ദേവനെപ്പൂജിയ്ക്കാത്തവർ മഹാപാപികളാകുന്നു. 13—14. പുലി തുടങ്ങിയ ക്രൂരജന്തുക്കളുടെ ശബ്ദം നന്ന അടുത്തു തന്നെ കേൾക്കാം; എന്നാൽ, അവ മനുഷ്യർക്കു യാതൊരു ഉപദ്രവവുമേല്പിക്കമാറില്ല. ഇവിടെയുള്ള യാതൊരു സാധനവും കള്ളൻ കൊണ്ടുപോകാറില്ല. 15—16. ദേവൻ ഇവിടെ പാർവ്വതിയോടുകൂടി വസിയ്ക്കുന്നു; പാർവ്വതിയുടെ കൂട്ടാളർഅവിടവിടെ സഞ്ചരിയ്ക്കുന്നു. 17—26. രുദ്രന്റെ മാഹാത്മ്യത്തെക്കാണിപ്പാൻ ഒരു കഥ പ

പുനരുത്സവകാലേ ച സമ്പ്രാപ്തേ തു മഹാജനാഃ
തത്രാജഗ്മുസ്തദാ ദേവഃ പാൎവ്വത്യാ ച തിരോദധേ. 22
ഗ്രന്ഥം പപ്രച്ഛ ഭൂദേവോ വാഗാഹാകാശഗോചരാ
ഗച്ഛ ത്വം വൃഷഭാദ്രിസ്ഥ മണ്ഡപേ പുസ്തകം സ്ഥിതം. 23
തതോ ഭൂസുരവൎയ്യോസൌ കുതുകാഞ്ചിതമാനസഃ
വൃഷഭാദ്രിപുരം പ്രാപ്യ മണ്ഡപേ ദൃഷ്ടവാനിദം. 24
തദാദായ നിജം ഗ്രന്ഥം കൌതുകാൽഫുല്ലലോചനഃ
വൃഷഭാദ്രീശ്വരം നത്വാ ജഗാമ സ്വഗൃഹം ദ്വിജഃ. 25
പൂൎണ്ണേ സംവത്സരേ തസ്യ ഗിരീശമുഖപങ്കജാൽ
കഥാസാരസുധാപാനാൽ ക്ഷുൽഭയന്നാഭവൽക്ഷണം. 26
ഏവംഭൂതപ്രഭാവോസൌ ദേവദേവോ മഹേശ്വരഃ
ദിവ്യകല്പദ്രുസമൈരച്ചിതാലം പ്രകാശതേ. 27
അമാനുഷമമൎയ്യാദം ദേവസംഘൈരനാരതം
സേവ്യമാനം മഹൎല്ലിംഗമാസ്തേ കല്പാവിനാശി തൽ. 28

റയുന്നു. ഉത്സവം കഴിഞ്ഞു് ആളുകളെല്ലാം പിരിഞ്ഞുപോയ കൂട്ടത്തിൽ ഒരു ബ്രാഹ്മണൻ തന്റെ ഭാഗവതം ഗ്രന്ഥം മണ്ഡപത്തിൽവെച്ചു മറന്നുപോയി. കുറച്ചിട ചെന്നപ്പോൾ അദ്ദേഹത്തിന്നു് ഓൎമ്മയുണ്ടായി. പേടിയുണ്ടായിരുന്നുവെങ്കിലും അദ്ദേഹം തിൎയ്യെ വന്നു നോക്കി അപ്പോൾക്കണ്ടതു് ഭഗവാൻ ആ ഗ്രന്ഥവുമെടുത്തു വായിച്ചു പാൎവ്വതിക്കു കഥാസാരം പറഞ്ഞു കൊടുക്കുന്നതായിട്ടാണു. ബ്രാഹ്മണൻ അതുകേട്ടുകൊണ്ടുനിന്നു. പിറേറക്കൊല്ലം ഉത്സവത്തിന്നു ആളുകൾ വന്നപ്പോൾ ദേവനും ദേവിയും മറഞ്ഞു. ബ്രാഹ്മണൻ തന്റെ ഗ്രന്ഥം ചോദിച്ചപ്പോൾ, "തൃശ്ശിവപേരൂര് മണ്ഡപത്തിൽ ഗ്രന്ഥമിരിക്കുന്നുണ്ടു" എന്നു് ഒരശരീരിവാക്കുണ്ടായി. അദ്ദേഹം തൃശ്ശിവപേരൂര് വന്നു് ഗ്രന്ഥവുമെടുത്തു് ഇല്ലത്തേക്കു് മടങ്ങി. ശിവന്റെ മഹാത്മ്യത്താൽ ആ ബ്രാഹ്മണൻ ഒരു കൊല്ലം മുഴുവനും ഊണുമുറക്കവുമില്ലാതെ അവിടെ സുഖമായി നിന്നുവല്ലോ! 27, 28. ഇത്രയും മഹത്തരമാണു് ഈ ഈശ്വരന്റെ മാഹാത്മ്യം! ഈ ഈശ്വര

ഹിത്വാ തദീശ്വരം യോ വൈ ഭജേതന്യം വിമൂഢധീഃ
കാമധേനും സ്ഥിതാം ഹിത്വാ കരഭീം ദോഗ്ധുമിച്ഛതി. 29
"സേതുശൈലേശ്വരോ" ഭാതി സേതുനാഥ ഇവാപരം
ധർമ്മസേതുഹരച്ഛത്താ സ തു ദേവോ മഹേശ്വരഃ. 30
അഥാതസ്സമ്പ്രവക്ഷ്യാമി കഥാമന്യാം സുശോഭനാം
'വില്വാദ്രീശ്വര'മിത്യാസ്തേ ക്ഷേത്രം ത്രൈലോക്യവിശ്രുതം. 31
തത്ര ദേവാവപ്രതിമാവാസാതേ രാമലക്ഷ്മണൌ
സുവച്ഛസൌ ദാശരഥീ സഹ്യപാദേ പ്രതിഷ്ഠിതൌ. 32
പുരാ ദാശരഥീ ഭൂത്വാ വിഷ്ണ്വംശൌ രാമലക്ഷ്മണൌ
സപുത്രമിത്രം സാമാത്യമഹതാം രാവണം മൃധേ. 33
വില്വാദ്രിനായകാവേതാവഭീഷ്ടഫലദായകൌ
സാക്ഷാൽ ഭാതഃ സധനുഷൌ ലോകനാഥാവമാനുഷൌ. 34
ഏകാദശ്യുത്സവോ യത്ര കൃഷ്ണപക്ഷേ ദിവാനിശം
കുംഭമാസേ സമാഗത്യ ദേവാവച്ഛന്തി തൌ സുരാഃ. 35
ഏകാദശീമുപോഷ്യാത്ര ഭക്ത്യാ ദേവാവഹന്നിശം
അച്ഛന്തി ഹി ജനാസ്സർവ്വേ നിശ്ശേഷാഘാപനുത്തയേ. 36
തത്ര തീർത്ഥാനി പുണ്യാനി സർവ്വാഘൌഘഹരാണി ച
യേഷു സ്നാത്വാ മുക്തപാപാ ദിവം ഗച്ഛന്തി മാനവാഃ. 37
തപശ്ചരന്തി മുനയോ രാമം സീതാപതിം സദാ
സേവമാനാസ്സുബഹുശോ വിശിഷ്ടാസ്സ്വാഘനുത്തയേ. 38

നിരിക്കേ മററു ദേവന്മാരെ ഭജിക്കുന്നതു് കാമധേനു സ്വാധീനമായിരിക്കെ ഒരു ഒട്ടകത്തെപ്പിടിച്ചു് കറക്കുന്നതു തന്നെയാകുന്നു. **30.** ഈ സേതുശൈലേശ്വരൻ സാക്ഷാൽ സേതുനാഥനെപ്പോലെ പൂജ്യനാകുന്നു.

ഇനി തിരുവില്വാമല 31—47

31. വില്വാദ്രീശ്വരം=തിരുവില്വാമല. **32—34.** ഇവിടെ പ്രതിഷ്ഠ സാക്ഷാൽ രാമലക്ഷ്മണന്മാരാകുന്നു; അവരുടെ മാഹാത്മ്യം. **35.** കുംഭമാസത്തിലെ കറുത്ത ഏകാദശിക്കു് ഇവിടെ കേമമായി വിളക്കു നടന്നുവരുന്നു. **36—42.** ഏകാ

അത്രാത്ഭുതാനി ദൃശ്യന്തേ നിത്യം ദിവ്യജനാശ്രയാൽ
വേദഘോഷഃ പ്രതിദിനം മുനീനാം ശ്രൂയതേത്ര വൈ. 39
നൃത്തവാദിത്രഗീതാനി ദേവസ്ത്രീണാമഹർന്നിശം
ശ്രൂയന്തേ മനുജൈസ്തത്ര ദിവ്യവാദ്യരവാസ്തഥാ. 40
സുമനോവൃന്ദനിർമ്മുക്തം സുമനോവൃന്ദമുത്തമം
അഹോ വിഷ്ണുപദാദ്വിഷ്ണുപദേ സന്ദൃശ്യതേ ജനൈഃ. 41
ശ്രീരാമോയം ത്രിജഗതാം രാമോ നാമ ദയാനിധിഃ
സുഷുവേ യാ ദശരഥസ്സാക്ഷാദ്ദശരഥസ്സ്വയം. 42
മുഖ്യാന്യത്ര സ്ഥലാന്യേവ നിത്യം ഭവ്യാശ്രയാണി ച
പുനർജ്ജനിഃ പാപഹരാ ഗുഹാ സൈവ പുനർജ്ജനിഃ. 43
വില്വാദ്രീശസ്യ മഹിമാ കൃത്സ്നം കേനേഹ വർണ്ണ്യതേ
ബൃഹസ്പതിസ്സുരാചാര്യ്യോ നാലം വക്തുമമും ദൃഢം. 44
രാമേശ്വരോയം കഥിതോ രാമേശ്വര ഇവാപരഃ
സമസ്തപാപവിലയം കരോതി ഹി ന സംശയഃ. 45
പ്രാസാദമണ്ഡപാദ്യഞ്ച ഹൈമം രത്നമയഞ്ച തൽ
സുവർണ്ണദണ്ഡഃകലശശ്ച സപതാകഃ പുരോഭുവി. 46
നിത്യം ശാല്യന്നനൈവേദ്യം കദളീഗുളമിശ്രിതം
അപൂപക്ഷീരലാജാദ്യം സുരൈരപി നിവേദ്യതേ. 47
അഥാതഃ സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
'പ്രാചീനപുര'നാമൈതൽ ക്ഷേത്രം ദുർഗ്ഗാത്ര വർത്തതേ. 48

ദശിയുടെ മേന്മയും ക്ഷേത്രക്ഷേത്രികളുടെ മാഹാത്മ്യവും. 43. ഇവിടെയുള്ള മുഖ്യസ്ഥലങ്ങളിൽ ഏററവും പ്രധാനമായ ഒന്നാകുന്നു "പുനർജ്ജനി" എന്ന ഗുഹ. (ഇതു് ഏതാണ്ടു് ആമലകക്ഷേത്രത്തിലുള്ളതുപോലെ തന്നെയാകുന്നു.) 44—46. ക്ഷേത്രത്തിൻെറ യോഗ്യതയും വർണ്ണനവും. 47. വെള്ളനിവേദ്യം, നെയ്പ്പായസം, അപ്പം, പാൽ, മലർ—എന്നു തുടങ്ങിയവ നിവേദ്യങ്ങളാം. ഇതു കൊച്ചിശ്ശീമയുടെ വടക്കേ അതിർത്തിയിലാകുന്നു.

പഴയന്നൂർ ക്ഷേത്രം: 48—60.

48. പ്രാചീനപുരം=പഴയന്നൂർ. ഇവിടെ **ദുർഗ്ഗയാകുന്നു**

ദുർഗ്ഗാ ഭഗവതീ തത്ര പ്രാചീനപുരവാസിനീ
ശോഭതേ ബാലമാതാ ച ജഗൽസ്ഥിത്യന്തകാരിണീ. 49
മാടഭൂപാലഭൂഖണ്ഡരാജ്യലക്ഷ്മീരിതീര്യ്യതേ
പാല്യതേ ഹി തയാ രാജ്യമിതി പ്രാഹുർമ്മനീഷിണഃ. 50
മാടഭൂപാലതിലകപരദൈവതമേവ സാ
ഉജ്ജിഹാദനാഡുപകലേവാദസ്സൂഹി ഭുവനേശ്വരീ 51
ജനാനാം കല്യകലനൈവേയം കല്യാണദായിനി।
ദുർഗ്ഗാദേവീ ഭഗവതീ ദിവ്യാലങ്കാരഭൂഷിതാ. 52
ഇന്ദ്രാദിഭിസ്സേവ്യമാനാ നിത്യം സ്വാഭീഷ്ടസിദ്ധയേ
വരദാനൈകനിപുണാ നൃണാം പ്രത്യക്ഷദർശനാ. 53
തപ്തഹാടകകേയൂരനൂപുരാദ്യൈരലംകൃതാ
ദുഷ്ടദൈത്യപ്രമഥിനീ നിത്യമാസ്തേ മഹേശ്വരീ. 54
സിംഹാരൂഢാ ച കല്യാണീ മഹിഷാസുരമർദ്ദിനീ
നിസുംഭസുംഭമഥിനീ പത്മഹസ്താ വിരാജതേ. 55
പ്രാസാദമണ്ഡപാദ്യഞ്ച സുവർണ്ണമണിരഞ്ജിതാ
സ്വർണ്ണസ്തൂപീവിലസിതം സർവ്വമേവ മനോഹരം. 56
മഹാരജതകപ്രഖ്യൈഃ കേതുദണ്ഡാ വിരാജതേ
പ്രാകാരാഗ്രാണി സുദൃഢാ ലിഹന്തി വിധുമണ്ഡലം. 57
മഹോത്സവഃ ശുഭതരോ ധനുഷേ മാസി മഹോദയഃ
നാദകാതസവസമസ്തേഷ മഹാജനസമാകുലഃ. 58
നിത്യം ശാല്യന്നനൈവേദ്യം കദളീഗുളപായസൈഃ
അപൂപക്ഷീരകേരാദ്യൈർന്നിത്യമത്ര നിവേദ്യതേ. 59
പ്രാചീനപുരമിത്യേതൽ ജയത്യതിതരാം ഭുവി
ദുർഗ്ഗാലയം മഹാക്ഷേത്രം ഭൂലോകകമലാലയം. 60

പ്രതിഷ്ഠ. 49. ദുർഗ്ഗാമാഹാത്മ്യം. 50—51. കൊച്ചി മഹാരാജവംശത്തിന്റെ പരദേവതയാകുന്നു. ഈ ദുർഗ്ഗ. പഴയന്നൂർ ക്ഷേത്രം കൊച്ചിശ്ശീമയിലുമാകുന്നു. 52—55. ഭഗവതിയുടെ വർണ്ണനം. 56—57. ക്ഷേത്രവർണ്ണനം. 58. ധനുമാസത്തിൽ ഇവിടെ ഉത്സവമുണ്ട്. 59. വെള്ള, ശർക്കരപ്പായസം, അപ്പം പാൽ മുതലാ

അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
യച് ശ്രുത്വാ നരമത്ത്യേതി സംസാരജലസാഗരം. 61
'ചിത്രകൂടസമഃ' ഖ്യാതഃ ചിത്രകൂടോ മഹീതലേ
ദേശേ യത്ര മഹാവിഷ്ണുരധ്യാസ്തേ രാഘവോ യഥാ. 62
"പുഷ്പകേതക"വിഖ്യാതോ ദേശോയം ബഹുവിശ്രുതഃ
മാടഭൂപാലരാജ്യാന്തൎഗ്ഗതാവനിരിതീഷ്യതേ. 63
സുമുഹൂൎത്ത മാടഭൂപഃ കിരീടകടകാദികം
തസ്മിൻ ദേശേ രാജചിഹ്നം വഹത്യേവാഭിഷേചനേ. 64
ചിത്രകൂടഗിരൌ യാവത്തപസ്യന്തി മഹൎഷയഃ
തഥൈവ ചിത്രകൂടേസ്മിംസ്തപസ്യന്തി മഹാജനാഃ. 65
മഹാക്ഷേത്രമിദം പുണ്യം നിത്യസാന്നിധ്യവൎദ്ധനം
യഥാ വൈകുണ്ഠമസകൃത്സേവിതം വിബുധോത്തമൈഃ. 66
പ്രാസാദമണ്ഡപാദ്യഞ്ച സുവൎണ്ണമണിരഞ്ജിതം
സ്വൎണ്ണസ്തൂബീവിലസിതം കേതുസ്സ്വൎണ്ണവിഭൂഷിതഃ. 67
കദളീനാളികേരാജ്യലാജാപൂപഗുളാദിഭിഃ
നിവേദ്യതേ പായസാദ്യൈൎന്നിത്യം ശാല്യന്നരാശിഭിഃ. 68

യവ ഇവിടെ പ്രധാനനിവേദ്യങ്ങളാം. 60. പ്രസിദ്ധിപ്പെട്ട നൂറെറട്ടു ദുൎഗ്ഗാലയങ്ങളിൽ പ്രധാനമായ ഒന്നാകുന്നു പഴയന്നൂർ. പഴയന്നൂർ ദുൎഗ്ഗക്കു കൊച്ചിയിലെ കോവിലകത്തും പ്രതിഷ്ഠയുണ്ടു്.

ചിത്രകൂടക്ഷേത്രം. 61—22.

62. ചിത്രകൂടഗിരിക്കു തുല്യമായ ഈ ചിത്രകൂടക്ഷേത്രത്തിൽ ശ്രീമഹാവിഷ്ണുവിനെയാണു പ്രതിഷ്ഠിച്ചിട്ടുള്ളതു്. 63. പുഷ്പകേതകം=പൂക്കൈതയുള്ളൽ; ഈ ദേശവും കൊച്ചിശ്ശീമയിൽത്തന്നെയാകുന്നു. 64. കൊച്ചിമഹാരാജാക്കന്മാർ ഈ പൂക്കൈതയുള്ള ചിത്രകൂടക്ഷേത്രത്തിൽ വെച്ചു് കിരീടധാരണം നടത്തുമാറുണ്ടു്. 65—66. ക്ഷേത്രത്തിന്റെ മാഹാത്മ്യം. 67. ക്ഷേത്രവൎണ്ണനം. 68. വെള്ളനിവേദ്യം ധാരാളമുള്ളതിന്നു പുറമെ, കദളിപ്പഴം, മലർ, അപ്പം, പായസം മുതലായവയും ഇവിടെ നിവേദിക്കു

മാടഭൂപാലതിലകപരദൈവതമേവ സഃ
ഈശപരസ്സകലാധീശോ വിഷ്ണുരദ്ധ്യാത്മദീപകഃ. 69
കുഡുംബമൂലമിത്യാഹുരിദം മാടമഹീപതേഃ
ബഹുസ്വർണ്ണനിധാനം ഹി ബഹുനിക്ഷേപകക്ഷികം. 70
നാരായണപുരന്നാമ ശ്രീകൃഷ്ണപുരമപ്യഥ
വാസുദേവപുരഞ്ചാഥ ശ്രീരാമപുരമപ്യഥ. 71
ഏതാനി ക്ഷേത്രമുഖ്യാനി ചത്വാരി ധരണീതലേ
പുണ്യാനി വൈഷ്ണവാന്യേവ വിഖ്യാതാനി ഭവന്തി ഹി. 72
അഥാതഃ സമ്പ്രവക്ഷ്യാമി സമാസേന കഥാന്തരം
"കലിദ്രുമഘട"ന്നാമ ക്ഷേത്രം ത്രൈലോക്യവിശ്രുതം. 73
യത്രാസ്തേഭ്യർച്ചിതാ ദേവീ ഭദ്രകാളീ ഭയങ്കരീ
അരാളകരവാളാഞ്ചൽകരാഞ്ചല്വിരാജിതാ. 74
ഘോരാട്ടഹാസിനീ നിത്യമത്രാസ്തേഭ്യർച്ചിതാ സതീ
ദക്ഷിണാശാമുഖീ തത്ര വാഹിനീ വാഹിനീ യഥാ. 75
മഹാപ്രവാഹിനീ ഭാതി വിസ്തൃതാ ഘോരനിസ്വനാ
നദ്യാഃ പശ്ചിമതീരേ സാ ഭദ്രകാളീ മഹേശ്വരീ. 76
ശാഖിമൂലാശ്രിതാ നിത്യം ശാഖിമൂലാ പ്രകാശതെ
ഭൂകല്പലതികാകല്പാ കാളാഞ്ജനചയോപമാ. 77

നം. 69—70. ഈ മഹാവിഷ്ണുവും കൊച്ചിരാജവംശത്തിന്റെ പരദേവതയാകുന്നു; രാജകുഡുംബത്തിന്റെ മൂലംതന്നെ ഇതാണെന്നും പറയുന്നു. 71—72. നാരായണപുരം, ശ്രീകൃഷ്ണപുരം, വാസുദേവപുരം (ഇതു രണ്ടും വടക്കാഞ്ചേരിക്കു് അടുത്താണു്.) ശ്രീരാമപുരം ഇവ നാലുമാണു ഭൂമിയിൽ ഏററവും കേൾവിപ്പെട്ട നാലു വൈഷ്ണവക്ഷേത്രങ്ങൾപോലും. 73, കലിദ്രുമഘടം—'തോന്നിയൂർക്കടം' എന്ന ഒരു ക്ഷേത്രമാണിതു്. ഒരുപക്ഷേ 'തണ്ണീർക്കോട്' എന്ന ക്ഷേത്രമായിരിപ്പാനും ഇടയുണ്ടു്. 74. ഇവിടെ ഉഗ്രരൂപയായ സാക്ഷാൽ ഭദ്രകാളിയാകുന്നു പ്രതിഷ്ഠ. 75. ഇവിടെ തെക്കോട്ടൊഴുകുന്ന ഒരു നദിയുണ്ടു്. 76. ഈ മഹാനദിയുടെ പടിഞ്ഞാറെ കരയ്ക്കാണു ക്ഷേത്രം. 77-

സഹസ്രഭുജശീഷോരുകന്ധരാ ഭുവനപ്രസൂഃ
ഭൂതപ്രേതപിശാചാദ്ധ്യാ ഹത്വാ ദാരികമാഹവേ. 78
തച്ഛിരഃകന്ദുകക്രീഡാം കുവ്വന്തീ സാത്ര തിഷ്ഠതി
ഇന്ദ്രാദിഭിസ്സേവ്യമാനാ മനുജൈരപി സന്തതം. 79
ദിവ്യാഭരണദീപ്താംഗീ കാളീ സാ തത്ര ശോഭതെ
സകലേശകലാ നിത്യം സകലേശാമരാച്ചിതാ. 80
ദൈത്യപ്രമാഥിനീ ഭാതി ഘോരാകാരാ ഭയങ്കരീ
മസൂരികാദിശമനീ ദാരിദ്ര്യഭയനാശിനീ. 81
ഭുക്തിമുക്തിപ്രദാ നിത്യ മദ്ധ്യാസ്തെ തത്ര ചണ്ഡികാ
മഹാഭിചാരശമനീ സവ്വശത്രുനിബഹ്ണാ. 82
രക്തമാല്യാംബരധരാ ലോകമാതാ വിരാജതെ
നിത്യം ശാല്യന്നനൈവേദ്യം കേരക്ഷീരഗുളാശ്രിതം. 83
അപൂപകദളീലാജമധുപായസരാശിഭിഃ
നിശാമിളിതശാല്യന്നം നിശായാം ഹി നിവേദ്യതേ. 84

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ അഷ്ടമാദ്ധ്യായഃ.

നവമോദ്ധ്യായഃ

അഥാതഃ സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
"ശ്രീകള്ളാപൂര"മിത്യാസ്തെ യത്രാസ്ത്യഭ്യച്ചിതോ ഹരഃ 1
അത്യുന്നതമിദം ക്ഷേത്രം, തീത്ഥഞ്ചാത്ര മഹത്തമം

---

82. വസൂരി ആഭിചാരം മുതലായവയെ ഹനിക്കുന്നു എന്നും മററുമുള്ള മാഹാത്മ്യവും സ്വരൂപവണ്ണനവും. 83—84. വെള്ളനിവേദ്യം ഇടിച്ചുപിഴിഞ്ഞ പായസം, അപ്പം, കദളിപ്പഴം, മലർ, തേൻ, പായസം മുതലായവ പ്രധാനനിവേദ്യങ്ങൾ.

എന്ന് എട്ടാമദ്ധ്യായം.

ഒമ്പതാമദ്ധ്യായം

1—2. ശ്രീകള്ളാപുരം എന്ന ക്ഷേത്രം. ഇവിടെ ശിവൻെറ പ്രതിഷ്ഠയാണുള്ളത്.

ഉപാസ്യമാനം ത്രിദശൈർമ്മുനിഭിസ്സിദ്ധചാരണൈഃ. 2
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
"കുശമംഗല"മിത്യാഹുര്യത്ര ദേവോ മഹേശ്വരഃ. 3
യത്ര സാക്ഷാദുമാനാഥഃ കലാധീശകലാധരഃ
വിരാജതേ ഹി പാർവ്വത്യാ നിത്യസാന്നിദ്ധ്യ ഈശ്വരഃ. 4
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
"മഹാപ്രസ്ഥപുര"ന്നാമ യത്രാസ്തേ ഹി സദാശിവഃ. 5
യത്ര ദേവോ മഹാദേവ ആസ്തേ ലോകൈകനായകഃ
"കാംസ്യപത്രപുരാ"ധീശമിതി പ്രാഹുർമ്മനീഷിണഃ. 6
പ്രാച്യാശാഭിഖോ ദേവോ നിത്യമാസ്തേ സദാശിവഃ
പ്രതീച്യഭിമുഖഃ കൃഷ്ണശ്ശാസ്താ പ്രാചീമുഖസ്ഥിതഃ. 7
ഗണേശശ്ച തഥാ നിത്യം ഹേരംബോപി ഗജാനനഃ
ഏതേ ദേവാ ജനാനാം തു നിത്യം കാംക്ഷിതദായകാഃ. 8
അത്യുന്നതമിദം ക്ഷേത്രം ഭൃഗുരാമപ്രതിഷ്ഠിതം
ഹൈമം മനോഹരം ദിവ്യം സ്വർണ്ണസ്ഥലീമനോഹരം. 9
അപൂകദളീകേരഗുളപായസവത്സകൈഃ
നിവേദ്യതേ ഹി ശാല്യന്നൈർന്നിത്യം ഗോക്ഷീരപായസൈഃ. 10
ശിവരാത്ര്യുത്സവോ യത്ര ദേവപ്രസ്ഥാനകൌതുകഃ

---

3. 4. 'കുശമംഗലം' എന്ന മറെറാരു ക്ഷേത്രം; ഇവിടേയും ശിവൻ തന്നെയാണു പ്രതിഷ്ഠ. ഈ ക്ഷേത്രത്തിൽ പാർവ്വതിയുടെ പ്രതിഷ്ഠകൂടിയുണ്ട്.

5. 6. 'മഹാപ്രസ്ഥപുരം' എന്ന വേറെയൊരു ശിവക്ഷേത്രം; ഇതിനെ 'കാംസ്യപത്രപുരം' എന്നും പറയുന്നു. 7. 8. ശിവൻെറ നട കിഴക്കോട്ടാണ്; ഇവിടെ മററു ചില ദേവന്മാർ കൂടിയുണ്ട്—ശ്രീകൃഷ്ണൻ—പടിഞ്ഞാട്ടു നട; ശാസ്താവ്—കിഴക്കോട്ടു നട; ഗണപതിയും. 9. ക്ഷേത്രവർണ്ണനം. ഇവിടെ പരശുരാമനാണു പ്രതിഷ്ഠ നടത്തിയിട്ടുള്ളതു്. 10. അപ്പം, ഇടിച്ചുപിഴിഞ്ഞ പായസം, അട, പാൽപ്പായസം—എന്നിവയെല്ലാം നിവേദ്യങ്ങൾ. 11-13. ഇവിടെ ശിവരാത്രി മഹാ കേമമാകുന്നു.

നിത്യോത്സവശ്ശിവബലിന്നിത്യം ബ്രാഹ്മണഭോജനം. 11
ശംഖാഭിഷേകധാരാഭിഃ പായസൈസ്സഹ ചതുശ്ശതൈഃ
നിവേദ്യതേ ഹി ദേവായാസൌ മഹാദേവഃ കൃപാനിധിഃ. 12
ചന്ദ്രാർദ്ധശേഖരോ ദേവോ ഭഗവാൻ ഭക്തവത്സലഃ
ദേവൈരുപാസിതോ നിത്യമത്രാസ്തേ വിശ്വവന്ദിതഃ. 13
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
ശോഭതേ "വാമനപുരേ" വിഷ്ണുർവ്വാമനവിഗ്രഹഃ. 14
ഹൃതാ ത്രിവിഷ്ടപാ യാച്ഞാഛലേന ബലിദാനവാൽ
വിഷ്ണുർവ്വാമനരൂപേണ പ്രാച്യാശാഭിമുഖസ്ഥിതഃ. 15
കിമാഹൃത്യ പ്രദാതവ്യമഗ്രജായ വലാരയേ
ഇതി സഞ്ചിന്ത്യ മനസാ സ്ഥിതോ വാത്ര ജനാർദ്ദനഃ. 16
മഹത്തമമിദം ക്ഷേത്രം തുംഗപ്രാസാദശോഭിതം
ഹേമസ്തൂബീവിലസിതം സുവർണ്ണമണിരഞ്ജിതം. 17
"ദുർഗാനാമപുര"ക്ഷേത്രേ കിരാതതനയഃ ഖലു
കിരാതസദൃശാകാരോ നിത്യമാസ്തേ ജനാർച്ചിതഃ. 18
ഷൾത്രിംശൽകേരസാഹസ്രശിലാസമ്മർദ്ദഹർഷിതഃ
വരപ്രദാനൈകരത ആസ്തേ കൈരാതസംഭവഃ. 19
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
പ്രകാശതേ "കൃഷ്ണനദീക്ഷേത്രേ" സാക്ഷാന്മഹേശ്വരഃ. 20
യത്ര ശംഭുർമ്മഹാദേവ ആസ്തേ ഭോഗീന്ദ്രഭൂഷണഃ

ശംഖാഭിഷേകം, ചതുശ്ശതം മുതലായതും ഇവിടെയുണ്ട്. 14-17. 'വാമനപുരം' എന്ന ക്ഷേത്രം; ഇവിടെ വാമനമൂർത്തിയായ മഹാവിഷ്ണുവാകുന്ന പ്രതിഷ്ഠ. കിഴക്കോട്ടാണു നട.

18. 'ദുർഗ്ഗാനാമപുരം' എന്ന ക്ഷേത്രം; ഇവിടെ സാക്ഷാൽ കിരാതതനയൻ (=വേട്ടേക്കരൻ) ആകുന്ന പ്രതിഷ്ഠ. 19. ഇവിടെ പാട്ടു കഴിക്കുക പ്രധാനമാണ്; അതിന്നു മുപ്പത്താറായിരം നാളികേരമെറിയുകയും പതിവുണ്ട്.

20. 21. 'കൃഷ്ണനദി' എന്ന മറെറാരു ശിവക്ഷേത്രം; ഇ

സമസ്താമയവിച്ഛേത്താ കാലകാലഃ കൃപാനിധിഃ. 21
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
ശ്രവണാദേവ ലോകാനാം നശ്യന്ത്യഘ മഹാഗദാഃ. 22
'തുടിവാപീപുരം' നാമ യത്രാസ്തേഹി മഹാശിവഃ
തുടിവാപീപുരന്നാമ ക്ഷേത്രം ത്രൈലോക്യവിശ്രുതം. 23
അതിക്രൂരമഹാസർപ്പദഷ്ടോപി ഹി ശിവാന്തികം
ഗത്വാ തീർത്ഥം പ്രസാദഞ്ച സേവിത്വാ നിർവ്വിഷോ ഭവേൽ. 24
കാലകാലഃ കൃപാസിന്ധുഃ സ്വയമാസ്തേ മഹേശ്വരഃ
വിഷാവിഷ്ടമഹാസർപ്പഭൂഷണോതിഭയങ്കരഃ. 25
ഭസ്മോദ്ധൂളിതദേഹശ്ച ജടാമണ്ഡലമണ്ഡിതഃ
കപാലമാലീ ഫാലാക്ഷസ്സദാ ഭാതി മഹേശ്വരഃ 26
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
സമസ്തപാപനിചയപ്രശമനം ച മഹത്തമം. 27
'ആദിദശപുരാധീശൌ' പുരാന്തകമുരാന്തകൌ
അഘോരനരസിംഹാഖ്യൌ പശ്ചിമാശാമുഖാവുഭൌ. 28
ഏകഃ പുരാ ദക്ഷയജ്ഞം ദക്ഷം ഘോരാകൃതിർവി
ജടാമുദ്ധൃത്യ ചിക്ഷേപ സോയമാസ്തേ ഭയങ്കരഃ. 29
അഘോരമൂർത്തിരത്യുഗ്രരൂപോ മാഹേശ്വരസ്തഥാ
വിശദാന്തരരൂപശ്ച സാക്ഷാദാസ്തേ മഹേശ്വരഃ. 30
ജേതാമാത്മദാ ദേവസ്സാക്ഷാദേവ മഹേശ്വരഃ

വിടെ വന്ന് ഈ മൃത്യുഞ്ജയനെ ഭജിക്കുന്നതു സകല രോഗഹരമാകുന്നു.

22. 23. 'തുടിവാപീപുരം' എന്ന വേറെയൊരു ശിവക്ഷേത്രം. 24. എത്ര വലിയ പാമ്പു കടിച്ച വിഷമായാലും, ഈ ദേവസന്നിധിയിൽ വന്ന് തീർത്ഥവും പ്രസാദവും വാങ്ങി സേവിച്ചാൽ ഉടനടി വിഷം ഇറങ്ങുന്നതാണ്. 25. 26. വിഷധരാഭരണനെൻറ സ്വരൂപവർണ്ണനം.

27. 28. മറെറാരു പ്രധാന ക്ഷേത്രം. ഇവിടെ അഘോരമൂർത്തിയായ ശിവനും നരസിംഹമൂർത്തിയായ വിഷ്ണുവുമാകുന്നു പ്രതിഷ്ഠ. 29, 31. ദക്ഷപ്രജാപതിയെക്കൊല്ലാൻ വേണ്ടി പണ്ടു ജട

ആദ്യസ്തു ജനാമയധ്വംസീ നിത്യമേവാഖിലാൎത്ഥദഃ. 31
അന്യഃ പുരാ നൃസിംഹാത്മാ പ്രഹ്ലാദം ത്രാതുമീശ്വരഃ
രതസ്തംഭാദഭൂൽ ഘോരോ ദേവദേവോ മുരാന്തകഃ. 32
ഉൽപത്യ തരസാ ദൈത്യം ഹിരണ്യകശിപും രണേ
പാടയാമാസ നഖരൈരസുരസാതിഭയങ്കരൈഃ. 33
ഘോരാവതാരജനിതാവേതൌ ലോകൈകനായകൌ
മസൂരികാദിദമകാവഘോരനരസിംഹകൌ. 34
ശാന്ത്യാപി സഹിതാവേതാവതിശക്തൌ മഹത്തരൌ
നരരക്ഷാകരൌ നിത്യമാസാതേ ശിവമാധവൌ. 35
ശംഖാഭിഷേകധാരാഭിഃ സേവന്തേ സതതം ജനാഃ
കദളീഃകരലാജാദ്യൈഃ പായസാദ്യൈരഹന്നിശം. 36
ദീപസ്യ ലക്ഷണാദ്വാച്യമത്ര ഭാവി ശുഭാശുഭം
ദിവാനിശമനിൎവ്വാണഃ ശുഭം ദീപഃ പ്രയച്ഛതി. 37
വാമാവൎത്തസ്സ്ഫുലിംഗശബ്ദകസ്സ്വല്പമൂൎത്തികഃ
വിദീൎണ്ണമലിനാൎച്ചിശ്ച ദീപഃ പാപം പ്രയച്ഛതി. 38
വിഹിതായതമൂൎത്തിസ്സന്നതാൎച്ചിശ്ച ദീപ്തിമാൻ
പ്രദക്ഷിണഗതിശ്ശബ്ദകമ്പഹീനോ ഭവേച്ഛ്രിയൈ. 39
സൎവ്വകാൎയ്യേഷു സൎവ്വേഷു കൎമ്മസ്വപി വിശേഷതഃ
പ്രസാദേനൈവ ദീപസ്യ ഭവിഷ്യച്ഛുഭമാദിശേൽ. 40

പറിച്ചു നിലത്തടിച്ച ആ ഉഗ്രസ്വരൂപമാണു ശിവന്റേതു്. 32. 33. പ്രഹ്ലാദനെ രക്ഷിപ്പാനും ഹിരണ്യകശിപുവെസ്സംഹരിപ്പാനുമായിട്ടുണ്ടു് ആ സ്തംഭത്തിൽനിന്നു പുറപ്പെട്ട ഭയങ്കരസ്വരൂപമാണു വിഷ്ണുവിന്റേതു്. 34. 35. ഈ രണ്ടു ഘോരമൂൎത്തികളും വസൂരി മുതലായ രോഗങ്ങളെ നശിപ്പിച്ചു ജനക്ഷേമത്തെ നിറവേറ്റിക്കൊണ്ടു വൎത്തിക്കുന്നു. 36. ശംഖാഭിഷേകം, ധാര, കദളിപ്പഴം, മലർ, പായസം മുതലായവ ഇവിടെ പ്രധാനമാകുന്നു. 37-40. ഇവിടെ വിളക്കിന്റെ ലക്ഷണം നോക്കി ശുഭാശുഭം നിൎണ്ണയിക്കുമാറുണ്ടു്. അതിന്റെ മട്ടു എങ്ങിനെയെന്നാൽ—1. കെടാവിളക്കു ശുഭപ്ര

അത്രാത്ഭുതാനി ദൃശ്യന്തേ നിശീഥേ ജനവർജ്ജിതേ
പ്രാസാദാന്തരതോ നിത്യം സല്ലാപഃ ശ്രൂയതേ മഹാൻ. 41
ശംഖധ്വാനഃ പ്രതിദിനമർദ്ധരാത്രേ നിശമ്യതേ
വേദഘോഷസ്തൂര്യ്യരവസ്സംഗീതം വാദ്യഘോഷവൽ. 42
മഹാവിഷധരാസ്സർപ്പാ ഗച്ഛന്ത്യത്ര ദിവാനിശം
മനുജാനൈവ ബാധന്തേ വിഷബാധാത്ര ന ക്വചിൽ. 43
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
'ശ്രീഗോകുലപുരാ'ധീശഃ ശ്രീകൃഷ്ണോ ഭാതി നിത്യശഃ. 44
ബാലലീലാസുലളിതഃ ശ്രീകൃഷ്ണഃ കമലാപതിഃ
സർവ്വാമയഘ്നോ ഭൂതാനാമാസ്തേ പ്രത്യക്ഷദർശനഃ. 45
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
സർവ്വാഘൌഘഹരം പുണ്യം സർവ്വകാര്യ്യാർത്ഥസാധനം. 46
കാളീ 'വീരപുരാധീശൌ" വീരഭദ്രശ്ച താവുഭൌ
സഹജാഃസോദരാവേതാവേകപീഠാധിവാസിനൌ. 47

ദമാകുന്നു; 2. ഇടത്തോട്ട് ചുററിക്കത്തുന്നതും പൊരിതെറിക്കുന്നതും ശബ്ദമുള്ളതും ചെറുതും നടുപിളർന്നു മങ്ങിയ നാളമുള്ളതുമായ വിളക്ക തീരെ അശുഭമാകുന്നു; 3. നീണ്ടു തടിച്ച നാളമുള്ളതും ദീപ്തിയുള്ളതും വലം ചുററിക്കത്തുന്നതും ശബ്ദവും ഇളക്കവുമില്ലാത്തതുമായ വിളക്ക ശ്രേയസ്കരമാകുന്നു; 4. എന്നല്ല; എല്ലാകാര്യ്യങ്ങളിലും എല്ലാ കർമ്മങ്ങളിലും വിളക്കിന്റെ പ്രസാദം (തെളിച്ചം) നോക്കി ഭാവിശുഭാശുഭങ്ങളെ നിർണ്ണയിക്കാം. 41—43. അർദ്ധരാത്രിസമയത്ത് ആളെല്ലാം പിരിഞ്ഞാൽ ചില സംഭാഷണങ്ങളും ശംഖനാദവും വേദഘോഷവും വാദ്യധ്വനിയുംമററും കേൾക്കാവുന്നതാണ്; ഇതെല്ലാം ആശ്ചര്യ്യമല്ലയോ? പിന്നെ, മഹാവിഷങ്ങളായ സർപ്പങ്ങൾ അവിടവിടെ സഞ്ചരിക്കുന്നുണ്ടെങ്കിലും; ജനങ്ങളെ ഒരു വിധത്തിലും അവ ഉപദ്രവിക്കുമാറില്ല!

44—45. 'ഗോകുലപുരം' എന്ന വിഷ്ണുക്ഷേത്രം; ഇവിടെ സാക്ഷാൽ ഉണ്ണിക്കണ്ണൻ തന്നെയാണ വിളങ്ങുന്നത്. 46—47. 'വീരപുരം" എന്നക്ഷേത്രത്തിൽ സോദരിയും സോദരനുമായ ഭദ്രകാളിയും വീരഭദ്രനും ഒരേ പീഠത്തിൽതന്നെ സ്ഥിതിചെയ്യു

പ്രാച്യാശാഭിമുഖാവേതാവസിശൂലധരാവുഭൌ
രാജതഃ ക്രൂരകർമ്മാണൌ നിത്യം ലോകൈകപാലകൌ. 48
അർച്ചിതൌ പാദസംജ്ഞൈസ്താവുഭൌ ഘോരസ്വരൂപിണൌ
മസൂരികാദ്യനർത്ഥഘ്നൌ ശുശുഭാതേ ദിവാനിശം. 49

അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
‘ശിരോപുരാധിവസതിഃ’ ശ്രീരാമോ രാവണാന്തകഃ. 50
ഹനൂമതഃ സഹചരോ ഭാതി കല്യാണദായകഃ
അപൂപകദളീകേരലാജക്ഷീരാജ്യപായസൈഃ. 51
നിവേദ്യതേ സ ഭഗവാൻ സർവ്വാഭിഷ്ടാർത്ഥസിദ്ധയേ
ഹനൂമതേ ച പൃഥുകാഃ നാളികേരഗുളാർദ്രിതാഃ. 52
നിവേദ്യന്തേ ച കദളീഫലമപ്യനിശം ജനൈഃ
അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം. 53
ദേവീ “വേത്രവനാധീശാ” ദുർഗ്ഗാ നിത്യം വിരാജതേ
“രാമസേതുപുരാധീശോ” രാമചന്ദ്രോ വിരാജതേ. 54
“ബഹിർദ്ദേശാധിപോ” വിഷ്ണുശ്ചതുർബ്ബാഹുർവ്വിരാജതേ
“സന്ധ്യാവനാലയാ” ദുർഗ്ഗാ ‘പഞ്ചശൈലാസിനി’ ശിവാ. 55

നം. 48. വാളും ശൂലവുമേന്തിക്കൊണ്ട് ഇവർ കിഴക്കോട്ടു നോക്കി ഇരിക്കുന്നു. 49. പാദസംജ്ഞന്മാർ=അടികൾ എന്നു പേരുള്ള ഒരു വകക്കാർ. ഇവരാണിവിടെ പൂജ നടത്തുന്നതു. അല്ലാതെ ബ്രാഹ്മണരല്ല. ഈ വീരഭദ്രനും ഭദ്രകാളിയും വസൂരി തുടങ്ങിയ രോഗങ്ങളെ ശമിപ്പിക്കുന്നവരാകുന്നു.

50—53. ‘ശിരോപുരം’ എന്ന ക്ഷേത്രത്തിൽ സാക്ഷാൽ ശ്രീരാമസ്വാമി ശ്രീഹനൂമാനോടു കൂടി ഇരുന്നരുളുന്നു. അപ്പം, പാൽപ്പായസം, നൈപ്പായസം തുടങ്ങിയവയാണു ശ്രീരാമനുള്ള നിവേദ്യങ്ങൾ. ശർക്കരയും നാളികേരവും കൂട്ടിത്തിരുമ്മിയ അവിലും കദളിപ്പഴവും ജനങ്ങൾ ഹനൂമാന് എന്നും നിവേദിക്കുന്നു. 54. “വേത്രവനം” (ചൂരക്കാട്ട്) എന്ന ക്ഷേത്രത്തിൽ ദുർഗ്ഗാ ഭഗവതിയുടെ പ്രതിഷ്ഠയാണുള്ളത്. 55. ‘രാമസേതുപുര’ത്തിൽ ശ്രീരാമഭദ്രനും, ‘ബഹിർദ്ദേശം’ (വെളിയൂർ) എന്ന ക്ഷേത്രത്തിൽ

ഏതേ ദേവ്യൌ ച കല്യാണ്യൌ ജനാനാമഖിലാർത്ഥദേ
‘പന്തളാധീശപുരോ’ദേവോ വർത്തതേ ലോകവിശ്രുതഃ. 56
ഇന്ദ്രാദിഭിസ്സേവ്യമാനസ്സദാ ലോകഹിതങ്കരഃ
‘അന്നദ്വിരദയാനാഖ്യ’മഹാക്ഷേത്രമനുത്തമം. 57
യത്ര ദേവഃ പശുപതിരദ്ധ്യാസ്തേ ശിവയാ സഹ
അത്യത്ഭുതമിദം തത്ര ദൃശ്യതേ ദേവവൈഭവാൽ. 58
കൃത്രിമദ്വിരദോ യത്ര സപ്രാണ ഇവ ഗച്ഛതി
പ്രാസാദമണ്ഡപാദ്യഞ്ച മഹാരജതരഞ്ജിതം. 59
സ്വർണ്ണസ്തൂബീവിലസിതം കേതുദണ്ഡവിഭൂഷിതം.
അപൂപകദളീകേരലാജാജ്യൈസ്സഹ പായസൈഃ 60
നിവേദ്യതേ മഹാദേവസ്തഥാ ശാല്യന്നരാശിഭിഃ
അഥാതസ്സംപ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം. 61
“തൃക്കളൂരപുര”ന്നാമ ക്ഷേത്രാണാമുത്തമോത്തമം
പ്രതിഷ്ഠിതോ യത്ര ശംഭുരഗ്നിനാ തു ശിലോപരി. 62

മഹാവിഷ്ണുവും ഉണ്ട്. 56. സന്ധ്യാവനത്തിലെയും പഞ്ചശൈലത്തിലെയും ദുർഗ്ഗമാർ ജനങ്ങൾക്കു സകലകല്യാണദായിനിമാരാകുന്നു. 57. പന്തളം എന്ന ദിക്കിൽ സാക്ഷാൽ മഹാദേവൻതന്നെ ശോഭിക്കുന്നു.

‘അന്നാനട’ക്ഷേത്രം 58—61.

58. അന്നദ്വിരദയാനം=അന്നാനനട. ഈ പേർ ഇന്നു ലോപിച്ച് ‘അന്നാനട’ എന്നു മാത്രമായിത്തീർന്നിട്ടുണ്ട്. ഇവിടെ പാർവ്വതിയും പരമശിവനുമാണു പ്രതിഷ്ഠ. 59. കൃത്രിമമായ ആന സാക്ഷാൽ ആനയെപ്പോലെ നടക്കുകയും മററും ചെയ്യുന്നു എന്നതു് ഇവിടത്തെ ഒരത്ഭുതമാകുന്നു. (ഇതു് ഇന്നും ഉണ്ടോ എന്നറിയുന്നില്ല.) 60. ക്ഷേത്രവർണ്ണനം. 61. അപ്പം, കദളിപ്പഴം, മലർ, പായസം, വെള്ള—എന്നു തുടങ്ങിയവ ഇവിടെ നിവേദ്യങ്ങൾ. അന്നാനട എന്ന ദിക്ക് അഡൂർ തീവണ്ടിയാപ്പീസ്സിന്നടുത്താകുന്നു.

തൃക്കൂർ ക്ഷേത്രം 62—65.

62. തൃക്കളൂരപുരം=തൃക്കൂര്. 63—64. ഇവിടെ അഗ്നിപ്രതിഷ്ഠ

വൎഷാഗമേ യത്ര നൈവ നിത്യം ശിവബലിഃ പുരേ
യദ്ദിനേ വൎഷധാരാ ച സജലാഭ്രാവലീ യദാ. 63
തദ്ദിനേ നൈവ ദേവസ്യ ബഹിഃ പ്രസ്ഥാനമത്ഭുതം.
ശംഖാഭിഷേകധാരാദ്യം നിത്യമേവാതിശോഭനം. 64
ശാല്യന്നരാശിഭിൎന്നിത്യം നൈവേദ്യം പായസാദികം
“കുമാരസേതുനിഷ്ഠാ” ച ഭദ്രകാളീ വിരാജതേ. 65
അരാളകരവാളോഗ്രബാഹാഞ്ചലവിരാജിതാ
ഭൂതപ്രേതപിശാചാഢ്യാ ഭദ്രകാളീ വിരാജതേ, 66
ഘോരാട്ടഹാസിനീ നിത്യം ദുഷ്ടരോഗവിനാശിനീ
ചണ്ഡികാ ചണ്ഡവിക്രാന്താ ഭൂതപ്രേതവിനാശിനീ. 67
ചണ്ഡമുണ്ഡപ്രമഥിനീ നിത്യമാസ്തേ ഭയങ്കരീ
കേരക്ഷീരാൎദ്രിതൈൎന്നിത്യം പായസൈശ്ച ദിനേദിനേ. 68
നിരാവൃതേ ഭഗവതീ ഭദ്രകാളീ മഹേശ്വരീ
അഥാതസ്സംപ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം. 69
‘നസ്യള്യാഖ്യ’മഹാക്ഷേത്രേ നിത്യമാസ്തേ മഹേശ്വരഃ
പൃഷ്ഠഭാഗേ മഹാതീൎത്ഥം സൎവ്വപാപഹരം ശുഭം. 70
പ്രാച്യാശായാം ശിവജലം സ്നാസ്യന്ത്യത്ര മഹാജനാഃ,

യായ സാക്ഷാൽ ശിവനാകുന്നു. വടക്കോട്ടാണു നട. മഴക്കാർ കണ്ടാൽപോലും പുറത്തേക്കു് ദേവനെ എഴുന്നള്ളിക്കുമാറില്ല എന്നതു് ഇന്നും സാധാരണമാണു്. അത്യുന്നതമായ ഒരു പാറയിന്മേലുള്ള ഒരു ഗുഹാദ്വാരത്തിലാണു ദേവൻ സ്ഥിതിചെയ്യുന്നതു്. 65. ശംഖാഭിഷേകം ധാര മുതലായതെല്ലാം ഇവിടെ പ്രധാനമാണു്. 65. ‘കുമാരസേതു’ എന്ന ക്ഷേത്രത്തിൽ ഭദ്രകാളിയാണു പ്രതിഷ്ഠ. 67—68 ഭദ്രകാളീമാഹാത്മ്യവൎണ്ണനം. 69. ഇടിച്ചുപിഴിഞ്ഞ പായസമാണു് ഇവിടെ പ്രധാനനിവേദ്യം. 70 ‘നസ്യളി’ എന്നോ ‘നസ്യള്യം’ എന്നോ പറയാവുന്ന മറെറാരു ക്ഷേത്രം. ഇവിടെ സാക്ഷാൽ ശിവൻതന്നെ. 71. പിൻ

വലയാലയഭൃഗ്വായാഃ പൃഷ്ഠഭാഗേ മഹത്തരം.
ക്ഷേത്രമേതച്ഛുഭതരം ദേവസ്യ പൂരവിദ്വിഷഃ.

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ നവമാദ്ധ്യായഃ.

ദശമോദ്ധ്യായഃ.

അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
യത്ര 'വാഞ്ചിപുരാധീശഃ' സ്വയംഭൂർവ്വാഞ്ചികേ പുരേ. 1
'സോത്ഥവാഞ്ചിപുരം' ഗത്വാ ഭാർഗ്ഗവോ ഭൃഗുനന്ദനഃ
വാഞ്ചീപുരേശ്വരം ഭേജേ പരിക്രമ്യ പ്രദക്ഷിണം.. 2
നിവേദ്യ തത്ര നൈവേദ്യം ശിവരാത്രിമഹോത്സവേ
ഉപോഷ്യ ബ്രാഹ്മണേഭ്യോസൌ പ്രദദൌ ധനസഞ്ചയം. 3
പ്രാസാദം ഹേമഫലകൈർദ്ധ്വജം ഹേമവിരാജിതം
മണ്ഡപഞ്ച ചതുശ്ശാലാം കല്പയാമാസ ഭാർഗ്ഗവഃ. 4
പ്രാച്യാശാഭിമുഖോ ഭാതി ദേവോ യത്ര മഹേശ്വരഃ
നിത്യം സഹൈവ പാർവ്വത്യാ നിത്യം പ്രത്യക്ഷദർശനഃ. 5
"ചിദംബരപുരാധീശം" ദാക്ഷിണാത്യാഃ സ്വയംഭവഃ
കലാധരഃ കപാലീ ച സാക്ഷാദേവ വിഭാത്യയം. 6

ഭാഗത്തും കിഴക്കഭാഗത്തും ഓരോ തീർത്ഥമുണ്ട്. 72. ഈ ക്ഷേത്രം ഊരകത്ത് അമ്പലത്തിന്റെ പിൻഭാഗത്താകുന്നു.

എന്ന് ഒമ്പതാമദ്ധ്യായം.

പത്താമദ്ധ്യായം.

തിരുവഞ്ചിക്കുളം ക്ഷേത്രം1 — 32.

1. വാഞ്ചികപുരം=തിരുവഞ്ചിക്കുളം. ഇവിടെ സ്വയംഭുവായ സദാശിവനാകുന്നു. 2—3. പരശുരാമൻ പണ്ടിവിടെ വന്നു ശിവരാത്രി നോല്ക്കുകയും മററുമുണ്ടായിട്ടുണ്ട്. 4. ക്ഷേത്രവർണ്ണനം. 5. ദേവൻ പാർവ്വതിയോടുകൂടി കിഴക്കോട്ടു തിരിഞ്ഞു ഇരിക്കുന്നു. 6. ഈ ദേവൻ സാക്ഷാൽ ചിദംബരേശ്വരനാണ്. 7—8. ഈ

ത്രയസ്ത്രിംശൽകോടിദേവൈസ്സഹാദ്ധ്യാസ്തേ സദാശിവഃ
ത്രിലോകൈകഗൃഹസ്ഥോപി പാഞ്ചീപുരഗൃഹസ്ഥിതഃ. 7
ചിദംബരപുരാധീശസ്സകുഡുംബസ്സഹോമയാ
ഉപാസിതോ ദേവഗണൈരദ്ധ്യാസ്തേ ഹി മഹേശ്വരഃ. 8
കോടിലിംഗാനി പരിതഃ സ്ഥാപിതാനി പുരദ്വിഷം
പ്രത്യക്ഷാണ്യേവ ലോകാനാമപ്രത്യക്ഷാണി ച ദ്വിധാ. 9
സ്വയംഭൂരയമദ്ധ്യാസ്തേ സദാ വിശ്വൈകനായകഃ
പാൎവ്വത്യാ രമതേ നിത്യം ജനപ്രത്യക്ഷദൎശനഃ. 10
ആന്ദോളികാം സമാരുഹ്യ പാൎവ്വത്യാ സഹ നിത്യശഃ
വാദ്യഗീതരവൈസ്സാൎദ്ധം യാതി ശയ്യാഗൃഹം വിഭുഃ. 11
രാത്രൗ ശയ്യാഗൃഹേ നിത്യം രമതേ ഭാൎയ്യയാ സഹ
പ്രാതഃ സ്നാത്വാ പുനൎഗ്ഗേഹേ പ്രാതരാശായ ഗച്ഛതി. 12
മദ്ധ്യാഹ്നേ ഭാൎയ്യയാ സാൎദ്ധം സോപദംശം മഹാശനം
അപൂപപായസാദ്യൈശ്ച നിത്യമേവ കരോതി സഃ. 13
സായഞ്ച ഭാൎയ്യയാ സാൎദ്ധം ഭുക്ത്വാ കാമം മഹേശ്വരഃ
സഹ ശയ്യാഗൃഹം യാതി ഭാൎയ്യയാ ച ദിനേദിനേ. 14
ഇതഃപരം മഹാശ്ചൎയ്യം വിദ്യതേ തത്ര നിത്യശഃ

ചിദംബരേശ്വരനേയും ഉമാദേവിയേയും മുപ്പത്തിമുക്കോടി,ദേവന്മാരും വന്നു വന്ദിക്കുന്നു. 9. ഇവിടെ കാണാവുന്നവയും കാണുവാൻ കഴിയാത്തവയുമായി അനേകം ശിവലിംഗങ്ങൾ ദേവന്നു ചുററുമുണ്ട്. 10. ഈ സ്വയംഭൂദേവൻ ദിവസവും പാൎവ്വതിയോടുകൂടി രമിക്കുന്നു. 11. ദിവസേന ദേവൻ വൈകുന്നേരം പാൎവ്വതിയോടുകൂടി ഡോലിയിൽക്കയറി ശയ്യാഗൃഹത്തിലേക്കു പോകുന്നു. 12. രാത്രിമുഴുവനും ഭാൎയ്യയോടുകൂടി രമിച്ചു ഉഷസ്സിൽ സ്നാനവും കഴിച്ച് ശ്രീകോവിലിലേക്കു തന്നെ തിരിച്ചെഴുന്നള്ളുന്നു. 13 ഉച്ചക്കു ശിവനും പാൎവ്വതിക്കും കൂടി കറികളും വെള്ളനിവേദ്യവും, അപ്പം പായസം മുതലായതും നിവേദിക്കുന്നു. 14. വൈകുന്നേരമായാൽ തലേദിവസത്തെപ്പോലെ തന്നെ ശയ്യാഗൃഹത്തിലേക്കു പോകുന്നു. 15 _ 16. ഇതിനേക്കാളും ആ

ശയ്യാഗൃഹേ ഹി ദമ്പത്യോൎന്നിത്യം താംബൂലചൎവ്വിതം. 15
ഉച്ഛിഷ്ടോചിതപാത്രെ തു സ്ഥിതം ദ്രക്ഷ്യന്തി മാനവാഃ
മിഥസ്സല്ലാപ ഉഭയോഃ ശ്രൂയതെ് മദനോത്സവേ. 16
ഗണേശപരോ ഭൂതനാഥോ ഭദ്രകാളീ ഷഡാനനഃ
സമീപവൎത്തിനോ നിത്യം സഹ യാന്തി യഥാസുഖം. 17
ത്രിലോകൈകഗൃഹസ്ഥോപി സുഖമാസ്ത്യത്ര ശങ്കരഃ
ഗൃഹസ്ഥധൎമ്മമാശ്രിത്യ കുഡുംബീ ച ചിരോഷിതഃ. 18
അനാസക്തോപി ഭഗവാൻ തത്ര ഗാൎഹസ്ഥ്യവാൻ സുഖീ
രമതേ ഭാൎയ്യയാ സാകം പുത്രൈസ്സപരിവാരകഃ. 19
പ്രദോഷനൃത്തരസികഃ പദാപസ്മാരമൎദ്ദനഃ
ദക്ഷിണാശാമുഖോ ദേവ ഉദീച്യാം ദിശി ഭാസതേ. 20
ഭൂതനാഥോ ഗണേശശ്ച നൈരൃത്യാം ദിശി വൎത്തതേ
ബ്രാഹ്മീമുഖ്യാശ്ച സഹസാ ദക്ഷിണേ സപ്തമാതരഃ. 21
വായൗ ദുൎഗ്ഗാഭഗവതീ ഭാസതേ ഭദ്രയാ സഹ
കോടിലിംഗാനി സന്ത്യത്ര സൎവ്വം ശിവമയം പുരം. 22

ശ്ചൎയ്യകരങ്ങളായ സംഭവങ്ങളും അവിടെയുണ്ടു്. രാത്രി ഉപയോഗിച്ച താംബൂലത്തിന്റെ ഉച്ഛിഷ്ടം കോളാമ്പിയിൽ കാണാം. രാത്രി ദമ്പതിമാരുടെ സല്ലാപവും തെളിഞ്ഞു കേൾക്കാം. 17. ഗണപതി സുബ്രഹ്മണ്യൻ അയ്യപ്പൻ ഭദ്രകാളി എന്നിവരും ഈ ക്ഷേത്രത്തിലുണ്ടു. 18.—19. ഇങ്ങിനെ ദേവൻ ഇവിടെ ഒരു കുടുംബിയായി വസിക്കുന്നു. 20. വടക്കുഭാഗത്തു ഭൈരവരുദ്രൻ തെക്കോട്ടു തിരിഞ്ഞു് ഇരിക്കുന്നു. 21. നിരൃതിക്കോണിൽ അയ്യപ്പനും ഗണപതിയും തെക്കേ ഭാഗത്തു സപ്തമാതാക്കളും ഉണ്ടു്. സപ്തമാതാക്കൾ:—ബ്രാഹ്മീ, മാഹേശ്വരീ, കൗമാരീ, വൈഷ്ണവീ, വാരാഹീ, ഇന്ദ്രാണി, ചാമുണ്ഡാ.

22. വായുകോണിൽ ദുൎഗ്ഗയും ഭദ്രകാളിയും ഉണ്ടു്. ശിവലിംഗങ്ങൾ എല്ലായിടത്തുമുണ്ടല്ലോ. 23. ഇങ്ങിനെ ഇവിടെ സാക്ഷാൽ കൈലാസത്തിന്റെ മാഹാത്മ്യമുണ്ടു്. ഈ തിരുവഞ്ചിക്കുളത്തപ്പൻ ചിദംബരേശ്വരൻതന്നെയാകുന്നു. 24. ശിവൻ ഏവൎക്കും പരദേവതതന്നെയാകുന്നു. 25—29 കുംഭമാസത്തിൽ

അതഃപരം കിമപരം ദൃശ്യം കൈലാസഗൌരവം
ചിതംബരസഭാനാഥോ വാഞ്ഛിതാൎത്ഥപ്രദായകഃ. 23
സൎവ്വേഷാം പരമം ദൈവം പ്രത്യക്ഷം സൎവ്വദേഹിനാം
ശിവശക്തിഃ സ്വയം തത്ര ശക്യാ വക്തും ന കൎഹിചിൽ. 24
നിത്യോത്സവോ ഭൂതബലിൎന്നിത്യമാസ്തേ മഹോദയഃ
മഹോത്സവഃ കുംഭമാസേ ശിവരാത്ര്യാമഹൎന്നിശം. 25
തത്രായാന്തി ജനാസ്സൎവ്വേ കുതൂഹലസമന്വിതാഃ
പരിധാനാദ്യലങ്കാരൈൎദ്രഷ്ടുകാമാ മഹോത്സവഃ. 26
പ്രാസാദമണ്ഡപാദ്യഞ്ച സുവൎണ്ണമണിരഞ്ജിതം
സ്വൎണ്ണസ്തംബവീഥിലസിതം കേതുദണ്ഡവിഭൂഷിതഃ. 27
ബ്രാഹ്മണാനാം കളകളശ്ചാഹ്വാനഞ്ച ദിവാനിശം
ഉൽഘുഷ്യതേ മഹാനാദഃ ഷഡ്രസാസ്വാദനിൎദ്ദഹാ. 28
ശംഖഭേരീനിനാദശ്ച മൃദംഗപണവാനകൈഃ
തുമുലസ്തത്ര മഹസാ ജഗതാം ലോമഹൎഷണഃ. 29
അപൂപകദളീഃകരലാജാദ്യമധുപായസൈഃ
നിവേദ്യതേ പ്രതിദിനം സപരീവാര ഈശ്വരഃ. 30
ശംഖാഭിഷേകധാരാദ്യൈൎന്നവകൈഃ കലശൈരപി
പഞ്ചാമൃതൈൎബ്ബാലകേരൈഃ ക്ഷീരാദ്യൈസ്സമഭിഷിച്യതേ. 31
കോന്വത്രേശ്വരമാഹാത്മ്യം ക്ഷമോ വക്തുമശേഷതഃ
അനന്തോപി വൃഥായാസോ വക്തുകാമോ ന സംശയഃ. 32

അഥാതസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
“തീവ്രാനദീശ”സ്യ പുരേ ഖരവിദ്വേഷിണോ മലം. 33

ഇവിടെ ഉത്സവമുണ്ട്. ബ്രാഹ്മണൎക്ക് ഊട്ടും ഇവിടെ സാധാരണമായുണ്ട്. 30—31. അപ്പം, കദളിപ്പഴം, മലർ, പായസം, ശംഖാഭിഷേകം, ധാര, നവകം, കലശം, പഞ്ചാമൃതം, ഇളന്നീരാട്ടം, പാൽകൊണ്ടഭിഷേകം എന്നിവയ്ക്ക് ഇവിടെ പ്രാധാന്യമുണ്ട്. ഇവയിൽവെച്ചു ശംഖാഭിഷേകത്തിന്നു പ്രാധാന്യം കൂടും. 32. ദേവന്റെ മാഹാത്മ്യം അവൎണ്ണനീയമാകുന്നു. 33—34. 'തീവ്ര' (പെരിയാർ) എന്ന നദിയുടെ പടി

രാമോഥ പശ്ചിമേ തീരേ തീവ്രാനദ്യാഃ ശുഭേസ്ഥലേ
രാമബിംബം ചതുൎബ്ബാഹു കിരീടകടകാഞ്ചിതം. 34
ശരചാപധരം ദിവ്യം ഖരരക്ഷോവിനാശകം
പ്രത്യഷ്ഠാപയദത്യുഗ്രം ശ്രിയാ ഭൂമ്യാ സഹ സ്ഥിതം. 35
ശംഖചക്രഗദാപത്മഹസ്തം രാമം ചതുൎഭുജം
ശ്രീവത്സവക്ഷസം ഭ്രാജൽകൌസ്തുഭാമുക്തകന്ധരം. 36
തുളസീപത്മമാലാഢ്യം പീതവാസസമത്ഭുതം
നേത്രാഭിരാമം ശ്രീരാമം സൎവ്വദേവനമസ്കൃതം. 37
പശ്യന്തി യേ രഘുപതിം ന പശ്യന്തി യമാലയം
സംസാരാംബുധിമഗ്നാനാം കൎണ്ണധാരോയമീശരഃ. 38
പ്രാസാദം ഹേമഫലകൈഃ സ്വൎണ്ണസ്തൂബീമനോഹരം
ധ്വജോ ഹേമമയോ യത്ര വിരാജതി പുരോഭുവി. 39
തീവ്രാതടേ ഗോപുരഞ്ച സുവൎണ്ണമണിരഞ്ജിതം
മണ്ഡപഞ്ച ചതുശ്ശാലാ നൃത്തശാലാ സുശോഭനാ. 40
പ്രാകാരശ്ചാഗ്രശാലാ ച ഭുക്തിശാലാ ഹിരണ്മയീ
വരം തീൎത്ഥം ശുഭജലം ദിവ്യസോപാനമുത്തമം. 41
നിത്യം ശാല്യന്നനൈവേദ്യം സഗുളാജ്യാൎദ്രപായസം
അപൂപകദളീകേരലാജക്ഷീരരസായനം. 42
നിത്യോത്സവോ ദീപമാലാ നടനൎത്തകനൎത്തനം
തൌൎയ്യത്രികംശംഖനാദോ വേദഘോഷോ ദിനേ ദിനേ. 43
ഗജേന്ദ്രഫാലഫലകേ ഹേമപട്ടം നിബദ്ധ്യ ച
ബിംബമാരോപ്യ കണ്ഠേ ച ദേവപ്രസ്ഥാനമത്ഭുതം. 44
ഛത്രമുദ്ധൃത്യ ശിരസി ചാമരവ്യജനൈൎമ്മുഹുഃ
വീജ്യമാനം സഹഗജൈൎദ്ദേവപ്രസ്ഥാനമത്ഭുതം. 45

ഞാറെ കരയിൽ ഒരു ശ്രീരാമക്ഷേത്രമുണ്ടു്. 35. ശ്രീ, ഭൂമി എന്ന രണ്ടു ധൎമ്മപത്നിമാരോടുകൂടിയാണ രാമനെ ഇവിടെ പ്രതിഷ്ഠിച്ചിട്ടുള്ളതു്. 36—38. ശ്രീരാമഭദ്രന്റെ സ്വരൂപമാഹാത്മ്യങ്ങളുടെ വൎണ്ണനം. 39—41. ക്ഷേത്രവൎണ്ണനം. 42. വെള്ള, നൈപ്പായസം, അപ്പം, കദളിപ്പഴം, മലർ മുതലായവ നിവേദ്യങ്ങളാം. 43—50. ശിവബലി മുതലായതുണ്ടെന്നും, അവയുടെ

അത്യുന്നതൈസ്സഹസ്രൈർജ്ജ്വാലാപട്ടവിരാജിതൈഃ 46
പാർശ്വയോർഗ്ഗിരിസങ്കാശൈർദ്ദേവപ്രസ്ഥാനമദ്ഭുതം
കൃശാനുനാ ദീപിതമഹാകർപ്പൂരഗിരികോടിഭിഃ. 47
ദിനായമാനയാമിന്യാം ദേവപ്രസ്ഥാനമദ്ഭുതം
ദീപാവലീദിനകരസഹസ്രദിവസായിതേ, 48
ദിഗന്തരേ തമസ്വിന്യാം ദേവപ്രസ്ഥാനമദ്ഭുതം
ഇന്ദ്രാദയോ ലോകപാലാ ദിവ്യകല്പസുമൈരപി. 49
നിത്യമർച്ചന്തി ലക്ഷ്മീശം ഖരസംഹാരരൂപിണം
ഭൂലോകകല്പവിടപീ ദേവോയം ഭക്തകുലാദേഹഃ. 50
പ്രത്യക്ഷദർശീ ലോകാനാം കിന്നു ഭാഗ്യമതഃപരം
ശ്രാവണാഖ്യേ വനോദ്യാനേസ്യ കക്ഷിദൈവം ജനാന്തകം. 51
ദേവസ്യാജ്ഞാകരസ്സോപി ദേവാഹിതവിനാശകഃ
രുഷ്ടേ സതി യദാ രാമേ തദൈവായം ജനാന്തകഃ. 52
ദൈവസ്യാജ്ഞാകരഃ കക്ഷിരൂപോ ജയതി തത്ര ഹി
  അതഃപരം പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം. 53
സമസ്തരോഗശമനം മഹാദാരിദ്ര്യനാശനം
"ശ്രീകോടരപുരീ" നാമ യത്രാസ്തേ ഹി മഹേശ്വരീ. 54
മസൂരികാദിശമനീ നിംബപുഷ്പൈസ്സഹസ്രശഃ
പ്രതിഷ്ഠിതാ ഭാർഗ്ഗവേണ ഭദ്രകാളീ ഭയങ്കരീ. 55

വർണ്ണനവും, ദേവന്റെ മാഹാത്മ്യവും. 51—52. 'കക്ഷിദൈവം' എന്നു ഒന്ന് 'ശ്രാവണം' എന്ന കാട്ടിൽ ശ്രീരാമസ്വാമിയുടെ കല്പനയും കാത്തുകൊണ്ടു സ്ഥിതിചെയ്യുന്നുണ്ട്. ശ്രീരാമൻ ക്രുദ്ധനാവുമ്പോഴൊക്കെ ആ 'കക്ഷിദൈവം' ശത്രുക്കളെ നശിപ്പിക്കുന്നു.

ഇനി കൊടുങ്ങല്ലൂർ: 53—57

53—55. കോടരപുരീ=കൊടുങ്ങല്ലൂർ. ഇവിടെ സാക്ഷാൽ ഭദ്രകാളിയെ ഭാർഗ്ഗവരാമൻ പ്രതിഷ്ഠിച്ചു വേപ്പിൻപൂക്കളെക്കൊണ്ടു പൂജിച്ചു. ഈ ഉഗ്രമൂർത്തി വസൂരി മുതലായ ഭയങ്കരരോഗങ്ങളിൽ നിന്നു നിവൃത്തി വരുത്തുമെന്നുള്ള നിസ്സന്ദേഹമാ-

അൎച്ചിതാ ഭൃഗുരാമേണ സൈവ കോടരനായികാ
സഹസ്രമധുകുംഭൈശ്ച കുക്കുടാജശതാമിഷൈഃ. 56
രക്തൈശ്ച പൂജയന്ത്യേനാം പാദസംജ്ഞാശ്ച നിത്യശഃ
ഭാസ്വൽകോടിസഹസ്രാഭാ ദന്തവക്ത്രാ ഭയങ്കരീ. 57
രക്തവൎണ്ണാ രക്തവസ്ത്രഭൂഷണാദിവിഭൂഷിതാ. 58

ഇതി ദീപികായാം ക്ഷേത്രമാഹാത്മ്യേ ദശമാദ്ധ്യായഃ.

ഏകാദശോധ്യായഃ

അതഃപരഃ പ്രവക്ഷ്യാമി കഥാമന്യാഞ്ച പാവനീം
"ഹരിഗീതപുര"നാമ ക്ഷേത്രം ത്രൈലോക്യവിശ്രുതം. 1
യത്രാസ്തേഭ്യൎച്ചിതഃ സ്കന്ദസ്സൎവ്വൈരപി സുരാസുരൈഃ
കുലദൈവം മനുഷ്യാണാം ത്രിവൎഗ്ഗഫലസാധനം. 2
ക്രൌഞ്ചപൎവ്വതവിദ്ധ്വംസീ ബൎഹികുക്കുടവാഹനഃ
താരകാരിശ്ശക്തിധരോ ദേവസേനാധിപഃ പ്രഭുഃ. 3

കുന്നു. 56. കോഴി, ആട് ഇവയുടെ മാംസം, ചോര ഇവ കൊണ്ടും മധുകുംഭങ്ങളാലും പ്രതിദിനം ഈ ദേവിയെ 'അടികൾ' എന്ന വകക്കാർ പൂജിക്കുന്നു. 57. ദേവിയുടെ ഭയങ്കരമായ സ്വരൂപത്തിന്റെ സമഷ്ടിയായ വൎണ്ണനം.

ദേവീപ്രീതിക്കാണെന്ന അന്ധവിശ്വാസത്തോടെ അനേകംപേർ ചേൎന്നു ആചരിച്ചുവരുന്ന "കൊടുങ്ങല്ലൂർ ഭരണി" എന്ന കുത്സിതമായ ആ ആരാധന, ഹാ! കഷ്ടം! —ഇന്നും നിലനിന്നു പോരുന്നു!!

എന്ന് പത്താമദ്ധ്യായം.

പതിനൊന്നാമദ്ധ്യായം

ഹരിപ്പാട്ട് ക്ഷേത്രം: 1—8.

1. ഹരിഗീതപുരം=ഹ-(അ)രിപ്പാട്ട് 2. അവിടെ സാക്ഷാൽ സുബ്രഹ്മണ്യസ്വാമിയാകുന്ന പ്രതിഷ്ഠ. 3—4. സുബ്ര

നീലകണ്ഠസുതോ നീലകണ്ഠവാഹോ മഹാദ്യുതിഃ
മഹാശക്തിധരോ വീരോ ദ്വാദശാക്ഷ ഉമാസുതഃ. 4
പുഷ്യോത്സവോ വിജയതേ തിഷ്യമാസേ മഹാലയേ
ക്ഷീരധാരാ ച ശിരസി വേദമൂൎത്തേരനുത്തമാ. 5
യത്ര ശാല്യന്നനൈവെദ്യം പായസാപൂപകാദികൈഃ
കേരാദ്യപായസാദ്യൈശ്ച നൈവെദ്യം പരമാത്ഭുതം. 6
പ്രാസാദമണ്ഡപാദ്യഞ്ച സുവൎണ്ണമണിരഞ്ജിതം
ഹേമസ്തൂപീവിലസിതം സൂൎയ്യകോടിസമപ്രഭം. 7
മയൂരവാഹനഃ കേതുസ്സുവൎണ്ണമണിരഞ്ജിതഃ
വിരാജതേ പുരോഭാഗേ പ്രാകാരോ ഹേമനിൎമ്മിതഃ. 8
അഥാതഃ സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
'ശ്രീകാക്കരപുര'നാമ ക്ഷേത്രം ത്രൈലോക്യവിശ്രുതം. 9
യത്രാസൌഭ്യൎച്ചിതോ ദേവൈൎമ്മാനവൈഃ കമലാപതിഃ
മഹേശോ ദക്ഷിണേ ഭാഗേ ശ്രീവിഷ്ണുശ്ചോത്തരേ ഗൃഹേ. 10
ശോഭേതേ തൌ മഹാത്മാനൌ നിത്യമേവ സുവൎച്ചസൌ
ചതുൎഗ്ഗോപുരവൎയ്യാഢ്യം ക്ഷേത്രമത്യുത്തമോത്തമം. 11
പ്രാകാരാന്തരമത്രൈവ യോജനാൎദ്ധമിതീരിതം
അഷ്ടാവിംശത്യഹോരാത്രം സിംഹമാസേ മഹോത്സവഃ. 12

ഹ്മണ്യന്റെ വിശേഷണങ്ങൾ (മയൂരസന്ദേശത്തിലെ സന്ദേശഹാരിയായ മയൂരം ഈ അരിപ്പാട്ടുനിന്നാകുന്നു പുറപ്പെടുന്നതു്.) 5. തൈപ്പൂയത്തിന്നു് ഇവിടെ ഉത്സവവും മററുമുണ്ടു്; പാലഭിഷേകം സുബ്രഹ്മണ്യന്നു പ്രധാനമാകുന്നു. 6. വെള്ള, പായസം, അപ്പം, കദളിപ്പഴം, ത്രിമധുരം തുടങ്ങിയവ പ്രധാനനിവേദ്യങ്ങൾ. 7—8. ക്ഷേത്രവൎണ്ണനം.

തൃക്കാക്കര ക്ഷേത്രം: 9—30.

9. ശ്രീകാകരപുരം=തൃക്കാക്കര 10. ഇവിടെ വിഷ്ണുവും ശിവനുമാകുന്നു പ്രതിഷ്ഠ; തെക്കുഭാഗത്തു ശിവൻ, വടക്കുഭാഗത്തു വിഷ്ണു. 11—13. ക്ഷേത്രവൎണ്ണനം. ചിങ്ങമാസത്തിൽ തിരുവോണത്തിൻനാൾ അവസാനിക്കുന്നതും 28 ദിവസം നീണ്ടുനില്ല

ഭൂയാൻ ശ്രവണനക്ഷത്രപരമാവധികോ മതഃ
മഹോത്സവായ ഗന്തവ്യം സർവ്വൈരപി ച മാനവൈഃ. 13
ഭൂഷിതാംഗൈർഹസ്തനാമാനക്ഷത്രേ തു യഥാർഹതഃ
കേരളീയാ മഹീപാലാസ്സമാഗച്ഛന്തി ചാത്ര വൈ. 14
ചതുഷ്ഷഷ്ടിമിതഗ്രാമവാസിനാഞ്ച ദ്വിജന്മനാം
സമാവകാശഃ ക്ഷേത്രസ്മിൻ നാത്ര കാര്യാ വിചാരണാ. 15
സിംഹശ്രവണനക്ഷത്രേ മുദാ ദേവൌ ഹരീശ്വരൌ
സ്വസ്വപ്രാങ്കണദേശേഷു നിധായാർച്ചന്തി മാനവാഃ. 16
സിംഹശ്രവണമാരഭ്യ ഹസ്തമാരഭ്യ വാ പരേ
ചതുർവ്വിധാന്നൈരശ്നന്തി യഥാകാമം യഥാസുഖം. 17
ശ്രീമാൻ മഹാബലിർന്നാമ ദാനവോ ധർമ്മനൈപുണഃ
സ്വബാഹുപാലിതാമുർവ്വീം ദ്രഷ്ടുകാമഃ കിലൈഷ്യതി. 18
പുരാ മഹാബലിർന്നാമ ദാനവോ ദാനനൈഷ്ഠികഃ
ബലവാൻ പാലയാമാസ സ്വയമേവ ത്രിവിഷ്ടപം. 19
ദേവാ നിരാകൃതാസ്തേന ധർമ്മേണ ച ബലേന ച
യജന്തേ സ്മ യഥാർഹഞ്ച ക്രതവോ ഭൂരിദക്ഷിണാഃ. 20

ന്നുമായ ഒരു മഹോത്സവം ഇവിടെ നടന്നുവരുമാറുണ്ട്. 14 ചിങ്ങമാസത്തിലെ അത്തം നക്ഷത്രം ദിവസം 'അത്തച്ചമയ'ത്തിന്നായി കേരളഭൂഖണ്ഡത്തിലെ മഹാരാജാക്കന്മാരെല്ലാം ഈ തൃക്കാക്കര ക്ഷേത്രത്തിൽ ഒത്തുകൂടുക പണ്ടു പതിവായിരുന്നു. (കേരളത്തിൽ പണ്ടു് അമ്പത്താറു മഹാരാജാക്കന്മാരാണുണ്ടായിരുന്നതു്.) 15. ഈ ക്ഷേത്രത്തിന്റെ ഊരാണ്മ അന്നു് അറുപത്തിനാലു ഗ്രാമത്തിലുമുള്ള ബ്രാഹ്മണർക്കെല്ലാം കൂടിയായിരുന്നു. 16. ചിങ്ങമാസത്തിലെ തിരുവോണത്തിന്നാറും ജനങ്ങളും മുററത്തു തൃക്കാക്കരയപ്പനെ (ശിവനേയും വിഷ്ണുവിനേയും) വെച്ചുക ഇന്നും നടത്തിവരുന്നുണ്ടല്ലോ. 17. തിരുവോണം മുതല്ക്കോ അത്തം മുതല്ക്കോ (ഇതു് അധികവും ബ്രാഹ്മണസമുദായത്തിലാണു്) കേരളീയർ സദ്യകഴിക്കുന്നു; ഓണം കൊണ്ടാടുന്നു. 18—26. വാമനാവതാരമായ മഹാവിഷ്ണുവിന്റെ ജന്മനക്ഷത്രമായ ചിങ്ങ

അദിത്യാ വാമനോ ഭൂത്വാ വിഷ്ണുർബ്ബലിമഖം ഗതഃ
യാച്ഞാഛലേന ജഗതീം സംജഹാര പദൈസ്ത്രിഭിഃ. 21
ത്യക്തൈശ്വര്യോ ബലിരഥ പാതാളമധിതിഷ്ഠതി.
വരപ്രഭാവാദീശസ്യ സ്വർഗ്ഗഭോഗസുഖാന്വിതഃ. 22
ശ്രാവണശ്രവണേ വിഷ്ണോർജ്ജന്മർക്ഷേ ജഗതീതലം
ദ്രഷ്ടുകാമ ഇഹായാതി ബലിർദ്ധർമ്മപരായണഃ. 23
സുഖമശ്നന്തി മനുജാ ബലികാലേ യഥാസുഖം
തദൈവാദ്യാപി വിഭവൈശ്ചഇട്ടിനമശേഷതഃ. 24
അഷ്ടാവിംശത്യഹോരാത്രപരമാവധിഃ കാത്സാൽ
സർവ്വേഷാം കേരളീയാനാം ഭവത്യുചിതം തഥാ. 25
പ്രാപ്താശേഷമഹാരാജൈരപരൈർഭൂസുരൈരപി
ഭൂതലം നിബിഡീഭൂതം ദേവോത്സവമഹോത്സവേ. 26
ഇന്ദ്രകുസുമസമഃ കേതുസ്സപതാകോ ദിവം ഗതഃ
വിരാജതേ പുരോഭാഗേ തപ്തചാമീകരപ്രഭഃ. 27
ശംഖഭേരീനിനാദശ്ച പടഹാദിരവസ്തഥാ
ഉൽപ്ലുഷ്യതി സതാളഞ്ച ദിവമുല്ലംഘ്യ സത്വരം. 28
നിത്യം ശാല്യന്നനൈവേദ്യം ഗുളമിശ്രിതപായസം
നാളികേരസിതാക്ഷീരപായസം ച നിവേദ്യതേ. 29
പ്രാസാദമണ്ഡപാദ്യഞ്ച സ്വർണ്ണമണിരഞ്ജിതം
പ്രാകാരഗോപുരാദ്യഞ്ച ദിവമുല്ലംഘ്യ ഗച്ഛതി. 30
അഥാന്യസ്സമ്പ്രവക്ഷ്യാമി സംക്ഷേപേണ കഥാന്തരം
"ശിലാപുരശരീ" നാമ ദുർഗ്ഗാദേവീ വിരാജതേ. 31

മാസത്തിലെ തിരുവോണവും മഹാബലി അതിനോടു സംബന്ധപ്പെട്ടിട്ടുള്ളതും മററും വർണ്ണിച്ചിരിക്കുന്നു. 27—28. ക്ഷേത്രവർണ്ണനം. 29. വെല്ലം, പായസം, പഞ്ചാരപ്പായസം മുതലായവ നിവേദ്യങ്ങൾ. 30. ക്ഷേത്രവർണ്ണനം.

31—32. 'ശിലാപുരം'

എന്ന മറെറാരു ക്ഷേത്രം. ഇവിടെ ദുർഗ്ഗാഭഗവതിയാകുന്നു പ്രതിഷ്ഠ. ഒരു ശിലാദ്വാരത്തിലാണ് ഈ ദേവിയുടെ വാസം.

ശിലോദരഗതാ നിത്യം ഭുക്തിമുക്തിവരപ്രദാ
ജയത്യതിതരാമത്ര ജനാനാമഘഹാ സ്വയം 32
“ശ്രീകാരപൂര” സംജ്ഞഞ്ച ക്ഷേത്രമത്യുത്തമോത്തമം
യത്രാസ്തേ ഭഗവാൻ രുദ്രഃ സർവ്വാപദ്ഭാവപാവകഃ. 33
ലോകസംരക്ഷണാർത്ഥം സ ദേവോ ഹ്യത്ര പ്രതിഷ്ഠിതഃ
പുരാ ഭാർഗ്ഗവരാമേണ സാക്ഷാല്ലോകൈകനായകഃ. 34
ഇന്ദ്രാദിഭിഃസ്സേവ്യമാനോ മനുജൈരപി സന്തതം
പാർവ്വത്യാ സഹ ഗൌരീശ ആസ്തേ തത്ര ദയാനിധിഃ. 35
വരദാഭയഹസ്തശ്ച പരമാത്മാ സനാതനഃ
വേദമൂർത്തിഃ സേവ്യതേ ഹി ദേവൈസ്സഷീശ്വരൈരപി. 36
പ്രത്യക്ഷേ സതി ദേവേശേ നൃണാം കോ നു വിപൽഗണഃ
ഭൃത്യാത്മാനമപി യോ മഹാകാരുണികോ ഹരഃ. 37
ശ്രീകാരപൂരനാഥോയം ലോകപാലനതത്പരഃ
ജനാനാമാമയൌഘഘ്നസ്സഹസാസ്സുക്ഷിഗോചരഃ. 38
പുരാ മ്ലേച്ഛഗണാത് ത്രസ്തമസച്ഛാസ്ത്രാനുവർത്തിനഃ
കൃപാനിധിർബ്രാഹ്മകുലം രരക്ഷ ഭഗവാനയം. 39
ധർമ്മതഃ പാല്യമാനേ തു ബാണഭൂപേന ഭൂതലേ
സർവ്വജ്ഞമാനിനഃ പ്രാപ്യ സർവ്വജ്ഞാ വാക്യമബ്രുവൻ. 40.
സുഗതാസ്തേ വാദപരാ ബ്രാഹ്മണൈർവ്വേദപാരഗൈഃ
ഊചുഃ ശാസ്ത്രം ബ്രാഹ്മണാനാം മിഥ്യാഃ നസ്സത്യമേവ ഹി. 41
വേദശ്ചാപ്യർത്ഥികാസ്മാകം സത്യവേദ ഇതീര്യതേ

ഇനി ഈ അദ്ധ്യായം മുഴുവനും ‘കാരപൂരം’ എന്ന ക്ഷേത്രത്തെപ്പററിയാകുന്നു—

33. ‘കാരപൂരം’ എന്ന ക്ഷേത്രത്തിൽ സാക്ഷാൽ രുദ്രനാകുന്നു പ്രതിഷ്ഠ. 34. ഈ മൂർത്തിയേയും ഭാർഗ്ഗവരാമൻതന്നെയാണു പ്രതിഷ്ഠിച്ചിട്ടുള്ളതു്. 35. ഇവിടെ സാക്ഷാൽ പാർവ്വതിയും ഉണ്ടു്. 33—38. കാരപൂരനാഥന്റെ മാഹാത്മ്യവർണ്ണനം. 39. പണ്ടു മ്ലേച്ഛന്മാരിൽനിന്നു ബ്രാഹ്മണരെ ഈ ദേവൻ രക്ഷിച്ചിട്ടുണ്ടു്. ഇനി ആ കഥ പറയുന്നു. 40—44. പണ്ടു ബൊ

വേദേ പ്രണിഹിതം ശാസ്ത്രം നൈവ മിത്ഥ്യാ ഹി നഃ പ്രഭോ.
ഇഹൈവാനീയ ഭൂദേവാനസ്മാകം ശാസ്ത്രകോടിഭിഃ
പരീക്ഷ്യ യൽ സത്യമേവ ലോകേ തൽ ഖ്യാപയ സ്വയം. 43
ബ്രാഹ്മണാനാമസച്ഛാസ്ത്രം ജനദുർബ്ബോധകാരണം
ക്ഷപിതവ്യം ത്വയാ ഭൂപ മിത്ഥ്യാചാരപ്രചാരകം. 44
തേഷാം മത്സരിണാം വാചോ നിശമ്യ വസുധാധിപഃ
ബൌദ്ധപക്ഷം സമാശ്രിത്യ ബ്രാഹ്മണാനാനയൽ സഭാം. 45
അഥാഹ ച മഹീദേവാനസൌ ബാണമഹീപതിഃ
ശൃണുദ്ധ്വം ബ്രാഹ്മണാസ്സർവ്വേ വചനം ശാസ്ത്രഗൌരവാൽ. 46
ഇമാൻ പശ്യത ഭൂദേവാ യവനാൻ, ശാസ്ത്രവിത്തമാൻ
യുഷ്മാഭിസ്സഹ ശാസ്ത്രാർത്ഥവിവാദായ സമാഗതാൻ. 47
അഹം ശ്രോതും ഹി മദ്ധ്യസ്ഥോ ഭവന്തോ വിവദന്ത്വലം
ദ്വിപക്ഷയോരസച്ഛാസ്ത്രം സ്വീകാര്യം ന മയാ ഖലു. 48
സർവ്വജ്ഞത്വം സമ്പ്രകാശ്യ സർവ്വജ്ഞേഷു യഥാബലം
വിജേതവ്യാ ഭവത്ഭിസ്തു സ്വശാസ്ത്രൈർയ്യവനേശ്വരാഃ. 49
നോ ചേദ്വശ്ശാസ്ത്രമഖിലം നിഷ്ഫലം ഹി ഭവിഷ്യതി
ഇതി വിജ്ഞാപിതാ വിപ്രാ ബഭൂവുർജ്ജാതസംഭ്രമാഃ. 50
വാദേ കാലപരിച്ഛേദം ചത്വാരിംശദിനാവധിം
നിയമ്യ ജഗ്മുർഭൂദേവാ യത്ര കാന്തപുരേശ്വരഃ. 51

ണൻ എന്ന രാജാവു നീതിന്യായങ്ങളെ അനുസരിച്ചു രാജ്യഭാരം ചെയ്തുകൊണ്ടിരുന്ന കാലത്തു ബുദ്ധമതാനുയായികളായ ചിലർ വന്നു, 'ബ്രാഹ്മണരുടെ വേദം കളവാണു്; ഞങ്ങളുടെ നാലാം വേദമാണു സത്യമായിട്ടുള്ളതു്; ബ്രാഹ്മണരെ വരുത്തി അവരുടേതും ഞങ്ങളുടേതുമായി പരീക്ഷിച്ചു നോക്കി സത്യമെന്നു തോന്നുന്നതു പ്രചരിപ്പിക്കുക; മറേറതു നശിപ്പിച്ചു കളയുക!" എന്നെല്ലാം രാജാവിനോടു പറഞ്ഞു. 45–51. ബൌദ്ധപക്ഷത്തെ ആശ്രയിച്ചു രാജാവു അപ്പോൾത്തന്നെ ബ്രാഹ്മണരെ വരുത്തി, 'നിങ്ങളും ഇവരുമായി ഒന്നു വാദിച്ചു നോക്കുക; ഞാനാണു മദ്ധ്യസ്ഥൻ; നിങ്ങൾ ഈ ബൌദ്ധന്മാരെ തോല്പിക്കാത്തപ

ഭജന്ത ഏവാ തം ശംഭുമേഷുസ്ഥിത മഹീസുരാഃ
തസ്മിൻ കാലേ മഹായോഗീ കോപി ദൈവാത്സമാഗതഃ. 52
ഉവാച യോഗീ ഭൂദേവാൻ ജംഗമോ നാമ താപസഃ
മാമാ വിഷാദഃ കർത്തവ്യാ ഭവത്ഭിർബ്ബ്രാഹ്മണോത്തമാഃ! 53
ദീപം നിക്ഷിപ്യ ദേവസ്യ പുരോഭാഗേ യഥാർഹതഃ
ദീപപ്രദക്ഷിണം കാര്യം ഭവത്ഭിഃ സ്തോത്രമുത്തമം. 54
ചതുഷ്ഷാദാഭിധന്നാമ ചതുർവ്വേദാക്ഷരോദിതം
ജപദ്ഭിസ്സസ്വരം രാത്ര്യാം കാര്യം ദീപപ്രദക്ഷിണം. 55
ചത്വാരിംശദ്ദിനം കാര്യമേവം ദീപപ്രദക്ഷിണം
അതോനേക ദുഃഖശാന്തിസ്സ്യാന്നാത്ര കാര്യാ വിചാരണാ. 56
ഏവമുക്ത്വാ ഗതോ യോഗീ സിദ്ധയോഗീ യഥാഗതം
ഭൂസുരാസ്തേ യഥാദേശം ചക്രുസ്സംഹൃഷ്ടമാനസാഃ. 57
ചതുഷ്ഷാദാത്മകം സ്തോത്രം വൈദികം ബ്രാഹ്മണോത്തമാഃ
ജപന്തസ്സസ്വരം രാത്ര്യാം ചക്രുർദ്ദീപപ്രദക്ഷിണം. 58
ധ്യായന്തഃ കരുണാ സിന്ധും ദേവദേവമുമാപതിം
ശ്രീകാരപൂരനാഥന്തം ഭേജിരേ ഭക്തിപൂർവ്വകം. 59
ദിവസേഷു ഗതേഷ്വേവം കേഷുചിദ്ദൈവചോദിതാഃ
പരദേശാദുപാജഗ്മുർബ്ബ്രാഹ്മണാശ്ശാസ്ത്രപാരഗാഃ. 60
തേ കാരപുരമാഗത്യ വിപ്രാനാഹൂയ സാദരം
ഊചുർന്നൈവ വ്യഥാ കാര്യാ സാധിതം കാര്യമത്ര വഃ. 61
യത്ര രാജാ സുദുർബ്ബുദ്ധിർവ്വിപ്രവൈരസ്സഹവർത്തതേ
ഗന്തവ്യമത്ര യുഷ്മാഭിഃ സഹാസ്മാഭിസ്സഹായിഭിഃ. 62

ക്ഷം നിങ്ങളുടെ വേദത്തിനു വിലയില്ലേ?; എന്നെല്ലാം ബ്രാഹ്മണരോടു കല്പിച്ചു. അവർ വല്ലാതെ സംഭ്രമിച്ചു വാദത്തിനു നാല്പതു ദിവസത്തെ അവധിയും നിശ്ചയിച്ചു കാരപുരശംകരസന്നിധിയിലേക്കു ഗമിച്ചു. 52—64. അവർ അവിടെ ഭജിച്ചുകൊണ്ടിരിക്കെ ഒരു യോഗി വന്നു ചതുഷ്ഷാദം എന്ന മന്ത്രം ജപിച്ചുകൊണ്ടു ഒരു വിളക്കിനെ പ്രദക്ഷിണം ചെയ്യുവാൻ അവരോടു ഉപദേശിക്കയും അങ്ങിനെ അവർ അനുഷ്ഠിച്ചതിൽ പ്പിന്നെ പരദേശ

